തിരുവനന്തപുരം ലത്തീൻ അതിരൂപത പ്രസിദ്ധീകരണം

ജീവനും വെളിച്ചവും

ഒക്ടോബർ 2026



കത്തോലിക്കാ സഭയിൽ ദാരിദ്ര്യത്തിന്റെയും, ആത്മീയതയുടെയും, സ്നേഹത്തിന്റെയും, മാതൃക കാട്ടിയ അസ്സീസിയിലെ വിശുദ്ധ ഫ്രാൻസിസിന്റെ 800-ാം ചരമവാർഷികം 2026 ഒക്ടോബർ 4-ന് സഭ ആചരിക്കുന്നു.


MARIAN EDUCITY

(Managed by Latin Archdiocese of Trivandrum)

LEARN
CREATE
INNOVATE
BELONG

Nurturing a Habit of Excellence

Education for a Brighter Tomorrow









BUILDING
SKILLS FOR
A BETTER TOMORROW

MARIAN ENGINEERING COLLEGE (AUTONOMOUS)

Courses Offered

B.TECH

- Civil Engineering
- Mechanical Engineering
- Computer Science & Engineering
- Electronics & Communication Engineering
- Electronics & Computer Engineering
- Electrical & Electronics Engineering
- Electrical & Computer Engineering
- Artificial Intelligence & Machine Learning

M.TECH

- Geo-Technical Engineering

MARIAN BUSINESS SCHOOL (MBS)

(AUTONOMOUS)

Master of Business Administration (MBA)

5-YEAR DUAL-DEGREE PROGRAM

(AUTONOMOUS)

Integrated MCA (after +2)

MARIAN COLLEGE OF ARTS & SCIENCE (MCAS)

Courses Offered

Undergraduate Programmes

- B.Com
- B.Sc Zoology
- BBA
- BA English Language & Literature
- B.Sc Geography
- B.Sc Computer Science

MARIAN CRAFT AND ARTS CENTRE OF EXCELLENCE (MCAC)

Courses Offered

MARIAN COLLEGE OF ARCHITECTURE & PLANNING (MCAP)

Courses Offered

Bachelor of Architecture (B.Arch)

MARIAN SCHOOL OF DESIGN

Bachelor of Design (B.Des)

Diploma

- Electrical & Electronics Technology
- Advanced Welding Technology
- DCA (Diploma in Computer Applications)

Certification

- SMAW / GTAW / MIG / TIG
- Word Processing
- Financial Accounting
- Word Processing
- Data Entry Operator

LITTLE FLOWER FOOTBALL ACADEMY (LiFFA)

- LiFFA SOCCER SCHOOL

Discover Your Potential

M.CAP

MARIAN BUSINESS SCHOOL TRIVANDRUM

Kazhakuttom,
Thiruvananthapuram- 695582

91-471-2707111,
9495707111,9495707222

www.marian.ac.in

mail@marian.ac.in,
educity@marian.ac.in

NBA ACCREDITED

ജീവനും വെളിച്ചവും

തിരുവനന്തപുരം ലത്തീൻ അതിരൂപത പ്രസിദ്ധീകരണം
2026 ഒക്ടോബർ | പുസ്തകം 74 | ലക്കം 10

രക്ഷാധികാരി: മോസ്റ്റ്. റവ. ഡോ. തോമസ് ജെ. നെറ്റോ

സഹരക്ഷാധികാരി: റൈറ്റ്. റവ. ഡോ. ക്രിസ്തുദാസ് ആർ., മോൺ. യൂജിൻ എച്ച്. പെരേര

ഉപദേശക സമിതി: റവ. ഡോ. ലോറൻസ് കുലാസ്, റവ. ഡോ. ഗ്ലാഡിൻ അലക്സ്, ഫാ. സൈറസ് കളത്തിൽ, ഫാ. ആഷ്ലിൻ ജോസ്, ഫാ. സിൽവസ്റ്റർ കുരിശ്, ഫാ. ലൂസിയാൻസ് തോമസ്, ഫാ. ബീഡ് മനോജ്, ഫാ. റിച്ചാർഡ് സഖറിയാസ്, ഫാ. ഡാർവിൻ ഫെർണാണ്ടസ്, ഫാ. സനീഷ് എസ്. എം., ഫാ. നിജു അജിത്ത്, ഫാ. ഫ്രെഡി സോളമൻ

പത്രാധിപർ: ഫാ. പ്രബൽ ജോസഫ് പെരേര, **സഹ പത്രാധിപർ:** ബർഗ്മാൻ തോമസ്

പത്രാധിപ സമിതി: മോൺ. ജയിംസ് കുലാസ്, ഇഗ്നേഷ്യസ് തോമസ്, സുനിൽ സി. ഇ., ഡോ. ഐറിസ് കൊയ്ലിയോ, ജോൺസൺ റോച്ച്

കവർ & ലേ-ഔട്ട്: സതീഷ് ജി.

മുഖവിചാരം

ഒരു സമൂഹത്തിന്റെ യഥാർത്ഥ പുരോഗതി അളക്കേണ്ടത് കെട്ടിടങ്ങളുടെ ഉയരത്തിലോ സാങ്കേതികവിദ്യയുടെ വളർച്ചയിലോ അല്ല; ആ സമൂഹത്തിലെ സ്ത്രീകൾക്ക് എത്രമാത്രം സ്വാതന്ത്ര്യത്തോടെ ജീവിക്കാനും പഠിക്കാനും ജോലി ചെയ്യാനും സ്വന്തം കഴിവുകൾ വികസിപ്പിക്കാനും തീരുമാനങ്ങൾ എടുക്കാനും കഴിയുന്നു എന്നതിലാണ്. സ്ത്രീയുടെ സ്വാതന്ത്ര്യം ഒരു ആധുനിക ആഡംബരമല്ല. അത് മനുഷ്യവ്യക്തിത്വത്തിന്റെ അടിസ്ഥാന അവകാശമാണ്. എന്നാൽ ചരിത്രത്തിലേക്ക് തിരിഞ്ഞുനോക്കുമ്പോൾ, സ്ത്രീയുടെ സ്വാതന്ത്ര്യത്തെ നിയന്ത്രിച്ച നിരവധി മതപരവും സാമൂഹിക വുമായ വ്യവസ്ഥകൾ കാണാനാവും. കാലവും സംസ്കാരവും മാറിയിട്ടും പഴയ ചില ചിന്താഗതികൾ പുതിയ രൂപങ്ങളിൽ ഇന്നും നിലനിൽക്കുന്നുണ്ടോ എന്ന ചോദ്യം ഗൗരവമായിത്തന്നെ ചോദിക്കേണ്ടതുണ്ട്. ഇതിന്റെ ചരിത്രത്തിലെ ശ്രദ്ധേയമായ ഒരു ഉദാഹരണമാണ് മനുസ്മൃതി. സ്ത്രീയുടെ സ്വാതന്ത്ര്യത്തെക്കുറിച്ച് അതിൽ വളരെ വ്യക്തമായ ചില വാക്യങ്ങൾ കാണാം. മനുസ്മൃതി 9:3-ൽ പറയുന്നത്: "പിതാ രക്ഷതി കൗമാരേ, ഭർത്താ രക്ഷതി യൗവനേ, പുത്രോ രക്ഷതി വാർധക്യേ, ന: സ്ത്രീ സ്വാതന്ത്ര്യമർഹതി." അർത്ഥം: ബാല്യത്തിൽ പിതാവ് സ്ത്രീയെ സംരക്ഷിക്കുന്നു; യൗവനത്തിൽ ഭർത്താവ്; വാർധക്യത്തിൽ പുത്രന്മാർ. സ്ത്രീ സ്വാതന്ത്ര്യത്തിന് അർഹയല്ല. ഒരു ഗ്രന്ഥം പുരാതനമാണെന്ന കാരണത്താൽ അതിലെ എല്ലാ സാമൂഹിക നിർദേശങ്ങളും ഇന്നും അനുകരണീയമാകണമെന്നില്ല. മനുഷ്യന്റെ അന്തസ്സിനും സ്വാതന്ത്ര്യത്തിനും വിരുദ്ധമായ ആശയങ്ങളെ കാലത്തിന്റെ വെളിച്ചത്തിൽ പുനഃപരിശോധിക്കേണ്ടത് അനിവാര്യമാണ്.

ഇവിടെ മറ്റൊരു പ്രധാന ചോദ്യം ഉയരുന്നു: കാലം മുന്നോട്ടുപോയപ്പോൾ ഇത്തരം ചിന്തകൾ പൂർണമായി അപ്രത്യക്ഷമായോ? ഉത്തരം അത്ര ലളിതമല്ല. പേരുകൾ മാറിയേക്കാം. വേഷങ്ങൾ മാറിയേക്കാം. ഭാഷ മാറിയേക്കാം. എന്നാൽ സ്ത്രീയുടെ വിദ്യാഭ്യാസം നിയന്ത്രിക്കുക, അവൾക്ക് തൊഴിൽ ചെയ്യാനുള്ള അവകാശം നിഷേധിക്കുക, അവളുടെ സഞ്ചാരസ്വാതന്ത്ര്യത്തിന് അനാവശ്യ നിയന്ത്രണങ്ങൾ ഏർപ്പെടുത്തുക, ജീവിതത്തിലെ പ്രധാന തീരുമാനങ്ങൾ എടുക്കാനുള്ള അവകാശം മറ്റൊരാളുടെ കൈകളിൽ ഏല്പിക്കുക തുടങ്ങിയ ചിന്തകൾ ഇന്നും ലോകത്തിന്റെ വിവിധ ഭാഗങ്ങളിൽ വ്യത്യസ്ത രൂപങ്ങളിൽ കാണപ്പെടുന്നു.

ഇവിടെ പ്രശ്നം മതത്തിന്റെ പേരിലാണോ, സംസ്കാരത്തിന്റെ പേരിലാണോ, പുരുഷാധിപത്യത്തിന്റെ പേരിലാണോ എന്നത് രണ്ടാമത്തെ ചോദ്യം. ഒന്നാമത്തെ ചോദ്യം ഇതാണ്: സ്ത്രീ ഒരു പൂർണ മനുഷ്യവ്യക്തിയാണോ? അതെ എന്നാണ് ഉത്തരം എങ്കിൽ, അവൾക്ക് വിദ്യാഭ്യാസത്തിനുള്ള, ജോലി ചെയ്യാനുള്ള, സ്വന്തം കഴിവുകൾ വികസിപ്പിക്കാനുള്ള അവകാശവും വേണം. സ്വന്തം ജീവിതത്തെക്കുറിച്ച് ഉത്തരവാദിത്വത്തോടെ തീരുമാനമെടുക്കാനുള്ള സ്വാതന്ത്ര്യവും വേണം. സ്ത്രീയെ 'സംരക്ഷിക്കുന്നു' എന്നപേരിൽ അവളുടെ സ്വാതന്ത്ര്യം എടുത്തുകളയുന്നത് യഥാർത്ഥ സംരക്ഷണമല്ല. സംരക്ഷണവും നിയന്ത്രണവും തമ്മിലുള്ള വ്യത്യാസം വളരെ പ്രധാനമാണ്. ഒരാളുടെ സുരക്ഷ ഉറപ്പാക്കുന്നത് സ്നേഹത്തിന്റെ ഭാഗമായേക്കാം; എന്നാൽ അതിന്റെ പേരിൽ അയാളുടെ സ്വാതന്ത്ര്യം നിഷേധിക്കുന്നത് അധികാരത്തിന്റെ പ്രകടനമായി മാറാം.

ഇന്നത്തെ ലോകത്ത് പെൺകുട്ടികൾ സർവകലാശാലകളിൽ പഠിക്കുന്നു. ശാസ്ത്രജ്ഞരാകുന്നു. ഡോക്ടർമാരാകുന്നു. അധ്യാപകരാകുന്നു. ജഡ്ജിമാരാകുന്നു. പൈലറ്റുമാരാകുന്നു. ഭരണാധികാരികളാകുന്നു. മാധ്യമപ്രവർത്തകരാകുന്നു. സംരംഭകരാകുന്നു. കുടുംബത്തെയും സമൂഹത്തെയും ഒരുപോലെ രൂപപ്പെടുത്തുന്ന ശക്തികളായി അവർ മാറുന്നു. അതിനാൽ പെൺകുട്ടിയോട്, 'നീ പഠിക്കേണ്ടതില്ല, നീ ജോലി ചെയ്യേണ്ടതില്ല, നിന്റെ ജീവിതത്തിലെ തീരുമാനങ്ങൾ മറ്റാരെങ്കിലും എടുക്കട്ടെ' എന്നുപറയുന്ന ഏതൊരു സാമൂഹികമോ മതപരമോ ആയ വ്യാഖ്യാനത്തെയും ചോദ്യം ചെയ്യേണ്ടതുണ്ട്. കാരണം, വിദ്യാഭ്യാസം നിഷേധിക്കുന്നത് ഒരു പുസ്തകം നഷ്ടപ്പെടുത്തുന്നതുപോലെയല്ല; ഒരു വ്യക്തിയുടെ സാധ്യതകളെയാണ് അടച്ചുപൂട്ടുന്നത്.

ഒരു സ്ത്രീ സ്വതന്ത്രയാകുമ്പോൾ പുരുഷൻ പരാജയപ്പെടുന്നില്ല. മറിച്ച് കുടുംബവും സമൂഹവും കൂടുതൽ ശക്തിപ്രാപിക്കുന്നു. വിദ്യാഭ്യാസമുള്ള അമ്മ അടുത്ത തലമുറയെ വിദ്യാഭ്യാസമുള്ളവരാക്കുന്നു. സാമ്പത്തികമായി സ്വതന്ത്രയായ സ്ത്രീ കുടുംബത്തിന്റെ സുരക്ഷ വർധിപ്പിക്കുന്നു. തീരുമാനമെടുക്കാൻ കഴിയുന്ന സ്ത്രീ സമൂഹത്തിൽ ഉത്തരവാദിത്വമുള്ള പൗരയായി മാറുന്നു. അതുകൊണ്ട് സ്ത്രീയുടെ സ്വാതന്ത്ര്യം ആരെങ്കിലും അവൾക്ക് 'നൽകേണ്ട' ഒന്നല്ല. അത് അവളുടെ മനുഷ്യാന്തസ്സിൽനിന്നുതന്നെ ഉദിക്കുന്ന അവകാശമാണ്. ഒരു സമൂഹം യഥാർത്ഥത്തിൽ സംസ്കൃതമാകുന്നത് സ്ത്രീയെ എത്രമാത്രം നിയന്ത്രിക്കുന്നു എന്നതുകൊണ്ടല്ല; അവൾക്ക് എത്രമാത്രം സ്വതന്ത്രമായി ചിന്തിക്കാനും പഠിക്കാനും പ്രവർത്തിക്കാനും തന്റെ ജീവിതത്തിന്റെ ഉത്തരവാദിത്വം ഏറ്റെടുക്കാനും അവസരം നൽകുന്നു എന്നതുകൊണ്ടുകൂടിയാണ്. •

www.latinarchdiocesetrivandrum.org, www.archtvmnews.com

വില 30 രൂപ | വാർഷിക വരിസംഖ്യ- 360/-
അക്കൗണ്ട് വിവരം:
Editor, Jeevanum Velichavum
A/c No. 57027220934, IFSC- SBIN0070308
State Bank of India, Sasthamangalam

ആർച്ച്ബിഷപ്സ് ഹൗസ്
വെള്ളയമ്പലം,
തിരുവനന്തപുരം- 695 003
0471- 2724001
jeevanumvelichavum@gmail.com



കടലപകടവും ഉപജീവനവും

ലൂസി തോമസ്, താഴമ്പള്ളി

സെപ്റ്റംബർ ലക്കത്തിലെ മുഖവിചാരം ചിന്തനീയം. മത്സ്യത്തെ ആശ്രയിച്ച് ഉപജീവനം കഴിക്കുന്നവരാണ് മത്സ്യത്തൊഴിലാളികൾ. അവരുടെ മുഖ്യ തൊഴിലിടം കടലാണ്. മുതലപ്പൊഴി മത്സ്യബന്ധന തുറമുഖത്തിന്റെ നിർമാണ അപാകതയാണ് അവിടത്തെ അപകടങ്ങൾക്ക് പ്രധാന കാരണം എന്ന് ഇതിനോടകം എല്ലാ പേർക്കും അറിയാം. അതുപോലെ കടൽ ഒരിക്കലും സുരക്ഷിതമല്ല. എപ്പോൾ വേണമെങ്കിലും അപകടം സംഭവിക്കാം.

തീരദേശങ്ങളിൽ തുറമുഖം ഇല്ലാത്ത കാലത്തും കടലാക്രമണങ്ങൾ പതിവായിരുന്നു, അതുകൊണ്ടുതന്നെ എപ്പോൾ വേണമെങ്കിലും അപകടം പ്രതീക്ഷിക്കാം. ദേശീയ പാതകൾ, സംസ്ഥാന പാതകൾ എന്തിനേറെ പഞ്ചായത്ത് റോഡുകളിൽപോലും അപകടവും മരണങ്ങളും പതിവായിരിക്കുന്നു. സംരക്ഷിക്കേണ്ടവർ സുരക്ഷിതരായിരിക്കുകയും സംരക്ഷിക്കപ്പെടേണ്ടവർ നിത്യ ദുരിതത്തിലായിരിക്കുകയും ചെയ്യുന്ന സമകാലിക ജീവിതാവസ്ഥ. സത്യം പറഞ്ഞ പത്രാധിപർക്കും ജീവനും വെളിച്ചത്തിനും അഭിനന്ദനങ്ങൾ...

'നേർക്കാഴ്ച'യുടെ നിരീക്ഷണങ്ങൾ ശ്രദ്ധേയം

നോയൽ പാടിക്, ശ്രീകര്യം

കഴിഞ്ഞ ലക്കം 'നേർക്കാഴ്ച' നടത്തിയ നിരീക്ഷണങ്ങൾ ശ്രദ്ധേയമാണ്. എന്നാൽ SIR പോലുള്ള വോട്ടർപട്ടികയുടെ പുനഃപരിശോധനയെ ഒരു രാഷ്ട്രീയ നിറത്തിലൂടെ മാത്രം കാണാതെ, തിരഞ്ഞെടുപ്പ് സംവിധാനത്തിന്റെ വിശ്വാസ്യതയും സുതാര്യതയും ഉറപ്പാക്കുന്നതിനുള്ള നിയമപരമായ നടപടിയായി കൂടി കാണേണ്ടതാണ്. അർഹരായ പൗരന്മാരുടെ വോട്ടവകാശം സംരക്ഷിക്കുന്നത് പ്രധാനമാണ്; അതോടൊപ്പം അനർഹരുടെ പേരുകൾ വോട്ടർപട്ടികയിൽ ഉൾപ്പെടാതിരിക്കാനുള്ള ജാഗ്രതയും ആവശ്യമാണ്. അനധികൃത കടിയേറ്റവും വ്യാജ രേഖകളുടെ ഉപയോഗവും ഗൗരവത്തോടെ പരിഗണിക്കേണ്ട വിഷയങ്ങളാണ്.വോട്ടർപട്ടികയിൽ പേര് ഉൾപ്പെടുത്തുന്നതിനും തിരുത്തുന്നതിനും ആവശ്യമായ അവസരങ്ങൾ പൊതുജനങ്ങൾക്ക് നൽകുമ്പോൾ, അവ പ്രയോജനപ്പെടുത്തുന്നതിനുള്ള ഉത്തരവാദിത്വവും ഓരോ പൗരനുമുണ്ട്. അതേസമയം, അർഹരായ ഒരാളുടെയും പേര് അന്യായമായി ഒഴിവാക്കാതിരിക്കാനുള്ള ജാഗ്രത അധികാരികളും പുലർത്തേണ്ടതാണ്.

മരിച്ചവരുടെ പേരുകൾ നീക്കം ചെയ്യുന്നതും ഒരേ വ്യക്തിയുടെ പേര് ഒന്നിലധികം മണ്ഡലങ്ങളിൽ ആവർത്തിക്കുന്നത് ഒഴിവാക്കുന്നതും തിരഞ്ഞെടുപ്പിന്റെ വിശ്വാസ്യതയ്ക്ക് അനിവാര്യമാണ്. NRC പോലുള്ള നടപടികളെക്കുറിച്ച് ആശങ്കയോ ഭയമോ സൃഷ്ടിക്കുന്നതിനുപകരം, അവയുടെ ലക്ഷ്യവും നിയമപരമായ നടപടിക്രമങ്ങളും വസ്തുനിഷ്ഠമായി പരിശോധിക്കുന്നതാണ് ഉചിതം. നിയമാനുസൃതമായ പരിശോധനയുടെ ലക്ഷ്യം യഥാർത്ഥ പൗരന്മാരെ ബുദ്ധിമുട്ടിക്കുകയല്ല; അർഹതയും നിയമവും ഒരുപോലെ ഉറപ്പാക്കുകയാണ്. രാജ്യതാൽപര്യം, ദേശീയസുരക്ഷ, പൗരാവകാശ സംരക്ഷണം, നിയമത്തിന്റെ തുല്യപ്രയോഗം, തിരഞ്ഞെടുപ്പിന്റെ വിശ്വാസ്യത—ഇവയെല്ലാം ഒരുമിച്ച് പരിഗണിച്ചുകൊണ്ടുള്ള സമീപനമാണ് ഈ വിഷയത്തിൽ കൂടുതൽ ഉചിതമായ 'നേർക്കാഴ്ച'.

'തുറ' വായിക്കുമ്പോൾ

ഐറിസ്

നവോത്ഥാനമൂല്യങ്ങളായ സമത്വ-സാഹോദര്യ-നീതി-സ്വാതന്ത്ര്യങ്ങളുടെയെല്ലാം പ്രകാശമാനമായ പകലുകൾക്കുമേൽ അസഹിഷ്ണുതയുടെയും സ്വാർത്ഥവിവേചനങ്ങളുടെയും അശാന്തതമസ്സ് പടരുന്ന ഒരു കാലത്തിൽ വായനയും എഴുത്തും മാനവരാശിക്ക് ആന്ധ്യമകറ്റും പോരാട്ടമാകുന്നു. നിസ്സംഗതയുടെ മുഖാവരണമണിഞ്ഞ് ചിന്തയും കർമവും തനിക്കുമാത്രം ഗുണപരമാകുന്ന വയിലേക്ക് വഴിമാറിയൊഴുകുന്ന വിചിത്രമനസ്സുകളുടെ കാലത്ത് ബെർഗ്മാൻ തോമസിന്റെ ഏറ്റവും പുതിയ എഴുത്ത് 'തുറ' എന്ന കഥ, നന്മയുടെ ഇനിയും വറ്റാത്ത നീരുറവകളിലേക്ക് പ്രതീക്ഷ പടർത്തുകയാണ്. ആ Hope എന്ന് പേരുവച്ചോടുന്ന ഓട്ടോറിക്ഷ, നന്മയെ തേടുന്ന ജീവിതസഞ്ചാരത്തിന്റെ അസമാനമായ metaphor ആയി കഥാഗതിയെത്തന്നെ നിർണയിക്കുകയാണ്.

കാലങ്ങളായി അനീതിയുടെ കടലേറ്റങ്ങളിൽ താണടിഞ്ഞ് ഏതാണ്ട് വിസ്മൃതമായിക്കൊണ്ടിരിക്കുന്ന പ്രാചീന തൊഴിൽവഴികളുടെയും കടലിന്റെ ആവാസയിടങ്ങളുടെയും അമർന്നുഞെരുങ്ങുന്ന വിലാപങ്ങളാണ് 'തുറ'യിൽ മാറ്റൊലിച്ചെത്തമാകുന്നത്. സമകാലികസംഭവങ്ങളുടെ കീഴാളരാഷ്ട്രീയം അതിസൂക്ഷ്മമായി ഇഴനെയ്യുന്ന കഥയിൽ കടലപ്പണിക്കായി ഇറങ്ങുന്ന മൈക്കിൾ എന്ന മുപ്പതുകാരൻ പറഞ്ഞുവയ്ക്കുന്നത്, ഉപജീവനത്തിനായി യുവാക്കൾക്ക് ഇന്നും കടലേ ഗതി എന്നതന്നെയല്ലേ? പരമ്പരാഗത തൊഴിലിടങ്ങളിലെ വിഭവപരിമിതികൾക്കൊപ്പം വന്നെത്താവുന്ന ഭീതിദമായ അപായങ്ങൾ കാലാവസ്ഥാവ്യതിയാനങ്ങൾ ചൂണ്ടുന്ന പ്രശ്നങ്ങളും കഥാപരിസരത്തിലുണ്ട്. കടലപ്പണിക്കിടയ്ക്ക് അപായപ്പെട്ടാൽ കരയുടെ നിസ്സംഗത മൂന്നാംപക്കം കാക്കുകയാണ്. ആശ്രിതരുടെയും പ്രതീക്ഷ കൈവിടാത്ത കാത്തിരിപ്പാണ് തീരം... ഒരുവിളിപ്പാടകലെ നഗരത്തിന് ഇതൊരു സ്വാഭാവികവാർത്ത... അത്യാധുനിക സാങ്കേതികവിദ്യയാൽ അയൽനാടുകളിലേക്ക് പ്രഹരം കൃത്യമായെത്തിക്കാനാവുന്ന ഒരു നാടിന് സ്വന്തം പൗരന്മാരുടെ ജീവസുരക്ഷയിൽ എത്ര അനാസ്ഥയാണുള്ളത്! Survival of the fittest എന്ന അതിജീവനപ്പോരാട്ടത്തിൽ പരാജിതർ ചിലർ മാത്രമാവുന്നു... എന്നും!

എന്നിട്ടും ഇന്നുമിത്തിരി കരുണത്തുരുത്തുകൾ അരികുകളിൽ അവശേഷിക്കുന്നതുകൊണ്ട് കടലിൽ മാഞ്ഞുപോകാമായിരുന്ന മൈക്കിൾ മൂന്നാം പക്കംതന്നെ ചങ്ങാതിമാരുടെയൊപ്പം കരകാണുന്നു. ആർദ്രത പരാജിതന്റെ വികലമായ മനസ്സെന്ന് വിലയിരുത്തുന്ന ക്രൗര്യങ്ങൾക്കിടയിൽ തുറ ഒരു ബദൽ സാമൂഹികപാഠമാകുന്നു. അതെ, സമൂഹത്തെ അക്ഷരങ്ങളിലേക്ക് ചാലിച്ചെടുക്കുന്ന സാഹിത്യം സാമൂഹികപാഠമാണ്. ക്ലാസ്സുമുറികളിൽ ഒരിക്കലും വായിക്കപ്പെടാത്ത നേരിന്റെ വർത്തമാനങ്ങൾ എഴുത്തുകളിൽ പുതഞ്ഞുകിടപ്പുണ്ട് . പ്രാതിനിധ്യം നാമമാത്രമായിപ്പോകുന്ന ഒരു ജനത്തിന്റെ ചരിത്രം ഒരു ചരിത്രകാരനും കുറിച്ചുവയ്ക്കില്ല. ഒരു തലമുറയും അത് വായിക്കില്ല. ദേശീയ-അന്തർദ്ദേശീയ അക്കാദമിക സെമിനാറുകളിലൊന്നും അത് ഒരു ചർച്ചയ്ക്കും വിഷയമാവില്ല. എന്നെങ്കിലുമൊരുകാലത്ത് എവിടെനിന്നെങ്കിലും പുതഞ്ഞുപോയ അക്ഷരങ്ങൾ തീപടർത്തി അറിയാ വാഴ്വുകളുടെ കഥ പാടും... മൺമറഞ്ഞ നേരുകൾ ചൊല്ലിത്തരും... അതിലേക്ക് കഥയുമായി നീങ്ങാൻ നിയോഗമേറ്റവരാണ് ബർഗ്മാനെപ്പോലുള്ള എഴുത്തുകാർ.

താളുകളിൽ

ലേഖനം

6 **സങ്കീർത്തനം**
ബോബി ജോസ് കട്ടികാട്

10 **വിശുദ്ധ ക്ലാര: വിശുദ്ധരിൽ പ്രകാശമുള്ളവൾ**
ബ്രദർ ആൽഫിൻ മാൻസ് OFM Cap.

16 **വി. കൊച്ചുത്രേസ്യ: കനൽക്കട്ടയിലെ കനകപുഷ്പം**
ഫാ. ഇമ്മാനുവേൽ വൈ

18 **കൂട്ടിനൊരു കൊന്ത**
ഫാ. തോമസ് പാട്ടത്തിൽചിറ CMF

24 **പ്രത്യാശയുടെ പ്രത്യയശാസ്ത്രം**
അജിത് വെണ്ണിയൂർ

സദാപഠനം

12 **വിശുദ്ധ ബർത്തലോമിയോ: ഭാരതത്തിന്റെ അപ്പസ്തോലൻ**
പി.ജെ.പി.

ചരിത്രപഥം

28 **തിരുവനന്തപുരത്ത് നിന്ന് ഡച്ച് മണ്ണിലേക്ക്: പ്രഥമ ഇടയന്റെ സ്മൃതിപഥങ്ങളിലൂടെ ഒരു മിഷൻ യാത്ര -3**
ഫാ. ഫ്രാൻസിസ് സഹായം

കവിത

09 **ഇരുൾവെട്ടം**
ഫാ. ബിജോയ് കെ. സി.

കഥ

32 **പിറന്നാൾ സമ്മാനം**
ക്രിസ്റ്റുദാസ് ജോസ്

ടാക്കീസ്

30 **മനസ്സിന്റെ ചരടുപൊട്ടിച്ച വിചാരങ്ങൾ**
സുനിൽ സി. ഇ.

നേർക്കാഴ്ച

42 **കേരളം വലിയ വരൾച്ചയിലേക്ക്?**
ജെ. സി.

21 **കാനോൻ നിയമം**


22 **സ്റ്റുഡൻസ് ഫോറം യോഗസഹായി**

35 **വാർത്തകൾ**

36 **വചനജ്വാല: ബിസിസി യോഗക്രമ സഹായി**

38 **നിർച്ചാൽ**















• ലേഖനം
ബോബി ജോസ് കട്ടികാട്



സങ്കീർത്തനം

കവിതപോലെ മനോഹരമായിരുന്നു അയാളുടെ കടന്നുപോക്ക്. 'ഇത്രകാലം നമ്മൾ ഒന്നും ചെയ്തിട്ടില്ല, നമുക്കിനി ആരംഭിക്കാം' എന്നതായിരുന്നു അന്ത്യമൊഴികളിലൊന്ന്.

പതിമൂന്നാംനൂറ്റാണ്ടിൽ നിന്നാണ്...

ഒരു ചെറുപ്പക്കാരനെ അക്ഷരാർത്ഥത്തിൽ വലിച്ചിഴച്ച് അയാളുടെ അച്ഛൻ ബിഷപ്പിന്റെ മുൻപിലെത്തിച്ചു. അയാൾക്ക് അവനെക്കുറിച്ച് നിറയെ പരാതിയാണ്. സ്വപ്നജീവിയാണയാൾ. കുടുംബത്തിന്റെ വ്യാപാരത്തിൽ പങ്കുചേരുന്നില്ല. അളവില്ലാതെ ദരിദ്രർക്ക് കൊടുക്കുന്നു. തകർന്നുതുടങ്ങിയ കപ്പേളകളെ സ്വന്തം കഠിനാധ്വാനംകൊണ്ട് പണിതുയർത്തുന്നു. കുഷ്ഠരോഗികളോടും യാചകരോടുമൊത്ത് സഹവസിക്കുന്നു. അങ്ങനെ ആരോപണങ്ങൾ നീണ്ടു.

ഞാനെന്താണ് ചെയ്യേണ്ടതരേണ്ടത്?

എന്റെ ധനത്തിലോ വ്യാപാരത്തിലോ അവന് ഇനിയൊരു അവകാശമുണ്ടാവില്ല എന്ന് തീർപ്പ് കല്പിച്ചാൽ മതി.

ചെറുപ്പക്കാരൻ എല്ലാത്തിനും തയ്യാറായിരുന്നു. കൈവശമുള്ള നാണയങ്ങൾ കാൽച്ചുവട്ടിൽവച്ചു. അപ്പോഴാണ് ഓർത്തത്, അപ്പന്റേതല്ലാതെ ഒരു നൂലിഴപോലും സ്വന്തമായിട്ടില്ല. പിന്നെ നടന്നത് ചരിത്രസന്ധികളിലെ ഏറ്റവും നല്ല നാടകങ്ങളിൽ ഒന്നായിരുന്നു. ഓരോരോ വസ്ത്രങ്ങളായി ഊരിയെടുത്തു. മടക്കി അപ്പന്റെ കാൽച്ചുവട്ടിൽ വച്ചു. ഇതുംകൂടി അങ്ങേയ്ക്ക് അവകാശപ്പെട്ടതാണ്. പിന്നെയിങ്ങനെ തുടർന്നു; ഇതുവരെയും ഞാൻ അങ്ങയെ, പീറ്റർ ബെർണാഡോവിനെ അച്ഛനെന്ന് വിളിച്ചു... ഈ നിമിഷംമുതൽ സ്വർഗസ്ഥനായ പിതാവാണ് എന്റെ അച്ഛൻ.

ബിഷപ്പ് തന്റെ മേലുടുപ്പുകൊണ്ട് ചെറുപ്പക്കാരനെ മൂടി. അതിനിടയിൽ ഒരു തോട്ടക്കാരന്റെ വസ്ത്രം ആരോ വച്ചുനീട്ടി. അതയാളണിഞ്ഞു. പിന്നെ നിശ്ശബ്ദമായി. പുതിയ അച്ഛന്റെ വിശാലമായ വഴികളിലേക്കിറങ്ങി നടന്നു.

സ്ത്രീകളും കുട്ടികളും ഉൾപ്പെടെ വലിയൊരു ആൾക്കൂട്ടം അരമനയുടെ അങ്കണത്തിലുണ്ടായിരുന്നു. ഒരു ചെറുപ്പക്കാരൻ വിവസ്ത്രനാവുന്നതുകണ്ട് ഒരാളും കണ്ണുതാഴ്ത്തിയില്ല. സമകാലീനനായ ഒരു ചരിത്രകാരൻ അടയാളപ്പെടുത്തുന്നതുപോലെ: ഒരു കുഞ്ഞ് പിറക്കുന്നതുകണ്ട് ഇന്നോളം ഒരു വയറ്റാട്ടിയും കണ്ണുതാഴ്ത്തിയിട്ടില്ല. അതുമേൽ നിർമലനായി ഒരാൾ പിറവികൊള്ളുകയാണ്.

വീണ്ടും പിറക്കുക എന്നതായിരുന്നു യേശുദൂതിന്റെ കാതൽ. അവന്റെ നിഷ്കളങ്കതയിലേക്ക് മടങ്ങിപ്പോവുക തുടങ്ങി അനവധി വ്യാഖ്യാനങ്ങൾ അതിനു കല്പിച്ചു കൊടുക്കുമ്പോഴും അതിലേറ്റവും സാരവത്തായിതോന്നുന്നത് ഈ പുതിയ പിതൃബോധത്തിലേക്കുള്ള പ്രാണന്റെ ഉണർവാണ്. അതിനുശേഷം അയാളും ലോകവും ദൈവവുമൊന്നും പഴയതല്ല.

പിന്നീടാണ് ഫ്രാൻസിസ് സകലത്തെയും കൂടപ്പിറപ്പായി എണ്ണിയത്. സൂര്യൻ സഹോദരൻ, പുഴ സഹോദരി, കാറ്റും അങ്ങനെതന്നെ.

ലോകം പുതിയൊരു സാഹോദര്യബോധത്തിന്റെ മഴയിൽ ജ്ഞാനസ്നാനപ്പെടുകയാണ്.



2

സൂര്യസ്തവത്തിന്റെ എണ്ണൂറാം വാർഷികമാണിത്.

അത്യന്നതന്റെ കുഴലൂത്തുകാരനെന്നാണ് അയാൾ സ്വയം വിശേഷിപ്പിച്ചിരുന്നത്. പ്രാണന്റെ പല രാഗങ്ങളാൽ സങ്കീർത്തനങ്ങൾ പാടുകയായിരുന്നു അയാളുടെ രീതി.

പ്രാദേശിക ഇറ്റാലിയനാൽ എഴുതപ്പെട്ട ആദ്യത്തെ ഗീതമായാണത് ഇന്ന് പരിഗണിക്കപ്പെടുന്നത്. അതിലാവർത്തിക്കപ്പെടുന്ന 'Laudato Si' യാണ് കാലം ചെയ്ത ഫ്രാൻസിസ് പാപ്പയുടെ ചാക്രികലേഖനത്തിന്റെ ശീർഷകമായി മാറുന്നത്. നമ്മുടെ പൊതു ഭവനമായ ഭൂമിക്കുവേണ്ടിയുള്ള വർത്തമാനകാല പ്രാർഥനയായിരുന്നു അത്. കടത്തനാടൻ കഥയിലെ പാണന്മാർപോലെ തവിട്ടു കൂപ്പായമിട്ട ഈ മനുഷ്യർ പോയിടത്തൊക്കെ സൂര്യകീർത്തനം കൂടെ കൊണ്ടുപോയി, അതിനെയത്രയും ജനകീയമാക്കി.

അതിലെഴുതിയ കാലം അയാൾക്ക് ഒട്ടും നല്ലതായിരുന്നില്ല. അവസാന വർഷങ്ങൾ ശാരീരിക ക്ലേശങ്ങളുടെയും പീഡകളുടെയും കഥയാണ്. പഞ്ചക്ഷതങ്ങൾ ഉൾപ്പെടെ അതിൽപ്പെടുത്താവുന്നതാണ്. കണ്ണുകൾക്ക് ട്രക്കോമയുടെ പ്രശ്നങ്ങൾ ഉണ്ടായിരുന്നു. അന്ധതയിൽ എത്തിയേക്കാവുന്ന ഒന്നാണത്. പ്രകാശത്തോടുള്ള കടുത്ത സെൻസിറ്റിവിറ്റിയാണ് പ്രധാന പ്രശ്നം. സദാ കണ്ണുനിറഞ്ഞൊഴുകുകയാണ് ലക്ഷണം. സൂര്യവെളിച്ചത്തിലേക്ക് നോക്കുമ്പോൾ അനേകം കൂപ്പിച്ചില്ലുകൾ കണ്ണിലേക്ക് പൊട്ടിവീഴുന്നതുപോലെതോന്നും. ആ കാലയളവിൽത്തന്നെയാണ് സൂര്യനുവേണ്ടിയുള്ള സ്തോത്രഗീതം എഴുതി ആലപിക്കുന്നത്. കാര്യങ്ങളെ ചിലർ മധുരമാക്കി മാറ്റുന്നത് അങ്ങനെയാണ്. ഈജിപ്ത് യാത്രയുടെ ബാക്കിപത്രമായിരുന്ന ഈ നേത്രരോഗം. അവിടെനിന്ന മലേറിയയും കൊണ്ടുവന്ന എന്ന് കരുതാം. ചോര ഛർദിച്ചിരുന്നതായും കേൾവിയുണ്ട്. ഗാസ്ട്രിക് അൾസർപോലെ ഉരുതരമായ ഉദരരോഗങ്ങളാവാം കാരണം. രോഗത്തേക്കാൾ കഠിനമായ ചികിത്സാരീതികളായിരുന്ന അന്നുണ്ടായിരുന്നത്. ചുട്ടുപഴുപ്പിച്ച ഇരുമ്പുദണ്ഡ് മുറിവിനുമീതെവച്ച് പൊള്ളിക്കുന്നതുൾപ്പെടെയുള്ള പലതിലൂടെയും അയാൾ കടന്നുപോയി. ഇരുട്ടിൽനിന്ന് മുഴങ്ങിയ വെളിച്ചത്തിന്റെ ഗീതമായിരുന്നു അത്.



3

എന്തിനെയൊക്കെ ഓർത്താണ് അയാളുടെ ഹൃദയം ഇങ്ങനെ കവിഞ്ഞൊഴുകുന്നത്:

സകലത്തെയും പ്രകാശിപ്പിക്കുന്ന സൂര്യൻ, രാവിനെ അലങ്കരിക്കുന്ന ചന്ദ്രനും നക്ഷത്രങ്ങളും, ഋതുക്കളെ സമ്മാനിക്കുന്ന കാറ്റ്, നിർമലജലം, രാത്രിയെ ചൂടുപിടിപ്പിക്കുന്ന കനൽ, എല്ലാത്തരം പഴങ്ങളും പൂക്കളുംകൊണ്ട് വിരുന്നൊരുക്കുന്ന ഭൂമി, അവയിലൂടെയെല്ലാം അങ്ങേ നാമം വാഴ്ത്തപ്പെടട്ടെ!

പിന്നീടുള്ള പതിനൊന്നു വരികൾ രണ്ടുതവണയായി വിളക്കിച്ചേർത്തത്.

അസ്സീസിയിലെ മേയർക്കും ബിഷപ്പിനുമിടയിൽ കഠിനമായൊരു വൈരം രൂപപ്പെട്ട കാലത്താണ് അതിലെ ആദ്യനാലുവരികൾ:

എന്റെ കർത്താവേ, നിന്നോടുള്ള സ്നേഹത്താൽ പൊറുതി കൊടുക്കുന്നവരിലൂടെയും, രോഗവും പരീക്ഷണവും സഹിക്കുന്നവരിലൂടെയും, നിനക്കു എല്ലാ സ്തുതിയും ഉണ്ടാകട്ടെ. സമാധാനത്തോടെ സഹിക്കുന്നവർ ഭാഗ്യവാന്മാർ, അത്യുന്നതനായ അങ്ങയാൽ അവർ കിരീടധാരണം ചെയ്യപ്പെടും.

അതുറക്കെ പാടുവാൻ തന്റെ ഒരു സഹസന്യാസിയോട് അയാൾ ആവശ്യപ്പെട്ടു. അവർക്കിടയിൽ ഒരു ഗാഢാലിംഗനത്തിന് അതു മതിയായ കാരണമായിരുന്നു.

ഒടുവിലത്തെ വരികൾ മരണത്തിന് ഏതാനും ദിവസം മുമ്പാണ്:

ഒരു മനുഷ്യനും ഒഴിവാക്കാൻ കഴിയാത്ത സോദരി മരണത്തിലൂടെ അങ്ങേയ്ക്ക് എല്ലാ സ്തുതിയും ഉണ്ടാകട്ടെ.

പാപത്തിൽ മരിക്കുന്നവർക്ക് എത്ര ഭയാനകം!

നിന്റെ പരിശുദ്ധ ഹിതത്തിൽ കാണപ്പെടുന്നവർക്ക് എത്ര മനോഹരം.

രണ്ടാം മരണം അവർക്ക് ഒരു ദോഷവും വരുത്തുകയില്ല.

കവിതപോലെ മനോഹരമായിരുന്ന അയാളുടെ കടന്നുപോക്ക്. 'ഇത്രകാലം നമ്മൾ ഒന്നും ചെയ്തിട്ടില്ല, നമുക്കിനി ആരംഭിക്കാം' എന്നതായിരുന്ന അന്ത്യമൊഴികളിലൊന്ന്. നഗ്നനാക്കി വെറും നിലത്ത് കിടത്താൻ ആവശ്യപ്പെട്ടു. പിറവിയിലെന്നതുപോലെ നഗ്നതയുടെ നിഷ്കളങ്കതയിൽ മടങ്ങിപ്പോയ അയാൾ ആരെയൊക്കെയാണ് ഓർമിപ്പിക്കുന്നത്? അപരാധത്തിനുമുമ്പുള്ള ആദവും ഹവ്വയും, അനുസരണം പൂർത്തിയാക്കി കുരിശിന്റെ വക്ഷസിൽ നഗ്നനായി മടങ്ങിപ്പോയ യേശു, തെരുവീഥിയിലൂടെ ഭക്തിയുടെ ഉന്മാദത്തിൽ ചുവടുവച്ചുന്ന അക്കമഹാദേവി, ദിക്കുകളെ വസ്ത്രമായി ധരിച്ചു എന്ന സങ്കല്പത്തിൽ നടന്നുപോകുന്ന നമ്മുടെ ദേശത്തെ ദിഗംബര ജൈനർ, പ്രണയത്തിന്റെ ദീപ്തനിമിഷങ്ങളിൽ ലജ്ജ അനുഭവിക്കാതെ വിവസ്ത്രരാകുന്ന പങ്കാളികൾ... അങ്ങനെ നൈർമല്യത്തേയും സ്വാതന്ത്ര്യത്തേയും അർപ്പണത്തേയും ആനന്ദത്തേയും ദ്യോതിപ്പിക്കുന്ന ഒന്നായിരുന്നു ഫ്രാൻസിസിന്റെ വിവസ്ത്രത.

മരണം ഒരു രണ്ടാം പിറവിയാണെന്നുള്ള സൗമ്യമായ ഓർമപ്പെടുത്തലുമാകാം. •

(കടപ്പാട്: വാക്ക് ശരീരമാകുമ്പോൾ)



• കവിത

ഫാ. ബിജോയ് കെ. സി.



ഇരുൾവെട്ടം

പാപമെന്തെന്നറിഞ്ഞ നേരം
തിരികെ നടക്കുവാൻ മോഹിച്ച മനം
ഭ്രതലമാകെ ഞാൻ മാറോടണച്ചപ്പോൾ
കതറിയകലും നെഞ്ചിൻ നോവുകൾ

എന്നിട്ടുമെന്തേ നീ എന്നെ മറന്നു?
എല്ലാർക്കുമെല്ലാമായ് മാറുമ്പോഴും
ഇല്ലായ്മയിലെല്ലാമായ് മാറുവാൻ ചൊന്ന
നിൻ വചനമിന്നു കണ്ടീടുന്നു.

കിണറ്റിൻകരയിലും തെരുവിലും കടൽത്തീരത്തും
വെന്തുനീറുന്നവർക്കു മഞ്ഞാകുവാൻ
ദൈവത്താൽ ഭ്രവിൽ അയയ്ക്കപ്പെട്ടവൻ നീ
നിൻ സാഗരമാം ഭ്രവിൽ പായ്ക്കപ്പൽപോൽ
ദിശയറ്റ് ആടി ഉലയുന്ന ഞാൻ
നിൻ സാന്നിധ്യത്താൽ ശാന്തമാകുവാൻ
വെമ്പൽകൊള്ളുന്നെൻ ഹൃദയം

നീ ഒഴുക്കിട്ടും ചോരതൻ ഗന്ധം
ഞാനെൻ ജീവിത വഴിത്താരയിൽ
അനുഭവിച്ചറിയുന്നു, മിഴികൾ തുറന്നാലും
തളരാത്ത മനസ്സുമായൊരു കാവലായ്
എന്നെ മാറ്റു നീ നാഥാ...
എൻ ജീവിതം നിന്നോടടുപ്പിക്കുവാൻ
ഞാനായ് മാറിയ നിന്നിൽ
നീയായ് മാറുവാൻ കനിയൂ...



• ലേഖനം
ബ്രദർ ആൽഫിൻ മാൻസ് OFM Cap.



വിശുദ്ധ ക്ലാര: വിശുദ്ധരിൽ പ്രകാശമുള്ളവൾ



ഭൂമിയിൽ ആറാടുന്നതല്ല, മറിച്ച് എല്ലാവരെയും സ്നേഹിച്ചും സഹായിച്ചും ആശ്വസിപ്പിച്ചും ജീവിക്കുന്നതിലാണ് നിത്യമായ ആനന്ദം എന്ന് ക്ലാരയ്ക്ക് നന്നേ ചെറുപ്പത്തിൽത്തന്നെ അറിയാമായിരുന്നു.

"അവൾ അനേകായിരങ്ങൾക്ക് പ്രകാശമാകും" (ജ്ഞാനം 7:26) തന്റെ ഉദരത്തിൽ വളരുന്ന കുഞ്ഞ് വിശുദ്ധരുടെ പൊൻതാരമാണെന്ന് അറിഞ്ഞ അമ്മ ഓർത്തൊലാന ശിശു ജനിച്ചപ്പോൾത്തന്നെ പ്രകാശമുള്ളവൾ എന്നർത്ഥംവരുന്ന ക്ലാര എന്ന പേരുനല്കി. സഭയുടെ ഇരുണ്ട യുഗത്തിൽ പിറന്ന്, സഭയെ പുനരുദ്ധരിക്കാൻ ദൈവം ഫ്രാൻസിസിനെ നിയോഗിച്ചതുപോലെ പ്രാർഥനയുടെയും പരിത്യാഗത്തിന്റെയും ധ്യാനത്തിന്റെയും നവചൈതന്യം സഭയ്ക്ക് പകരുവാൻ സർവശക്തൻ ക്ലാര എന്ന കൊച്ചുപെൺകുട്ടിയെയും തിരഞ്ഞെടുത്തു.

ഭൂമിയിൽ ആറാടുന്നതല്ല, മറിച്ച് എല്ലാവരെയും സ്നേഹിച്ചും സഹായിച്ചും ആശ്വസിപ്പിച്ചും ജീവിക്കുന്നതിലാണ് നിത്യമായ ആനന്ദം എന്ന് ക്ലാരയ്ക്ക് നന്നേ ചെറുപ്പത്തിൽത്തന്നെ അറിയാമായിരുന്നു. പ്രഭുകുടുംബത്തിൽ പിറന്നെങ്കിലും ദരിദ്രരിലേയ്ക്കുള്ള അവളുടെ അനുകമ്പയ്ക്ക് യാതൊരു കുറവും ഉണ്ടായിരുന്നില്ല. ദരിദ്രരെ സ്നേഹിക്കുന്നതിലും പുണ്യങ്ങൾ അഭ്യസിക്കുന്നതിലുമുള്ള പ്രചോദനം ബാല്യത്തിൽ അവൾ അമ്മയിൽനിന്നും പഠിച്ചെടുത്തു. പേരുപോലെ തന്നെ അനേകായിരങ്ങൾക്ക് പ്രകാശമാകാൻ ക്രിസ്തുവാകുന്ന സ്നേഹാഗ്നി അവളുടെ ഹൃദയത്തിലും ജീവിതത്തിലും ജ്വലിപ്പിച്ചു.

ഫ്രാൻസിസ്: ക്രിസ്തുവിലേക്കുള്ള യാത്ര

അസ്സീസിയിലെ തെരുവുകളിൽ സുഹൃത്തുക്കളുമായി ആടിപ്പാടിനടന്ന ഫ്രാൻസിസിന്റെ പരിവർത്തനം ക്ലാരയുടെ മനസ്സിനെ വല്ലാതെ ഉലച്ചു. 'ഒരു കല്ലിന് ഒരനുഗ്രഹം' എന്ന് വിശുദ്ധ ദാമിയാന്റെ ദൈവാലയം പുനഃരുദ്ധരിക്കുവാൻവേണ്ടി ഫ്രാൻസിസ് തെരുവുകൾതോറും അപേക്ഷിച്ച് നടന്നപ്പോൾ ക്ലാരയുടെ നിർബന്ധത്തിനുവഴങ്ങി അവളുടെ പിതാവായ ഫാവെറോൺ പ്രഭു ഒരു വണ്ടിനിറയെ കല്ല് ഫ്രാൻസിസിന് എത്തിച്ചുകൊടുത്തു. ഈ കാലയളവിൽ ഫ്രാൻസിസ് വിശുദ്ധ റൂഫിനോയുടെ ദൈവാലയത്തിൽ പ്രസംഗിക്കുമായിരുന്നു. ഫ്രാൻസിസിന്റെ പ്രസംഗം കേൾക്കുന്നതിനായി അവളുടെ ഹൃദയം വെമ്പൽകൊണ്ടു. അത് ശ്രവിക്കുന്നതിനായി പലപ്പോഴും അവൾ ആ ദൈവാലയത്തിൽ ചെല്ലുമായിരുന്നു. ദൈവസ്നേഹത്തിൽ നിറഞ്ഞുനിന്ന വിശുദ്ധന്റെ പ്രസംഗം അവളിൽ ആഴമായി പതിക്കുകയും താൻ ഇനിയും പൂർണത പ്രാപിച്ചിട്ടില്ല എന്ന് മനസ്സിലാക്കുകയും ചെയ്തു. ഈ കാലയളവിൽതന്നെയാണ് ഫ്രാൻസിസ്കൻ സന്യാസസമൂഹം (OFM-Ordo Fratrum Minorum) രൂപം പ്രാപിച്ച് തുടങ്ങിയതും.



ആഴമായി പ്രാർഥിച്ചും തന്നെക്കുറിച്ചുള്ള ദൈവികപദ്ധതി എന്തെന്നറിയുന്നതിനുവേണ്ടി ധ്യാനിച്ചും ക്ലാര അവസാനം തന്റെ ജീവിതം വിശുദ്ധ ഫ്രാൻസിസിനെപ്പോലെ ക്രിസ്തുവിന് പൂർണമായി സമർപ്പിക്കാൻ തീരുമാനിച്ചു. ഇതേപ്പറ്റി ഫ്രാൻസിസിനോട് പറഞ്ഞപ്പോൾ ആദ്യം നിഷേധിച്ചെങ്കിലും പിന്നീട് അവളിലെ ദൈവസ്നേഹാഗ്നി മനസ്സിലാക്കിയ ഫ്രാൻസിസ് ഉചിതമായ സമയത്തിനുവേണ്ടി കാത്തിരിക്കുവാൻ നിർദേശിച്ചു. ഫ്രാൻസിസിന്റെ നിർദേശപ്രകാരം ദൈവഹിതമെന്തെന്നറിയുന്നതിനുവേണ്ടി അവൾ പ്രാർഥനയിൽ ചെലവഴിച്ചു.

പുതിയ ജീവിതം

1212-ലെ ഓശാന ഞായർ. തന്റെ കുടുംബവുമൊത്ത് വി. റൂഫിഞ്ഞോയുടെ ദൈവാലയത്തിൽ അവസാനമായി പ്രാർഥിച്ച ദിവസം. ദൈവിക പ്രചോദനത്താൽ തന്റെ കുടുംബം ഉപേക്ഷിച്ച് ഫ്രാൻസിസിന്റെ സഹായത്തോടെ ഒരു പുതിയ ജീവിതം അവൾ ആരംഭിക്കാൻ തീരുമാനിച്ചു. അന്നുരാത്രി നടക്കാനിരുന്ന സംഭവങ്ങൾ ക്ലാരയെ അസ്വസ്ഥയാക്കി. തന്മൂലം ദൈവാലയത്തിലെ തിരുക്കർമങ്ങളിൽ ശ്രദ്ധിക്കാൻ സാധിച്ചില്ല. അവൾ തലകുനിച്ച് തന്റെ ദിവ്യനാഥനോട് പ്രാർഥിച്ചു.


ദൈവാലയത്തിലെല്ലാവരും കുരുത്തോല വാങ്ങി താന്താങ്ങളുടെ സ്ഥാനങ്ങളിൽ വന്നിരുന്നു. എന്നാൽ പലവിചാരങ്ങളിലായിരുന്ന ക്ലാര കുരുത്തോല വാങ്ങാൻ വിട്ടുപോയി. ഇത് ശ്രദ്ധയിൽപ്പെട്ട മുഖ്യകാർമ്മികനായിരുന്ന ഗിദോ മെത്രാൻ അവളുടെ അടുത്തുവന്ന് കുരുത്തോല നല്കി. ഒരു ഞെട്ടലോടെ തന്റെ പ്രാർഥനയിൽനിന്നും അവൾ ഉണർന്നു. തനിക്ക് ലഭിച്ചിരിക്കുന്നത് വെറുമൊരു കുരുത്തോലയല്ല മറിച്ച് തന്റെ തീരുമാനത്തിന് സ്വർഗീയ അനുമതി ലഭിച്ചതിന്റെ അടയാളമായി മനസ്സിലാക്കി.

അന്നുരാത്രി വീട്ടിൽ എല്ലാവരും ഉറങ്ങുന്ന സമയം, തന്റെ പ്രിയ കൂട്ടുകാരി പച്ചിഫിക്കായുമൊത്ത് അവൾ ഫ്രാൻസിസിന്റെ അരികിലേയ്ക്ക് യാത്രയായി. മരിച്ചവരെ കൊണ്ടുപോകാൻവേണ്ടിമാത്രം തുറക്കാറുണ്ടായിരുന്ന പിൻവശത്തെ വാതിലിലൂടെയാണ് ക്ലാര പുറത്തുവന്നത്. താൻ ഇനി ഈ ലോകത്തിൽ മരിച്ചവളാണെന്ന് അവൾ ഇതിലൂടെ നിശ്ശബ്ദമായി പ്രഖ്യാപിച്ചു. ഫ്രാൻസിസും അനുചരന്മാരും ക്ലാരയുടെ വരവുംകാത്ത് പൊർസ്യുങ്കുലായിലെ മാലാഖമാരുടെ രാജ്ഞിയുടെ ദൈവാലയത്തിൽ പ്രാർഥനയോടെ കാത്തിരുന്നു. ക്ലാരയും പച്ചിഫിക്കായും വരുന്നതുകണ്ട് ഫ്രാൻസിസ് ദൈവത്തിന് സ്തുതികളർപ്പിച്ചു. മറ്റ് സഹോദരന്മാർ കത്തിച്ച പന്തങ്ങളോടെ ഇരുവരെയും വരവേറ്റു. അൾത്താരയ്ക്കുമുന്നിലായ് അവർ മുട്ടുകുത്തി. സഹോദരന്മാർ ദൈവസ്തുതികളാലപിച്ചു. ഫ്രാൻസിസ് ഇരുവരുടെയും മുടികൾ മുറിച്ച് സഭാവസ്ത്രം നൽകി. ദാരിദ്ര്യത്തിന്റെ പ്രതീകമായി അരയിൽ ധരിക്കുന്നതിനായി ഒരു കയറും അവർക്ക് സമ്മാനിച്ചു. അങ്ങനെ ആർഭാടങ്ങളോ ആഘോഷങ്ങളോ കൂടാതെ ഫ്രാൻസിസ്കന്റെ രണ്ടാംസഭ അഥവാ ദരിദ്ര ക്ലാരമാരുടെ സമൂഹം (Poor Clares) രൂപംകൊണ്ടു.

ഉടൻതന്നെ ഇരുവരെയുംകൂട്ടി ഫ്രാൻസിസ് ഒരു ബെനഡിക്ടൻ മഠത്തിലേക്ക് യാത്രയായി. ക്ലാര മഠത്തിലുണ്ട് എന്ന് മനസ്സിലാക്കിയ ക്ലാരയുടെ കുടുംബം അവളെ തിരികെ കൊണ്ടുവരാനായി മഠത്തിലേക്ക് വരികയും ആ സമയം അവൾ തന്റെ ശിരോവസ്ത്രം അഴിച്ചുമാറ്റി താൻ ഇനിമുതൽ ദൈവത്തിന്റേത് മാത്രമാണെന്ന് പരസ്യമായി പ്രഖ്യാപിക്കുകയുംചെയ്തു.

1194-ൽ ജനിച്ച് 58 വർഷങ്ങൾ ക്രിസ്തുവിന്റെ സുവിശേഷത്തിൽ ജീവിച്ചു മരിച്ച വി.ക്ലാര അനേകായിരങ്ങളിലേക്ക് ജ്വലിക്കുന്ന ക്രിസ്തുസ്നേഹം സമ്മാനിച്ചു. ലോകത്തെവിടെയെല്ലാം ഫ്രാൻസിസിന്റെ ക്രിസ്തുവിനോടുള്ള സ്നേഹം പ്രഘോഷിക്കപ്പെടുന്നുവോ അവിടെയെല്ലാം വി.ക്ലാരയുടെ നാഥനോടുള്ള നിശ്ശബ്ദ സ്നേഹവും പ്രഘോഷിക്കപ്പെടുന്നു. ദൈവസ്നേഹത്തിന്റെ കിരണങ്ങൾ വീശി ഒരു പൊൻതാരമായ് ഇന്നും പ്രശോഭിക്കുന്നു.

•



• സഭാപഠനം
പി.ജെ.പി.

വിശുദ്ധ ബർത്തലോമിയോ: ഭാരതത്തിന്റെ അപ്പസ്തോലൻ

ചരിത്രത്തിന്റെ വെളിച്ചത്തിൽ പുനർവായിക്കപ്പെടേണ്ട ഒരു അപ്പസ്തോലനാണ് വിശുദ്ധ ബർത്തലോമിയോ. ഇന്ത്യയിലെ ക്രൈസ്തവ ചരിത്രത്തിൽ അദ്ദേഹത്തിന്റെ സംഭാവനയും സ്ഥാനവും കൂടുതൽ ഗൗരവത്തോടെ പഠിക്കപ്പെടേണ്ടതുണ്ട്.


വിശുദ്ധ ബർത്തലോമിയോ ഇന്ത്യയിൽ എത്തിയിരുന്നോ? ഇന്ത്യയുടെ ആദിമ ക്രൈസ്തവചരിത്രവുമായി ബന്ധപ്പെട്ട ഏറ്റവും ശ്രദ്ധേയമായ ചോദ്യങ്ങളിലൊന്നാണിത്. എന്നാൽ ഈ ചോദ്യത്തിന് ഉത്തരം തേടുമ്പോൾ മുന്നിൽ വരുന്നത് കേവലം ഒരു സഭാപാരമ്പര്യം മാത്രമല്ല. ആദ്യകാല സഭാചരിത്രകാരന്മാരുടെ രേഖകളും പുരാതന സുവിശേഷപ്രചാരണത്തിന്റെ സൂചനകളും, ഇന്തോ-റോമൻ വ്യാപാരപാതകളും, ഇന്ത്യയിലെ പുരാതന ജ്ഞാതസമൂഹങ്ങളുടെ സാന്നിധ്യവുമെല്ലാം ഈ പാരമ്പര്യത്തിന് ശ്രദ്ധേയമായ ഒരു ചരിത്രപരമായ അടിത്തറ നൽകുന്നു.

ബർത്തലോമിയോ എന്ന പേര്

'ബർത്തലോമിയോ' എന്നത് യഥാർത്ഥത്തിൽ ഒരു വ്യക്തിയുടെ സ്വന്തം പേരല്ല. 'ടോളമിയുടെ മകൻ' എന്നർത്ഥം വരുന്ന അരമായ ഭാഷയിലെ ബാർ-ടോളമി എന്ന പദത്തിൽ നിന്നാണ് ഈ നാമം ഉരുത്തിരിഞ്ഞത്. അതേസമയം, സഭാപാരമ്പര്യവും നിരവധി ചരിത്രപരമായ വ്യാഖ്യാനങ്ങളും ബർത്തലോമിയോയും നഥാനിയേലും ഒരേ വ്യക്തിയാണെന്ന നിലപാടിനെയാണ് പിന്തുണയ്ക്കുന്നത്.


എവുസെബിയൂസിന്റെ ചരിത്രസാക്ഷ്യം

ബർത്തലോമിയോ ഇന്ത്യയിൽ സുവിശേഷം പ്രസംഗിച്ചുവെന്നതിന്റെ ഏറ്റവും പ്രധാനപ്പെട്ട ആദ്യകാല ചരിത്രസാക്ഷ്യങ്ങളിലൊന്ന് കേസറിയയിലെ എവുസെബിയൂസിന്റെ പ്രസിദ്ധമായ Ecclesiastical History എന്ന ഗ്രന്ഥത്തിലാണ് കാണപ്പെടുന്നത്. എ.ഡി. 260/265-നും 339/340-നും ഇടയിൽ ജീവിച്ച എവുസെബിയൂസ്, തന്റെ സഭാചരിത്രഗ്രന്ഥം എ.ഡി. 313-നും 325-നും ഇടയിലാണ് രചിച്ചത്. രണ്ടാം നൂറ്റാണ്ടിന്റെ അവസാനത്തിൽ ജീവിച്ച അലക്സാണ്ട്രിയൻ ക്രൈസ്തവ പണ്ഡിതനും മിഷനറിയുമായ പന്തേനസിന്റെ ഇന്ത്യയിലേക്കുള്ള യാത്രയെക്കുറിച്ച് വിവരിക്കുമ്പോൾ എവുസെബിയൂസ് ഇപ്രകാരം രേഖപ്പെടുത്തുന്നു: "പന്തേനസ് ഇന്ത്യവരെ പോയി. അവിടെ ചില പ്രാദേശിക നിവാസികളിൽ സുവിശേഷം ഇതിനകം എത്തിയിട്ടുണ്ടെന്ന് അദ്ദേഹം കണ്ടെത്തി. അപ്പസ്തോലന്മാരിൽ ഒരാളായ ബർത്തലോമിയോ സുവിശേഷം പ്രസംഗിക്കുകയും, മത്തായിയുടെ സുവിശേഷത്തിന്റെ ഹീബ്രു ഭാഷയിലുള്ള ഒരു പകർപ്പ് അവർക്ക് നൽകുകയും ചെയ്തിരുന്നു. അത് അന്നുവരെ അവിടെ സംരക്ഷിക്കപ്പെട്ടിരുന്നു." ഈ സാക്ഷ്യം അതീവ പ്രാധാന്യമർഹിക്കുന്നു. പന്തേനസ് ഇന്ത്യയിലെത്തിയപ്പോൾ അദ്ദേഹം കണ്ടത് സുവിശേഷം ആദ്യമായി കേൾക്കാൻ പോകുന്ന ഒരു ജനതയെയല്ല. മറിച്ച്, അദ്ദേഹത്തിനുമുമ്പേ ഇന്ത്യയിൽ ക്രിസ്തുവിന്റെ സുവിശേഷം എത്തിയിരുന്നുവെന്നാണ് ഈ വിവരണം വ്യക്തമാക്കുന്നത്. ആ സുവിശേഷപ്രഘോഷണത്തിന് പിന്നിൽ അപ്പസ്തോലനായ ബർത്തലോമിയോയുടെ പ്രവർത്തനമുണ്ടായിരുന്നുവെന്നും എവുസെബിയൂസിന്റെ രേഖ സൂചിപ്പിക്കുന്നു. ബർത്തലോമിയോ ഇന്ത്യയിൽ സുവിശേഷം പ്രസംഗിച്ചതിന്റെ ഒരു അടയാളമായി, മത്തായിയുടെ സുവിശേഷത്തിന്റെ ഹീബ്രു അക്ഷരങ്ങളിലുള്ള ഒരു പകർപ്പ് അവിടെ അവശേഷിച്ചിരുന്നു എന്നും എവുസെബിയൂസ് രേഖപ്പെടുത്തുന്നു. പന്തേനസിന്റെ കാലംവരെ ആ സുവിശേഷഗ്രന്ഥം ഇന്ത്യയിൽ സംരക്ഷിക്കപ്പെട്ടിരുന്നുവെന്ന വിവരവും ഈ പാരമ്പര്യത്തിന് പ്രത്യേക പ്രാധാന്യം നൽകുന്നു.



വിശുദ്ധ ജെറോമിന്റെ സ്ഥിരീകരണം

എവുസെബിയൂസിന്റെ ഈ സാക്ഷ്യത്തെ പിന്നീട് സഭാപിതാവും മഹാപണ്ഡിതനുമായ വിശുദ്ധ ജെറോം വീണ്ടും സ്ഥിരീകരിക്കുന്നു. എ.ഡി. 347 മുതൽ 420 വരെ ജീവിച്ച വിശുദ്ധ ജെറോം, എ.ഡി. 392-ൽ രചിച്ച തന്റെ De Viris Illustribus എന്ന ഗ്രന്ഥത്തിൽ പന്തേനസിന്റെ ഇന്ത്യാദൗത്യത്തെക്കുറിച്ച് ഇപ്രകാരം രേഖപ്പെടുത്തുന്നു: "ഇന്ത്യയിലെ ബ്രാഹ്മണർക്കും തത്ത്വചിന്തകർക്കും ഇടയിൽ ക്രിസ്തുവിനെ പ്രസംഗിക്കാൻ അലക്സാണ്ട്രിയയിലെ ബിഷപ്പായ ഡിമെട്രിയസ് അയച്ച പന്തേനസ്, അപ്പസ്തോലന്മാരിൽ ഒരാളായ ബർത്തലോമിയോ തനിക്കു മുമ്പ് അവിടെ എത്തിയിരുന്നുവെന്നും, ഹീബ്രു അക്ഷരങ്ങളിൽ എഴുതിയ മത്തായിയുടെ സുവിശേഷം അവിടെ നൽകിയിരുന്നുവെന്നും കണ്ടെത്തി. ആ സുവിശേഷം ഇന്നും അവിടെ സംരക്ഷിക്കപ്പെട്ടിരുന്നു." ജെറോമിന്റെ ഈ സാക്ഷ്യം നിരവധി കാര്യങ്ങളിൽ നിർണായകമാണ്. ഒന്നാമതായി, പന്തേനസിന് മുമ്പുതന്നെ ബർത്തലോമിയോ ഇന്ത്യയിൽ എത്തിയിരുന്നുവെന്ന പാരമ്പര്യത്തെ അദ്ദേഹം വ്യക്തമായി അംഗീകരിക്കുന്നു. രണ്ടാമതായി, ബർത്തലോമിയോയുടെ ശ്രുശ്രൂഷയുമായി ബന്ധപ്പെട്ട മത്തായിയുടെ സുവിശേഷത്തിന്റെ ഹീബ്രു പതിപ്പ് ഇന്ത്യയിൽ കണ്ടെത്തിയതായും അദ്ദേഹം വീണ്ടും സ്ഥിരീകരിക്കുന്നു. അലക്സാണ്ട്രിയയിലെ ബിഷപ്പായ ഡിമെട്രിയസ് നിയോഗിച്ച ഒരു ഔദ്യോഗിക മിഷനറിയായിരുന്നു പന്തേനസ്. അതിനാൽ, ഇന്ത്യയിലെത്തി അദ്ദേഹം അറിയിച്ച വിവരങ്ങൾക്ക്, സഭയുടെ മിഷനറി പ്രവർത്തനവുമായി ബന്ധപ്പെട്ട ഒരാളുടെ നേരിട്ടുള്ള അനുഭവവും രേഖയും എന്ന നിലയിൽ ചരിത്രപരമായ പ്രാധാന്യമുണ്ട്.



ബ്രാഹ്മണരും ഇന്ത്യൻ തത്ത്വചിന്തകരും

വിശുദ്ധ ജെറോമിന്റെ രേഖയിൽ മറ്റൊരു ശ്രദ്ധേയമായ പരാമർശമുണ്ട്. അദ്ദേഹം ഇന്ത്യയിലെ ബ്രാഹ്മണരെയും തത്ത്വചിന്തകരെയും പ്രത്യേകം പരാമർശിക്കുന്നു. ക്രിസ്തീയ സുവിശേഷപ്രചാര

ണം ഇന്ത്യയിലെ ജൂതസമൂഹങ്ങളിൽ മാത്രം ഒതുങ്ങിയിരുന്നില്ലെന്ന് ഇത് സൂചിപ്പിക്കുന്നു. ഇന്ത്യയിലെ ബൗദ്ധിക വും മതപരവും തത്ത്വചിന്താപരവുമായ വൃത്തങ്ങളിലേക്കും ക്രിസ്തീയ സന്ദേശം എത്തിയിരുന്നുവെന്നാണ് ഈ രേഖ നൽകുന്ന സൂചന. ഈ പശ്ചാത്തലം ബർത്തലോമിയോയുടെ ഇന്ത്യാദൗത്യത്തെക്കുറിച്ചുള്ള പുരാതന പാരമ്പര്യത്തിന്റെ ചരിത്രപരമായ വിശ്വാസ്യതയെ കൂടുതൽ ശക്തിപ്പെടുത്തുന്നു.

കോസ്മാസും ഇന്ത്യയിലെ പുരാതന ക്രൈസ്തവ സമൂഹവും



ആറാം നൂറ്റാണ്ടിൽ ഇന്ത്യ സന്ദർശിച്ച കോസ്മാസ്, തന്റെ Topographia Christiana എന്ന ഗ്രന്ഥത്തിൽ ഇന്ത്യയിലെ ക്രൈസ്തവസാന്നിധ്യത്തെക്കുറിച്ച് പ്രധാനപ്പെട്ട രേഖകൾ നൽകിയിട്ടുണ്ട്. അദ്ദേഹം കല്യാൺ സന്ദർശിച്ചതായും അവിടെ ഒരു ക്രൈസ്തവസമൂഹത്തെ കണ്ടുമുട്ടിയതായും രേഖപ്പെടുത്തിയിട്ടുണ്ട്. ഇന്നത്തെ മഹാരാഷ്ട്രയിലെ പടിഞ്ഞാറൻ തീരപ്രദേശവുമായി ബന്ധപ്പെട്ട കല്യാൺ പ്രദേശം, 1886-ൽ സ്ഥാപിതമായ ബോംബെ അതിരൂപതയുടെ ഭാഗമാണ്.

ആർച്ച് ബിഷപ്പ് വ്ലാഡിസ്ലാവ് എം. സാലെസ്കിയുടെ ഗവേഷണം

ബർത്തലോമിയോയുടെ ഇന്ത്യാദൗത്യത്തെക്കുറിച്ചുള്ള ഈ പുരാതന പാരമ്പര്യത്തെ പിന്തുണയ്ക്കുന്ന മറ്റൊരു പ്രധാന ഘടകം ആർച്ച് ബിഷപ്പ് വ്ലാഡിസ്ലാവ് എം. സാലെസ്കിയുടെ ഗവേഷണമാണ്. 1892 മുതൽ 1916 വരെ



ഇന്ത്യയിലെ അപ്പസ്തോലിക് ഡെലിഗേറ്റായിരുന്ന അദ്ദേഹം, ഇന്ത്യയുടെ ക്രൈസ്തവചരിത്രത്തെക്കുറിച്ച് ദീർഘകാലം ഗവേഷണം നടത്തിയിരുന്നു. ഏകദേശം മുപ്പതുവർഷം നീണ്ട അദ്ദേഹത്തിന്റെ ഗവേഷണവും ബർത്തലോമിയോയുടെ ഇന്ത്യാദൗത്യത്തെക്കുറിച്ചുള്ള ഈ പുരാതന പാരമ്പര്യത്തിന് പിന്തുണ നൽകുന്നു. ഇന്ത്യയുടെ വിവിധ പ്രദേശങ്ങളിലെ ക്രൈസ്തവപാരമ്പര്യങ്ങളും ചരിത്രരേഖകളും പ്രാദേശിക വിശ്വാസങ്ങളും അദ്ദേഹം വിശദമായി പരിശോധിച്ചു. അദ്ദേഹത്തിന്റെ ഈ ദീർഘകാല പഠനം, ബർത്തലോമിയോയുടെ ഇന്ത്യാസന്ദർശനത്തെക്കുറിച്ചുള്ള പാരമ്പര്യം ആധുനികകാലത്ത് രൂപപ്പെട്ട ഒന്നല്ല എന്ന വസ്തുതയിലേക്ക് കൂടുതൽ ശ്രദ്ധക്ഷണിക്കുന്നു.

എ.ഡി. 55-ലെ ഇന്ത്യായാത്രയും അർമേനിയയിലെ രക്തസാക്ഷിത്വവും

സഭാപാരമ്പര്യം പൊതുവേ അംഗീകരിക്കുന്നതുപ്രകാരം, വിശുദ്ധ ബർത്തലോമിയോ എ.ഡി. 55-ഓടെ ഇന്ത്യയിലെത്തി സുവിശേഷം പ്രസംഗിച്ചു. ഇന്ത്യയിലെ തന്റെ പ്രേഷിതദൗത്യം പൂർത്തിയാക്കിയ ശേഷം അദ്ദേഹം മറ്റ് പ്രദേശങ്ങളിലേക്ക് യാത്ര ചെയ്യുകയും ഒടുവിൽ അർമേനിയയിലെത്തുകയും ചെയ്തു എന്നാണ് പാരമ്പര്യം. എ.ഡി. 63-ൽ അർമേനിയയിൽ അദ്ദേഹം രക്തസാക്ഷിത്വം വരിച്ചതായും സഭാപാരമ്പര്യം രേഖപ്പെടുത്തുന്നു. അങ്ങനെ, ഇന്ത്യയിൽ സുവിശേഷം പ്രസംഗിച്ച ശേഷം അർമേനിയയിലെത്തി തന്റെ പ്രേഷിതജീവിതം രക്തസാക്ഷിത്വത്തിലൂടെ



പൂർത്തിയാക്കിയ അപ്പസ്തോലനാണ് വിശുദ്ധ ബർത്തലോമിയോ.

ഒന്നാം നൂറ്റാണ്ടിലെ വ്യാപാരപാതകൾ

എന്നാൽ ബർത്തലോമിയോയ്ക്ക് ഒന്നാം നൂറ്റാണ്ടിൽ ഇന്ത്യയിലെത്താൻ സാധിച്ചിരിക്കുമോ? ഈ ചോദ്യത്തിന് ഉത്തരം കണ്ടെത്താൻ അക്കാലത്തെ വാണിജ്യഭൂമിശാസ്ത്രം പരിശോധിക്കേണ്ടതുണ്ട്. ഒന്നാം നൂറ്റാണ്ടിൽ ഇന്ത്യയും റോമൻ സാമ്രാജ്യവും പശ്ചിമേഷ്യൻ പ്രദേശങ്ങളും തമ്മിൽ സജീവമായ കടൽ വ്യാപാരബന്ധങ്ങൾ നിലനിന്നിരുന്നു. പ്രത്യേകിച്ച് ഇന്ത്യയുടെ പടിഞ്ഞാറൻ തീരപ്രദേശങ്ങൾക്ക് മെസൊപ്പൊട്ടേമിയ, പേർഷ്യ, അറേബ്യ, മെഡിറ്ററേനിയൻ പ്രദേശങ്ങൾ എന്നിവയുമായി ശക്തമായ വ്യാപാരബന്ധമുണ്ടായിരുന്നു. ഗുജറാത്തിലെ ബറൂച്ച് തുറമുഖം അക്കാലത്ത് ഇന്തോ-റോമൻ വ്യാപാരത്തിന്റെ പ്രധാന കേന്ദ്രങ്ങളിലൊന്നായിരുന്നു. വ്യാപാരികളും വിവിധ ജനവിഭാഗങ്ങളും സംഗമിച്ചിരുന്ന ഒരു പ്രധാന തുറമുഖനഗരമായിരുന്നു അത്. സ്ഥാപിതമായ ജൂത വ്യാപാരസമൂഹങ്ങളും ഈ പ്രദേശവുമായി ബന്ധപ്പെട്ടിരുന്നു. ഈ വാണിജ്യഭൂമിശാസ്ത്രപരമായ പശ്ചാത്തലം, ബർത്തലോമിയോയുടെ ഇന്ത്യാദൗത്യത്തെ ചരിത്രപരമായി പരിശോധിക്കുമ്പോൾ വളരെ പ്രധാനപ്പെട്ട ഒരു ഘടകമാണ്.

കൊങ്കൺ തീരത്തെക്കുറിച്ചുള്ള പാരമ്പര്യങ്ങൾ

പതിനാറാം നൂറ്റാണ്ടിൽ ഇന്ത്യയിലെത്തിയ പോർച്ചുഗീസ് മിഷനറിമാ

ങും, ബർത്തലോമിയോയെ കൊങ്കൺ തീരവുമായി ബന്ധപ്പെടുത്തുന്ന ചില പ്രാദേശിക പാരമ്പര്യങ്ങൾ രേഖപ്പെടുത്തിയിട്ടുണ്ട്. ഈ രേഖകൾക്ക് പ്രത്യേകമായ ഒരു ചരിത്രപ്രാധാന്യമുണ്ട്. ബർത്തലോമിയോയുടെ ഇന്ത്യാദൗത്യത്തെക്കുറിച്ചുള്ള പാരമ്പര്യം നൂറ്റാണ്ടുകൾക്കുശേഷവും ഇന്ത്യയുടെ ചില പ്രദേശങ്ങളിൽ നിലനിന്നിരുന്നുവെന്ന് അവ വ്യക്തമാക്കുന്നു.

പരസ്പരം ശക്തിപ്പെടുത്തുന്ന ചരിത്രസാക്ഷ്യങ്ങൾ

ബർത്തലോമിയോയുടെ ഇന്ത്യാദൗത്യത്തെക്കുറിച്ചുള്ള തെളിവുകൾ ഒരു രേഖയിലോ ഒരു പാരമ്പര്യത്തിലോ മാത്രം ഒതുങ്ങുന്നില്ല. വ്യത്യസ്ത കാലഘട്ടങ്ങളിൽ നിന്നുള്ള നിരവധി ചരിത്രസൂചനകൾ പരസ്പരം ശക്തിപ്പെടുത്തുന്നതായി ഇവിടെ കാണാം: രണ്ടാം നൂറ്റാണ്ടിന്റെ അവസാനത്തിൽ പന്തേനസ് ഇന്ത്യയിലെത്തിയപ്പോൾ, മുമ്പേ അവിടെ സുവിശേഷം എത്തിയിരുന്നുവെന്ന് കണ്ടെത്തിയെന്ന സാക്ഷ്യം;

അപ്പസ്തോലനായ ബർത്തലോമിയോ മത്തായിയുടെ സുവിശേഷത്തിന്റെ ഹീബ്രു അക്ഷരങ്ങളിലുള്ള ഒരു പകർപ്പ് ഇന്ത്യയിൽ നൽകിയിരുന്നുവെന്ന രേഖ; നാലാം നൂറ്റാണ്ടിന്റെ തുടക്കത്തിൽ എവുസെബിയൂസ് ഈ പാരമ്പര്യം തന്റെ സഭാചരിത്രത്തിൽ രേഖപ്പെടുത്തിയത്;നാലാം നൂറ്റാണ്ടിന്റെ അവസാനത്തിൽ വിശുദ്ധ ജെറോം അതിനെ വീണ്ടും സ്ഥിരീകരിച്ചത്; ഇന്ത്യയിലെ ബ്രാഹ്മണരെയും തത്ത്വചിന്തകരെയും കുറിച്ചുള്ള പരാമർശം; ഇന്ത്യയുടെ പടിഞ്ഞാറൻ തീരത്ത് പുരാതന ജൂതസമൂഹങ്ങൾ നിലനിന്നിരുന്നതിന്റെ ചരിത്രം; ആറാം നൂറ്റാണ്ടിൽ കോസ്മാസ് രേഖപ്പെടുത്തിയ ഇന്ത്യയിലെ പുരാതന ക്രൈസ്തവസമൂഹങ്ങൾ;

ഒന്നാം നൂറ്റാണ്ടിലെ ഇന്തോ-റോമൻ വ്യാപാരപാതകൾ നൽകുന്ന ഭൂമിശാസ്ത്രപരമായ സാധ്യത; കൊങ്കൺ തീരവുമായി ബന്ധപ്പെട്ട് നിലനിന്നിരുന്ന പിൽക്കാല പ്രാദേശിക പാരമ്പര്യങ്ങൾ. ഇവയെല്ലാം ഒരുമിച്ച് പരിശോധിക്കുമ്പോൾ, ബർത്തലോമിയോയുടെ ഇന്ത്യാദൗത്യത്തെക്കുറിച്ചുള്ള ചരിത്രപാരമ്പര്യത്തിന് ഗണ്യമായ ഒരു അടിത്തറയുണ്ടെന്ന് കാണാൻ കഴിയും. ആദ്യകാല സഭയിലെ ആദരണീയരായ ചരിത്രകാരന്മാരും പണ്ഡിതന്മാരും അംഗീകരിക്കുകയും രേഖപ്പെടുത്തുകയും ചെയ്ത ഒരു സുസ്ഥാപിത പാരമ്പര്യമായിരുന്ന ബർത്തലോമിയോയുടെ ഇന്ത്യാദൗത്യം എന്ന ചരിത്രസത്യത്തിലേക്കാണ് ഈ സാക്ഷ്യങ്ങളെല്ലാം വിരൽചൂണ്ടുന്നത്.


ഇന്ത്യയുടെ ക്രൈസ്തവ ചരിത്രത്തിൽ അർഹിക്കുന്ന സ്ഥാനം

നാമവ്യത്യാസംപോലെ ചരിത്രത്തിലും ഒരളവുവരെ അവഗണിക്കപ്പെട്ട ഒരു അപ്പസ്തോലനായി അദ്ദേഹം മാറിയിരിക്കുന്നു. എന്നാൽ പുരാതന സഭാരേഖകളും പന്തേനസിന്റെ സാക്ഷ്യവും, എവുസെബിയൂസിന്റെയും വിശുദ്ധ ജെറോമിന്റെയും രേഖകളും, മറ്റനവധി ചരിത്രവസ്തുതകളും വ്യക്തമാക്കുന്നത്, ഇന്ത്യയിൽ സുവിശേഷം പ്രസംഗിക്കുകയും പിന്നീട് അർമേനിയയിലെത്തി തന്റെ പ്രേഷിതജീവിതം രക്തസാക്ഷിത്വത്തിലൂടെ പൂർത്തിയാക്കുകയും ചെയ്ത വിശുദ്ധനാണ് ബർത്തലോമിയോ എന്നാണ്. ഈ സഭാപാരമ്പര്യം, ഇന്ത്യയുടെ ആദിമ ക്രൈസ്തവചരിത്രത്തെ കൂടുതൽ വിശാലമായ ഒരു പശ്ചാത്തലത്തിൽ കാണാൻ നമ്മെ ക്ഷണിക്കുന്നു.

ചരിത്രത്തിന്റെ വെളിച്ചത്തിൽ പുനർവായിക്കപ്പെടേണ്ട ഒരു അപ്പസ്തോലനാണ് വിശുദ്ധ ബർത്തലോമിയോ. ഇന്ത്യയിലെ ക്രൈസ്തവചരിത്രത്തിൽ അദ്ദേഹത്തിന്റെ സംഭാവനയും സ്ഥാനവും കൂടുതൽ ഗൗരവത്തോടെ പഠിക്കപ്പെടേണ്ടതുണ്ട്. •

സ്മരണാഞ്ജലി

35-ാം ചരമവാർഷികം



ജെറമിയാസ്
പുതിയതുറ

28-ാം ചരമവാർഷികം



ക്രിസ്റ്റീന സെലസ്റ്റീന
പുതിയതുറ

20-ാം ചരമവാർഷികം



ലീയർ ഡിക്രൂസ്
(സെൻട്രൽ എക്സൈസ്,

40-ാം ചരമവാർഷികം



റൈമത്തൂസ്
വൈസ് പ്രസിഡന്റ്, കൊല്ലക്കോട്

6-ാം ചരമവാർഷികം



ജെറമിയാസ് ജോസഫ്
പുതിയതുറ

4-ാം ചരമവാർഷികം



പുതോൻസ്യാൾ
പുതിയതുറ

28-ാം ചരമവാർഷികം



ലോർദ്ദോൻ
പുതിയതുറ

43-ാം ചരമവാർഷികം



ആർ. ജെ. ലില്ലിക്കുട്ടി
പുതിയതുറ

11-ാം ചരമവാർഷികം



ജെസയ്യൻ
പുതിയതുറ

11-ാം ചരമവാർഷികം



കൊച്ചുത്രേസ്യ
മാർത്താണ്ഡംതുറ

6-ാം ചരമവാർഷികം



വി. ജെ. വർഗീസ്
കണ്ണാന്തുറ



വി. കൊച്ചുത്രേസ്യ: കനൽക്കട്ടയിലെ കനകപുഷ്പം

• ലേഖനം
ഫാ. ഇമ്മാനുവേൽ വൈ.



ദൈവസ്നേഹത്തിന്റെ വിശാലമായ ആകാശത്ത് വിരിഞ്ഞ റോസാപ്പൂവാണവൾ... കുഞ്ഞുകുഞ്ഞു സ്നേഹപ്രവർത്തികളിൽ സ്വർഗത്തിന്റെ സൗന്ദര്യം ദർശിച്ചവൾ... പൂക്കളുടെ ഇതളുപോലെ തന്റെ കൊച്ചു ജീവിതംകൊണ്ട് അതിന്റെ സുഗന്ധംപോലെ ലോകത്തെ മുഴുവൻ സുരഭിലമാക്കിവൾ... സ്നേഹിക്കാൻ കഴിയുന്ന ഹൃദയം തന്നെയാണ് ദൈവത്തിന് ഏറ്റവും മനോഹരമായ ആലയമെന്ന് പാടിയവൾ... ലോകത്തിന്റെ വേദിയിൽ വലിയ കഥാപാത്രമായിട്ടല്ല; ദൈവത്തിന്റെ ഹൃദയത്തിൽ സ്നേഹത്തിന്റെ പ്രിയപുത്രിയായിത്തീർന്നവൾ... നടന്ന വഴികളിൽ വലിയ കാല്പാടുകൾ അവശേഷിപ്പിച്ചില്ലെങ്കിലും ഓരോ ചുവടിലും സ്നേഹത്തിന്റെ വിത്തുപാകി കടന്നുപോയവൾ...

സഹനങ്ങൾ ജീവിതത്തിൽ തടസ്സങ്ങളല്ലെന്നും അവ ദൈവത്തോടുള്ള സ്നേഹ പ്രകടനമാണെന്നും പഠിപ്പിച്ച കനൽക്കട്ടയിലെ കനകപുഷ്പമാണ് വിശുദ്ധ കൊച്ചുത്രേസ്യ. സഹനത്തെ ദൈവസ്നേഹമെന്ന് നിർവചിച്ച ഈ വിശുദ്ധയുടെ ജീവിതത്തിലെ ചില ഏടുകളിലൂടെ യാത്ര ചെയ്യാം.

മരണത്തോടു മല്ലിടുമ്പോഴും ശാരീരിക യാതനകൾ സഹിക്കുമ്പോഴുമെല്ലാം അവൾ സർവ്വശക്തിയോടുംകൂടെ സ്വർഗത്തെ പ്രതീക്ഷിച്ചുകൊണ്ടിരുന്നു; എന്നാൽ സ്വർഗം അവൾക്കുനേരെ അടയ്ക്കപ്പെട്ടിരുന്നു. ജനലിലൂടെ തോട്ടത്തിലേയ്ക്ക നോക്കിയപ്പോൾ മരക്കൂട്ടത്തിനിടയിൽ അവൾ കുറുത്ത ഒരു ദ്വാരം കണ്ടു. ഉടനെ ആഗ്രഹസമ്മേയോടു പറഞ്ഞു: "ആത്മീയമായും ശാരീരികമായും ഞാൻ അതുപോലൊരു ദ്വാരത്തിലാണ്. ഹാ! എന്തൊരിരുട്ട്! എന്നാലും, അതിനുള്ളിലും ഞാൻ പ്രശാന്തതയിലാണ്." ഇതിനെ വിശുദ്ധ കൊച്ചുത്രേസ്യ "നിശാപീഡ"-"ഒരു അന്തർഭൗമികതുരങ്കം" എന്നോ 'കനത്ത മതിൽ' എന്നോ വിശ്വാസത്തിന്റെ പരീക്ഷണമെന്നോ വിളിക്കാമെന്ന് പറയും.

സെപ്റ്റംബർ 8-ാം തീയതി വ്രതവാഗ്ദാനത്തിന്റെ ഏഴാം വാർഷികം ആഘോഷിച്ചു. പൂക്കളുടെ കൂമ്പാരം അവളെ ആവരണം ചെയ്തു. കൃതജ്ഞതയോടെ മിഴിനീർ ചൊരിഞ്ഞ് അവൾ കരഞ്ഞു: "നല്ല ദൈവത്തിന് എന്റെ നേർക്കുള്ള അതീവ വാത്സല്യത്തിന് ഞാൻ നന്ദി പറയുന്നു; പുറമേയെല്ലാം പൂക്കൾ എന്നെ പൊതിയുന്നെങ്കിലും ഉള്ളിലെല്ലാം എപ്പോഴും പരീക്ഷണമാണ്... എന്നാലും ഞാൻ പ്രശാന്തതയിലാണ്." ജീവിതം പുറമേ പൂക്കൾ



കൊണ്ട് അലങ്കരിക്കപ്പെട്ടതാണെങ്കിലും ഉള്ളിൽ കൂർത്ത മുള്ളുകളാണെന്നും എന്നാൽ അതിനെ നേരിടാനുള്ള ശാന്തത ദൈവം തരുമെന്നും വിശുദ്ധ പഠിപ്പിക്കുന്നു.

പത്തൊൻപതു ദിവസത്തെ സാമാന്യം ശാന്തമായ നിലയ്ക്കുശേഷം അവസാനത്തെ പ്രതിസന്ധി ആരംഭിക്കുകയായിരുന്നു. കരളിന്റെ ഇടതുവശം ക്ഷയത്തിന്റെ പിടിയിൽ അമർന്നു കഴിഞ്ഞതിനാൽ ശ്വാസം മുട്ടലോടെയുള്ള സംസാരം വാക്കുകൾ മുറിച്ചുമുറിച്ചായിരുന്നു: "അമ്മച്ചി... ഭൂമിയിലെ വായു എന്നെ വെടിയുകയാണ്, സ്വർഗ്ഗത്തിലെ വായു നല്ല ദൈവം എപ്പോഴായിരിക്കും എനിക്കു തിരിക?... ഹാ! എന്റെ ശ്വാസോച്ഛ്വാസം ഒരിക്കലും ഇത്ര ഹ്രസ്വമായിരുന്നിട്ടില്ല!"

ഡോ. ഫ്രാൻസിസ് നെയേൽ കൊച്ചുത്രേസ്യയെ സന്ദർശിക്കുകയും അദ്ദേഹത്തിന്റെ പരിശോധനയിലാണ് രോഗിണിയായ കൊച്ചുത്രേസ്യ ക്ഷയ രോഗബാധിതയാണെന്ന് ആദ്യമായി വെളിപ്പെട്ടത്. ഇരുമ്പുമുള്ളുകളിൽമേൽ കിടക്കുന്നതുപോലെയാണ് അവൾക്ക് തോന്നിയിരുന്നത്. ഒരിക്കൽ അത്യന്തം ക്ഷീണിച്ച അവസ്ഥയിൽ അവൾ പറഞ്ഞു: "നല്ല ദൈവം ധൈര്യം തന്നില്ലായിരുന്നെങ്കിൽ എനിക്കെന്തു സംഭവിക്കുമായിരുന്നു? ഇതുപോലുള്ള വേദന സഹിച്ചെങ്കിൽ മാത്രമേ ഇതെന്തെന്നറിയാൻ സാധിക്കുകയുള്ളൂ; ഇല്ല, ഇതനുഭവിക്കുകതന്നെ വേണം. ഇടയ്ക്ക് വാവിട്ട് കരഞ്ഞുപോകുമ്പോൾ ക്ഷമാപണത്തോടെ അവൾ പറയുമായിരുന്നവത്രെ: "വിശ്വാസം എന്തൊരു അനുഗ്രഹമാണ്. എനിക്ക് വിശ്വാസമില്ലായിരുന്നെങ്കിൽ ഒരു നിമിഷംപോലും ശങ്കിക്കാതെ ഞാൻ ആത്മഹത്യ ചെയ്യുമായിരുന്നു."

ഈ അനുഭവങ്ങൾ നമ്മേയും ഓർമിപ്പിക്കുന്നത് ത്യാഗങ്ങളിലൂടെയാണ് സ്നേഹം പുഷ്ടിപ്പെടുന്നത് എന്നാണ്. വാടിപ്പോകുമെന്നറിഞ്ഞിട്ടും സുഗന്ധം പകരുന്ന പൂവുപോലെ, കത്തിത്തീരുമ്പോഴും വെളിച്ചം നൽകുന്ന തിരിപോലെ, സ്വയം ഇല്ലാതായി മറ്റുള്ളവരിൽ നന്മയായി നിലനില്ക്കുന്നതാണ് ത്യാഗമെന്നോതിയവളാണ് വി. കൊച്ചുത്രേസ്യ. ബാഹ്യവും ആന്തരികവുമായ ക്ലേശങ്ങളുടെ മൂശയിൽ ആത്മാവിനെ പാകപ്പെടുത്തിയവൾ നമുക്ക് മാതൃകയാണ്. തീനാവുകൾ ജീവിതത്തിനുചുറ്റും നൃത്തംചെയ്താലും അതിൽനിന്നുമൊരു കനകപുഷ്പം വിരിയുമെന്നതിൽ ആർക്കാണ് വിശ്വാസക്കുറവുള്ളത്.? ചൂടിന്റെ ചാരത്തിനിടയിലും സ്വർണനിറം കാത്തുസൂക്ഷിക്കുംപോലെ സഹനത്തിന്റെ മണ്ണിൽ പ്രതീക്ഷയുടെ പൂവുകൾ വിരിയുകതന്നെ ചെയ്യും.

കനൽക്കട്ട പറഞ്ഞു:
"എന്നിൽ തീയുണ്ട്."
കനകപുഷ്പം പുഞ്ചിരിച്ചുവത്രെ:
"എന്നിൽ വിരിയാനുള്ള ധൈര്യമുണ്ട്."

•



കൂട്ടിനൊരു കൊന്ത



• ലേഖനം
ഫാ. തോമസ് പാട്ടത്തിൽചിറ CMF

കണ്ണീർപ്രാർഥനകളിൽ കുതിരുന്ന കൊന്തകൾക്ക് വിണ്ണിനെ മണ്ണിലേക്ക് വലിച്ചിറക്കാനുള്ള കഴിവുണ്ട്.

കൊന്തമണികളുടെ മാസമാണ് ഒക്ടോബർ. പരിശുദ്ധ ജപമാലയുടെ രാജ്ഞിയായ കന്യകാമറിയത്തിന്റെ ബഹുമാനത്തിനും മാധ്യസ്ഥ്യത്തിനുമായി പതിവിലേറെ തീക്ഷ്ണതയോടും ആഘോഷത്തോടുംകൂടെ നാം ജപമാല ചൊല്ലുന്ന കാലഘട്ടം. കൊന്തമാലയെ കൂടുതൽ ഇഷ്ടപ്പെടാനും ആ അദ്ഭുതഹാരം കൂടിനു കൊണ്ടുനടക്കാനുമുള്ള ആഗ്രഹം ഈ നന്മനിറഞ്ഞ നാളുകൾ നമുക്ക് നല്കണം. അത്ര അമൂല്യമായവയാണ് ആ അപൂർവ്വമണികൾ. സ്വർഗത്തിൽ എത്തിച്ചേരാൻ നമ്മെ സഹായിക്കുന്ന ഏണിപ്പടികളാണ് അവയോരോന്നും. ശക്തനായ ദൈവത്തിന്റെ പരിപാലനയുടെ ചിറകിൻകീഴിൽ കഴിഞ്ഞിരുന്നവളും അനുഗ്രഹീതയും ഭാഗ്യവതിയുമായ മറിയത്തിന്റെ മനോജ്ഞമായ നാമം കൊത്തിവയ്ക്കപ്പെട്ടിട്ടുള്ള കൊന്തമണികളാകുന്ന കോവണിപ്പടികൾ മോക്ഷത്തിന്റെ മോഹനകവാടത്തിലേക്കാണ് ഉയർന്നുപോകുന്നത്. അവിടെ കണ്ണുംനട്ട് കരങ്ങൾനീട്ടി കാത്തിരിക്കുന്ന കരുണനിറഞ്ഞ ഒരമ്മയുണ്ട്.

വീഴ്ചവരുത്താതെയുള്ള കൊന്തനമസ്കാരം ആ കന്യകയ്ക്ക് നാം സമർപ്പിക്കുന്ന സ്തോത്രഗീതമാണ്. ഉരുവിടുന്ന ഓരോ നന്മനിറഞ്ഞ മറിയവും നമ്മുടെ അധരതംബുരുവിൽനിന്നുയരുന്ന സങ്കീർത്തനശകലമാണ്. അവയുടെ നാദലഹരിയിൽ നമിക്കപ്പെടുന്നതും വാഴ്ത്തപ്പെടുന്നതും നിർമലയായ ആ ജനനിയുടെ പുണ്യനാമമാണ്. അന്നൊരിക്കൽ അവളെ അഭിവാദനംചെയ്ത ഗബ്രിയേൽ ദൂതനു തുല്യരായി മാറുകയാണ് അപ്പോൾ നാം ഓരോരുത്തരും.

സുവിശേഷങ്ങളുടെ സംക്ഷിപ്തരൂപമാണ് കൈയിലേന്തുന്ന കൊച്ചുകൊന്ത. മാനവ മോചകന്റെ മനുഷ്യാവതാരത്തെക്കുറിച്ചുള്ള മംഗളവാർത്തമുതൽ മോക്ഷനാട്ടിലേക്കുള്ള അവിടത്തെ ആരോഹണംവരെയുള്ള രക്ഷാകരരഹസ്യങ്ങൾ എല്ലാംതന്നെ ജപമണികളാകുന്ന ജമന്തിമലരുകളിൽ ഇതൾ വിരിയുന്നുണ്ട്. അവയോരോന്നിനെക്കുറിച്ചും നാം മിഴികൾപൂട്ടി ധ്യാനിക്കുമ്പോൾ നമ്മുടെ കൊച്ചുജീവിതങ്ങളുടെ വരണ്ട മണലാരണ്യങ്ങളിൽ വീണ്ടെടുക്കലിന്റെ ശീതളഛായതെളിഞ്ഞുതുടങ്ങും. നമ്മുടെ സകല സഹനങ്ങളുടെയും നൊമ്പരങ്ങളുടെയും മുത്തുകൾ ആ പവിത്രമാലയിൽ കൊരുത്തുചേർക്കാൻ നമുക്ക് സാധിക്കും. കാരണം, നമ്മേക്കാൾ അധികമായി കദനങ്ങൾ സ്വന്തമായുണ്ടായിരുന്ന ഒരു സാധുസ്ത്രീജന്മത്തിന്റെ ഹൃദയത്തുടിപ്പുകളാണ് ജപമാലയിലുടനീളമുള്ളത്. അവയ്ക്കോരോന്നിനും നമ്മുടെ നോവുകളുടെ നിറവും മണവുമുണ്ട്. നമ്മുടെ അനുദിന ജീവിതത്തിലെ





കഷ്ടതകളെ അവയോടു കൂട്ടിവായിക്കാനാവും. മാറാവ്യാധികളുടെയും മാനസിക മുറിവുകളുടെയും മരണയാതനകളുടെയും മധ്യേ മാറോടുചേർത്തുപിടിക്കാൻ മാതാവ് നരവംശത്തിനു നല്കിയിരിക്കുന്ന ആശ്രയമാണത്.

കൊന്തമുത്തുകൾ ഉരുട്ടുന്ന വിരൽത്തുമ്പുകൾക്ക് കർത്താവിനെ അടുത്തനുഭവിക്കുന്നതിന്റെയും തൊട്ടറിയുന്നതിന്റെയും അവർണനീയമായ അനുഭൂതിയുണ്ടാവും. കാറ്റിലും കോളിലും, മഞ്ഞിലും മഴയിലും, ഇരുളിലും ഇടവഴികളിലും ഇടറാതെ നടന്നുനീങ്ങാനുള്ള ആത്മധൈര്യം അവ നമുക്ക് അനുനിമിഷം പ്രദാനം ചെയ്യും. സംസാരസാഗരത്തിലൂടെ കൊതുമ്പുവള്ളങ്ങളിലേറിയുള്ള നമ്മുടെ ജീവിതയാത്രയിൽ പ്രതീക്ഷയുടെ പങ്കായങ്ങൾ കൈവിട്ടുപോകുമ്പോൾ സമുദ്രതാരമായ നിത്യസഹായനാഥ നീട്ടിത്തരുന്ന കയർത്തുമ്പാണ് കൊന്ത. അതിൽ മുറുകെപ്പിടിച്ചു മുന്നേറിയാൽ രക്ഷയുടെ തീരത്ത് സുരക്ഷിതരായി എത്തിച്ചേരാൻ എളുപ്പമാണ്. കണ്ണീർപ്രാർഥനകളിൽ കുതിരുന്ന കൊന്തകൾക്ക് വിണ്ണിനെ മണ്ണിലേക്ക് വലിച്ചിറക്കാനുള്ള കഴിവുണ്ട്. അതിന്റെ പവിത്രതയെ തരംതാഴ്ത്തികാണിക്കുന്നവരും തള്ളിപ്പറയുന്നവരും വാസ്തവത്തിൽ വരദാനങ്ങളുടെ വലിയൊരു പങ്ക് നഷ്ടമാക്കുകയാണ് ചെയ്യുന്നത്. ആകയാൽ, കൊന്ത ക്രൈസ്തവകുടുംബങ്ങളുടെ കണ്ഠാഭരണമായിരിക്കണം.

കൃപകളുടെ മുത്താരമാണ് കൊന്ത. സുസ്ഥിരമായ സ്വാതന്ത്ര്യത്തിലേക്കും സ്വർഗഭാഗ്യത്തിലേക്കും പ്രയാണംചെയ്ത ഒരു പെറ്റമ്മയുടെ പദമുദ്രണങ്ങളാണ് ജപമണികളുടെ പ്രതലങ്ങളിൽ പതിഞ്ഞുകിടക്കുന്നത്. പണ്ടൊരിക്കൽ പറുദീസയിൽ ആദിമാതാപിതാക്കളെ അറിവിന്റെ കനികാട്ടി കൊതിപ്പിച്ച് അനുസരണക്കേടിനു പ്രേരിപ്പിച്ച് ഇരുവർക്കും ശിക്ഷ വാങ്ങിക്കൊടുത്തത് നടുവിലത്തെ വൃക്ഷക്കൊമ്പിൽ കിടന്ന വലിയൊരു നാഗമായിരുന്നെങ്കിൽ, ഇന്ന് മനുഷ്യകുലത്തെ മുഴുവൻ ചുറ്റിവരിഞ്ഞ് രക്ഷാബന്ധനമായി കിടക്കുന്നത് കൊന്തമാലയാണ്. പ്രണവനാഥൻ തന്റെ പ്രാണനായ വിശ്വവധുവിനു ചാർത്തിയ വിശുദ്ധമായ വരണമാല്യം. ചെറുതോ വലുതോ ആയ ഏതെങ്കിലുമൊരു ആപത്ഘട്ടത്തിൽ ജപമാല നമ്മുടെ ആശ്രയമായി ഭവിച്ചിരിക്കാം. തീർത്തും അപ്രതീക്ഷിതമായ കരുതലിന്റെ ഒരനുഭവം അത് നമുക്ക് നല്കിയിരിക്കാം. ഇല്ലെങ്കിൽ, അങ്ങനെയൊന്ന് നമ്മുടെ മുന്നോട്ടുള്ള യാത്രയിൽ എവിടെയോ നമ്മെ കാത്തിരിപ്പുണ്ട്. കഴുത്തിലണിയുന്ന കൊന്തയ്ക്ക് പത്തരമാറ്റുള്ള പൊന്നാഭരണത്തേക്കാൾ പൊലിമയും അഴകുമുണ്ട്. കീശയിൽ ഒരു മൊബൈൽ ഫോണുള്ളത് നല്ലതുതന്നെ. ആപത്തുകളിൽ ആരെയെങ്കിലും സഹായത്തിനായി വിളിക്കാൻ അതുപകരിക്കും. കൂട്ടിനൊരു കൊന്ത കരുതുന്നതും നന്ന്. അത്യാഹിതങ്ങളെ ഒരു വലിയ പരിധിവരെ അകറ്റിനിർത്താനുള്ള അദ്ഭുതശക്തി അതിന് കണിശമായുമുണ്ട്.

കൊന്തമണികൾ കൈയിലുരുളുന്ന നിമിഷങ്ങളിൽ ആത്മാവിൽ നാം അനുഭവിക്കുന്ന ആനന്ദത്തിന് എന്തോ ഒരു പ്രത്യേകതയുണ്ട്. ചന്തമെഴുന്ന അമ്മ മേരിയെക്കുറിച്ചുള്ള ചിന്തപോലും ഒരാശ്വാസമാണ്. ജീവിതപാത്രത്തിൽ ആധികളും വ്യാധികളുമൊക്കെ അന്തമില്ലാതെ വെള്ളമുകുമ്പോൾ ആന്തരികശൈത്യമേകാൻ കന്യാകുമാരിയായ മറിയത്തിന്റെ മാധ്യസ്ഥ്യത്തിനു സാധിക്കും. അശാന്തിയുടെ ആധിക്യത്തിൽ നമ്മുടെ ജീവിതത്തിന്റെ കാന്തി മങ്ങാതിരിക്കാൻ ഉള്ളിൽ ഒരു റാന്തലായി എന്നും തെളിഞ്ഞുനില്ക്കണേ എന്ന് ആ അമ്മയോട് പ്രാർഥിക്കാം. അന്ത്യചോരത്തുള്ളികൾ ചിന്തിയവേളയിൽ ക്രൂശിതൻ ഒരു ചെന്തിരിയായി നമുക്ക് തന്ന കന്യാംബികയെ സ്വന്തം അമ്മയായി സ്വീകരിച്ചുകൊണ്ട് ആയുസ്സിലെ ശേഷിക്കുന്ന ദൂരം നടക്കാൻ പവിത്രമായ ജപമാല നമ്മെ പ്രാപ്തരാക്കട്ടെ. ഓർക്കണം, ഒരിക്കൽ മൃതിമഞ്ചലിൽ കിടക്കുമ്പോൾ കൈവിരലുകളെ ചുറ്റിക്കിടക്കാനും കൂടെവരാനും ഒരു കുരിശും കൊന്തയുമേ കാണുകയുള്ളൂ.

•



• കാനോൻ നിയമം

ഔദ്യോഗിക ആരാധനയുടെ അധികാരി



ഫാ. ജോസ് ജി., അതിരൂപത ചാൻസിലർ

ലത്തീൻ സഭയ്ക്കുവേണ്ടിയുള്ള കാനോൻ നിയമം (CIC) 331, 336 പ്രകാരം, സഭയുടെ പരമാധികാരം നിക്ഷിപ്തമായിരിക്കുന്നത് റോമാ സഭയുടെ മെത്രാൻകൂടിയായ പാപ്പയിലും, പാപ്പ തലവനായുള്ള മെത്രാൻ സംഘത്തിലുമാണ്. തലവനില്ലാതെ മെത്രാൻ സംഘത്തിന് സാർവത്രികസഭയുടെമേൽ പരമാധികാരമില്ല. റീത്തുകളിൽ വൈവിധ്യമുണ്ടെങ്കിലും കത്തോലിക്കാ സഭയുടെ ആരാധനയ്ക്ക് ഔദ്യോഗിക സ്വഭാവം വരുന്നത് സഭയുടെ പരമാധികാരിയായ പാപ്പയുടെ അംഗീകാരത്തോടെയാണ്.

സാർവത്രിക സഭയുടെ ആരാധന കർമത്തിന്റെ അധികാരി, മേൽനോട്ടം, ആരാധനക്രമം, ആരാധനക്രമപുസ്തകങ്ങളുടെ ഭാഷാവിവർത്തനം എന്നീ കാര്യങ്ങൾ എങ്ങനെയായിരിക്കണമെന്ന് CIC 838, SC 22 (രണ്ടാം വത്തിക്കാൻ സൂനഹദോസിന്റെ ആരാധനക്രമം സംബന്ധിച്ച പ്രമാണരേഖ) വിവരിക്കുന്നു. അതനുസരിച്ച്,

4. ആരാധനക്രമ പുസ്തകങ്ങളുടെ പ്രാദേശിക ഭാഷാവിവർത്തനം, ആരാധനക്രമ പുസ്തകം അനുവദിക്കുന്ന ഉചിതമായ അനുരൂപണം പരിശുദ്ധ സിംഹാസനത്തിന്റെ മുൻകൂട്ടിയുള്ള അംഗീകാരത്തോടെ ഭാഷാവിവർത്തനങ്ങൾ പ്രസിദ്ധീകരിക്കുക എന്നിവ മെത്രാന്മാരുടെ കോൺഫറൻസിന്റെ അധികാരമാണ്. (ആരാധനക്രമ പുസ്തകത്തിന്റെ പ്രാദേശിക ഭാഷാവിവർത്തനം മെത്രാന്മാരുടെ സമിതി അംഗീകരിച്ചാൽ അപ്പസ്തോലിക സിംഹാസനത്തിന്റെ മുൻകൂർ അനുമതി കൂടാതെ പ്രസിദ്ധീകരിക്കാൻ ഫ്രാൻസിസ് പാപ്പ അനുമതി നല്കിയിട്ടുള്ളതാണ്).

5. തന്റെ അധികാര പരിധിക്കുള്ളിൽ, തന്നെ ഏല്പിച്ചിരിക്കുന്ന സഭയിൽ എല്ലാവരെയും ബാധിക്കുന്ന ആരാധനക്രമം സംബന്ധിച്ച നിർദേശം നല്കാൻ രൂപതാ മെത്രാന് അധികാരമുണ്ട്.



1. ആരാധന കർമത്തിന്റെ അധികാരി അപ്പസ്തോലിക സിംഹാസനമാണ്.

2. അപ്പസ്തോലിക സിംഹാസനത്തിന്റെ നിർദേശപ്രകാരം ആരാധന കർമത്തിന്റെ മേൽനോട്ടം രൂപതാ മെത്രാനുള്ളതാണ്.

3. ആരാധനക്രമം നിയന്ത്രിക്കുക, ആരാധന ക്രമപുസ്തകങ്ങൾ പ്രസിദ്ധീകരിക്കുക, അവയുടെ പ്രാദേശിക ഭാഷാവിവർത്തനം പരിശോധിക്കുക, ആരാധനക്രമം വിശ്വസ്തതയോടെ പാലിക്കുന്നുവെന്ന് ജാഗ്രത പുലർത്തുക എന്നിവ അപ്പസ്തോലിക സിംഹാസനത്തിന്റെ അധികാരമാണ്.

CIC 846-1 പ്രകാരം, ചുമതലപ്പെട്ട അധികാരി അംഗീകരിച്ച ആരാധനക്രമപുസ്തകങ്ങൾ കൂദാശകളുടെ ആഘോഷങ്ങളിൽ വിശ്വസ്തതയോടെ പാലിക്കേണ്ടതാണ്. അതിനാൽ, ആരും സ്വന്തം താല്പര്യത്താൽ ഈ പുസ്തകങ്ങളിൽ ഒന്നും കൂട്ടിച്ചേർക്കുകയോ നീക്കം ചെയ്യുകയോ മാറ്റം വരുത്തുകയോ ചെയ്യരുത്. അതുകൊണ്ടുതന്നെ, സഭയുടെ ഔദ്യോഗിക ആരാധന വ്യക്തികളുടെയോ, പ്രാദേശിക സഭകളുടെയോ വിവേചനാധികാരപരിധിയിൽ വരുന്നില്ല. CIC 846-2 പ്രകാരം, കാർമികൻ സ്വന്തം റീത്തനുസരിച്ചാണ് കൂദാശകൾ പരികർമം ചെയ്യേണ്ടത്. പൗരസ്ത്യ സഭകൾക്കുവേണ്ടിയുള്ള ഡിക്കാസ്റ്ററിയുടെ അനുമതി (Indult)കൂടാതെ ഇതര റീത്തനുസരിച്ചുള്ള ആരാധനയിൽ പുരോഹിതൻ മുഖ്യകാർമികൻ ആകാൻപാടില്ലാത്തതാകുന്നു.

•

വിദ്യാഭ്യാസശുശ്രൂഷ, തിരുവനന്തപുരം അതിരൂപത

സ്റ്റുഡൻസ് ഫോറം യോഗസഹായി

ഒക്ടോബർ മാസത്തെ യോഗസഹായി (5,6,7 ക്ലാസുകൾക്ക്)



> പ്രാർഥനാഗാനം
> പ്രാർഥന (എല്ലാവരും ഏറ്റുചൊല്ലുന്നു)

കാരുണ്യവാനായ ദൈവമേ, ജീവൻ അങ്ങയുടെ ദാനമാണെന്നു ഞങ്ങളറിയുന്നു. ശുദ്ധമായ ഹൃദയവും വിശുദ്ധമായ ചിന്തകളും ഞങ്ങൾക്കു നൽകണമേ. ശുചിത്വം എന്റെ ഉത്തരവാദിത്വമാണ് എന്ന ബോധത്തോടെ ജീവിക്കാനും മറ്റുള്ളവർക്ക് നന്മയും മാതൃകയും ആകാനും ഞങ്ങളെ അനുഗ്രഹിക്കണമേ. ശുദ്ധമായ പരിസരവും ശുദ്ധമായ മനസ്സും ചേർന്ന് നല്ലൊരു ജീവിതം പടുത്തുയർത്തുവാനും ഞങ്ങളെ സഹായിക്കണമേ. ആമേൻ.

1സ്വർഗ, 1നന്മനിറഞ്ഞ മറിയമേ, 1ത്രിത്വസ്തുതി

> സ്വാഗതം (പ്രസിഡൻറ്)
> റിപ്പോർട്ട് (സെക്രട്ടറി)
> ഹാജർ (സെക്രട്ടറി)
> അധ്യക്ഷപ്രസംഗം (പ്രസിഡന്റ്)

പ്രിയപ്പെട്ട കൂട്ടുകാരേ, ഈ മാസത്തെ ചിന്താവിഷയം "ശുചിത്വം ആരോഗ്യത്തിന് "എന്നതാണ്. ലോകത്തെ മുഴുവൻ ഭീതിയിലാഴ്ത്തി അനേകം മനുഷ്യജീവൻ അപഹരിച്ചു കടന്നുപോയ കോവിഡ് എന്ന മഹാമാരി നമുക്ക് ഒരുപാട് പാഠങ്ങൾ പഠിപ്പിച്ചുതന്നു. ഒരു സൂക്ഷ്മാണുവിന്റെ മുന്നിൽ മനുഷ്യജീവൻ എത്ര നിസ്സാരമാണെന്ന് ഞെട്ടലോടെയാണ് ലോകം തിരിച്ചറിഞ്ഞത്. അതോടൊപ്പം പരിപൂർണ ശുചിത്വം ആരോഗ്യത്തിന് എത്രമാത്രം അനിവാര്യമായ ഘടകമാണെന്നും നാം മനസ്സിലാക്കി.

അനാരോഗ്യാവസ്ഥയുള്ള കാരണങ്ങളേവ?



ശുചിത്വമില്ലായ്മ
അശുദ്ധ
രോഗപ്രതിരോധശേഷിക്കുറവ്
തെറ്റായ ദക്ഷണശീലം

.....
.....



1. ദന്ത സംരക്ഷണം.

ഇതിന് നാം എന്തൊക്കെ ശ്രദ്ധിക്കണം

.....
.....
.....



2. തലമുടിയുടെ പരിചരണം.

മുടിയുടെ പരിചരണത്തിൽ നാം ശ്രദ്ധിക്കേണ്ട കാര്യങ്ങൾ എന്തൊക്കെ?

.....
.....
.....



3. നഖങ്ങളുടെ സംരക്ഷണം. ശ്രദ്ധിക്കേണ്ട കാര്യങ്ങൾ എന്തൊക്കെ?

.....
.....
.....

> വായന പരിശീലനം
(ന്യൂസ് പേപ്പർ എഡിറ്റോറിയൽ പേജ് (മലയാളം /ഇംഗ്ലീഷ്)

> പ്രസംഗ പരിശീലനം
(അഞ്ചുപേർ 2 മിനിറ്റ് വീതം)
വിഷയം:

- ശുചിത്വം നമ്മുടെ ഉത്തരവാദിത്വം
- ശുചിത്വമുള്ള വീട്, ആരോഗ്യമുള്ള കുടുംബം
- ശുദ്ധമായ മനസ്സ്, ശുദ്ധമായ പരിസരം

> ജന്മദിനാശംസകൾ/ അഭിനന്ദനങ്ങൾ

> വിദ്യാഭ്യാസ സമിതിയിൽനിന്നുള്ള അറിയിപ്പുകൾ (ഇടവക/ ഫൊറോന/രൂപത)

> ചർച്ച:

> അടുത്ത മാസത്തെ പ്രവർത്തനം:

നിങ്ങളുടെ ബാഗിനുള്ളിൽ കാണപ്പെടുന്ന കീറിയ കടലാസ്, പാഴ്വസ്തുക്കൾ ശേഖരിച്ച് നിശ്ചിത സ്ഥാനത്ത് നിക്ഷേപിക്കുക.

> നന്ദി
> മാതാവിനോടുള്ള ഗാനം

യോഗസഹായി (8,9,10 ക്ലാസുകൾക്ക്)

> പ്രാർഥനാഗാനം
> പ്രാർഥന (എല്ലാവരും ഏറ്റുചൊല്ലുന്നു)

സ്നേഹസ്വരൂപനായ ദൈവമേ, ഞങ്ങളുടെ കർത്തവ്യങ്ങൾ സ്നേഹത്തോടും ആത്മാർത്ഥതയോടുംകൂടി നിർവഹിക്കുവാനുള്ള മനസ്സും ശക്തിയും നൽകണമേ. ചെറിയ ഉത്തരവാദിത്വങ്ങളെപോലും അവഗണിക്കാതെ വിശ്വസ്തതയോടെ ചെയ്യുവാൻ ഞങ്ങളെ പഠിപ്പിക്കണമേ. ഞങ്ങളുടെ പ്രവർത്തനങ്ങളിലൂടെ മറ്റുള്ളവർക്ക് നന്മയും സന്തോഷവും പകരുവാനും ഉത്തരവാദിത്വങ്ങളെ ദൈവസേവനമായി കാണുവാനും ഞങ്ങളെ സഹായിക്കണമേ. ആമേൻ.

1സ്വർഗ, 1നന്മനിറഞ്ഞ മറിയമേ, 1ത്രീത്വസ്തുതി

> സ്വാഗതം (പ്രസിഡൻറ്)
> റിപ്പോർട്ട് (സെക്രട്ടറി)
> ഹാജർ (സെക്രട്ടറി)
> അധ്യക്ഷപ്രസംഗം (പ്രസിഡന്റ്)

പ്രിയപ്പെട്ട കൂട്ടുകാരേ, ഈ മാസത്തെ ചിന്താവിഷയം "കർത്തവ്യബോധം സുപ്രധാനം' എന്നതാണ്.

മറ്റുള്ളവരുടെ നിലയും അവസ്ഥയും മനസ്സിലാക്കി ആവശ്യമായ ഇടപെടലുകൾ നടത്തേണ്ടത് ഒരാളുടെ ഉത്തരവാദിത്വമാണ്. ഒരു കഥകേട്ടാലോ? മറ്റുള്ളവരോടൊപ്പം ഉച്ചഭക്ഷണം കഴിക്കാൻ ടിഫിൻ ബോക്സുമായി ആൽബർട്ടും ഇരുന്നു. എല്ലാവരും ഭക്ഷണം കഴിക്കാൻ പാത്രം തുറന്നപ്പോൾ അവനും പാത്രം തുറന്നു. പതിവുപോലെ ഭക്ഷണം കഴിച്ചെന്നു വരുത്തി അവൻ പൈപ്പിൻ ചുവട്ടിലേക്ക് നടന്നു. കൈകഴുകി മടങ്ങിവന്നപ്പോൾ കൂട്ടുകാരെല്ലാം ഭക്ഷണം കഴിഞ്ഞ് പോയിരുന്നു. തന്റെ ടിഫിൻ ബോക്സ് എടുത്ത ആൽബർട്ട് അതിനുള്ളിൽ ഭക്ഷണ വിഭവങ്ങൾ നിറഞ്ഞിരിക്കുന്നതുകണ്ട് അതിശയിച്ചു. സന്തോഷംകൊണ്ട് അവന്റെ കണ്ണുകൾ നിറഞ്ഞു. സുഹൃത്തുക്കളുടെ മുഖം ഒന്നൊന്നായി അവന്റെ മനസ്സിലൂടെ നന്ദിപൂർവം കടന്നുപോയി. ഒരു വ്യക്തി നാല് വ്യത്യസ്തതലങ്ങളിൽ തന്റെ ഉത്തരവാദിത്വം നിറവേറ്റേണ്ടതുണ്ട്. അവരവരോട്, കുടുംബത്തോട്, സമൂഹത്തോട്, തൊഴിലിനോട്. ഈ നാല് മേഖലയിലും ഒരുപോലെ തന്റെ കടമകളും ഉത്തരവാദിത്വങ്ങളും നിറവേറ്റുമ്പോൾ മാത്രമാണ് അയാൾ ഉത്തമ പൗരനായി ഗണിക്കപ്പെടുന്നത്.

ഗ്രൂപ്പ് ചർച്ച - സാമൂഹിക ഉത്തരവാദിത്വങ്ങൾ

- Red Cross, SPC, NCC, NSS, Scouts & Guides പോലുള്ള സാമൂഹികസേവന സംഘടനകളിൽ അംഗം ആയിട്ടുണ്ട്
- പ്രകൃതി സംരക്ഷണ പ്രവർത്തനങ്ങളിൽ ഏർപ്പെടാറുണ്ട്
- സോഷ്യൽ മീഡിയയുടെ ഉപയോഗത്തിൽ മാന്യത പുലർത്താറുണ്ട്
- വൈദ്യുതി, ജലം, ഭക്ഷണം മുതലായവ പാഴാക്കാതെ വിനിയോഗിക്കാറുണ്ട്
- സാമൂഹിക നിയമങ്ങൾ കൃത്യമായി പാലിക്കാറുണ്ട്
- ബന്ധങ്ങൾ ക്രിയാത്മകമായി കാത്തു സൂക്ഷിക്കുന്നതിൽ ശ്രദ്ധിക്കാറുണ്ട്.

¨ ചർച്ചാ റിപ്പോർട്ട് (2 പേർ)

പ്രസംഗ പരിശീലനം

(അഞ്ചുപേർ 2 മിനിറ്റു വീതം)

വിഷയം:

- വിദ്യാർത്ഥിയും കർത്തവ്യബോധവും
- കർത്തവ്യബോധം - വിജയത്തിലേക്കുള്ള ആദ്യപടി
- ചെറിയ കർത്തവ്യങ്ങൾ, വലിയ മാറ്റങ്ങൾ

വിലയിരുത്തൽ (2 പേർ)

വായന പരിശീലനം

(ന്യൂസ് പേപ്പർ എഡിറ്റോറിയൽ പേജ് (മലയാളം /ഇംഗ്ലീഷ്)

ക്വിസ് മത്സരം

മത്സരങ്ങൾ (ഉപന്യാസം, കവിത, കഥ, ചിത്രരചന)

- കർത്തവ്യം ഒരു ഭാരമല്ല, ഉത്തരവാദിത്വമാണ്
- അവഗണിക്കപ്പെടുന്ന കർത്തവ്യങ്ങൾ
- സമൂഹത്തോടുള്ള നമ്മുടെ ഉത്തരവാദിത്വം

> ജന്മദിനാശംസകൾ/ അഭിനന്ദനങ്ങൾ

> വിദ്യാഭ്യാസ സമിതിയിൽനിന്നുള്ള അറിയിപ്പുകൾ (ഇടവക/ ഫൊറോന/രൂപത)

> ചർച്ച:

> പ്രവർത്തനം:

ചുവടെ നൽകിയിരിക്കുന്ന ചോദ്യങ്ങൾക്ക് ഉചിതമായ ഗ്രേഡ് രേഖപ്പെടുത്തുക


"എന്റെ ഉത്തരവാദിത്വങ്ങൾ"

- പഠനം സമയം കൃത്യമായി വിനിയോഗിക്കുന്നു
- ഹോം വർക്കുകൾ യഥാസമയം പൂർത്തീകരിക്കുന്നു.
- വായനയ്ക്കും, വാർത്തകൾ കാണുന്നതിനും സമയം കണ്ടെത്തുന്നു
- മുത്തച്ഛനേയും മുത്തശ്ശിയേയും പരിചരിക്കാൻ സമയം കണ്ടെത്തുന്നു.
- സഹോദരങ്ങളെ സഹായിക്കുന്നു.
- വീടും പരിസരവും വൃത്തിയാക്കാൻ മാതാപിതാക്കളെ സഹായിക്കുന്നു.
- സ്വന്തം ഉത്തരവാദിത്വങ്ങൾ കൃത്യതയോടെ നിർവഹിക്കുന്നു (വസ്ത്രമലക്കൽ, പാത്രം കഴുകൽ...)
- വ്യക്തിശുചിത്വവും പരിസരശുചിത്വവും ഉറപ്പാക്കാറുണ്ട്.

പൂർത്തിയാക്കിയ രേഖകളുടെ അടിസ്ഥാനത്തിൽ നിങ്ങളുടെ ഉത്തരവാദിത്വബോധം സ്വയം കണ്ടെത്തി ആവശ്യമായ മാറ്റങ്ങൾ വരുത്തുക.

> നന്ദി

> മാതാവിനോടുള്ള ഗാനം



അഭിനന്ദനങ്ങൾ

ബിജി ആർ. മോഹൻ

ടാറ്റാ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് സോഷ്യൽ സയൻസ്, മുംബൈയിൽനിന്നും പബ്ലിക് ഹെൽത്തിൽ ഡോക്ടറേറ്റ് നേടിയ ബിജി ക്രിസ്തുരാജപുരം ഇടവക അംഗമായ അന്ന റീറ്റയുടെയും മോഹനന്റെയും മകളും കോഴിക്കോട് നിർമല ഹോസ്പിറ്റലിലെ ഗ്യാസ്ട്രോ എൻട്രോളജി സ്പെഷ്യലിസ്റ്റ് ഡോ. രാജേഷിന്റെ ഭാര്യയുമാണ്.

• ലേഖനം
അജിത് വെണ്ണിയൂർ



പ്രത്യാശയുടെ പ്രത്യയശാസ്ത്രം

ഗാന്ധിയുടെ മഹത്ത്വം അദ്ദേഹത്തിന്റെ സധീരമായ പോരാട്ടങ്ങളിലല്ല, സംശുദ്ധമായ ജീവിതത്തിലാണ്. സംഹാരശക്തികൾ താണ്ഡവമാടിയ കാലത്ത് ആത്മാവിന്റെ രചനാത്മകമായ ശക്തിയെയും ജീവദത്തമായ ഗുണത്തെയും ഉദ്ദീപിപ്പിച്ചതാണ് അദ്ദേഹത്തിന്റെ യഥാർഥ സംഭാവന.

ഒരു വ്യക്തിയുടെ ജീവിതം ഒരു രാഷ്ട്രത്തിന്റെയും ഒരു കാലഘട്ടത്തിന്റെയും ചരിത്രവുമായി താദാത്മ്യം പ്രാപിക്കുക എന്നത് ലോകചരിത്രത്തിൽ അത്യപൂർവമായി മാത്രം സംഭവിക്കുന്ന ഒന്നാണ്. കഴിഞ്ഞ ഒന്നര നൂറ്റാണ്ടിൽ ലോകം ഇന്ത്യയിൽ ദർശിച്ചത് അതാണ്. മഹാത്മാഗാന്ധിയുടെ ജീവിതം നാൾകഴിയുന്തോറും മാനവരാശിക്കൊരു പാഠപുസ്തകമായി മാറിക്കൊണ്ടിരിക്കുന്നത് അതുകൊണ്ടു കൂടിയാണ്. മഹാത്മാഗാന്ധിയുടെ എഴുപതാം പിറന്നാൾദിനത്തിൽ മഹാനായ ചിന്തകൻ ഡോ.സർവേപ്പള്ളി രാധാകൃഷ്ണൻ ഇങ്ങനെ എഴുതി: "ഭൂമിയിൽ മാനവചരിത്രത്തിലെ മഹനീയമായ യാഥാർഥ്യം അവന്റെ ഭൗതികനേട്ടങ്ങളല്ല; അവർ ഉണ്ടാക്കുകയും തകർക്കുകയും ചെയ്ത സാമ്രാജ്യങ്ങളല്ല; സത്യവും നന്മയും ആരാഞ്ഞുകൊണ്ടുള്ള അവന്റെ ആത്മാവിന്റെ കാലാനുഗതമായ വളർച്ചയാണ്. ആത്മാവിന്റെ ഈ സാഹസികയാത്രയിൽ പങ്കെടുക്കുന്നവർക്ക് മനുഷ്യസംസ്കാരത്തിന്റെ ചരിത്രത്തിൽ സ്ഥാനം ലഭിക്കുന്നു. അനേകം വീരയോദ്ധാക്കളെ ചരിത്രം വിസ്മരിച്ചിട്ടുണ്ടാകാം. പക്ഷേ തപസ്വികൾ ഇന്നും എന്നും ജീവിക്കുന്നു. ഗാന്ധിയുടെ മഹത്ത്വം അദ്ദേഹത്തിന്റെ സധീരമായ പോരാട്ടങ്ങളിലല്ല, സംക്ഷുദ്ധമായ ജീവിതത്തിലാണ്. സംഹാരശക്തികൾ താണ്ഡവമാടിയകാലത്ത് ആത്മാവിന്റെ രചനാത്മകമായ ശക്തിയെയും ജീവദത്തമായ ഗുണത്തെയും ഉദ്ദീപിപ്പിച്ചതാണ് അദ്ദേഹത്തിന്റെ യഥാർഥ സംഭാവന."

ഗാന്ധി പലയാവർത്തി പറഞ്ഞു - ഞാൻ ഒരു പ്രത്യയശാസ്ത്രവും മുന്നോട്ടുവയ്ക്കുന്നില്ല. ഞാൻ പറഞ്ഞതും എഴുതിയതുമെല്ലാം എനിക്കൊപ്പം അവസാനിക്കും. കാരണം പലതും കാലം ചെല്ലുമ്പോൾ കാലഹരണപ്പെട്ടും. അത് അനിവാര്യമാണ്. എന്നാൽ കാലംകഴിയുംതോറും ഗാന്ധിതന്നെ ഒരു പ്രത്യയശാസ്ത്രമായി മാറുന്ന കാഴ്ചയാണ് നാം ലോകമെമ്പാടും കാണുന്നത്: പ്രത്യാശയുടെ പ്രത്യയശാസ്ത്രം. ഗാന്ധിയെ ഓർക്കുന്നത് അദ്ദേഹത്തിന്റെ ചിത്രം പൂജിക്കുന്നതിലല്ല; അദ്ദേഹം ഉയർത്തിയ ചോദ്യങ്ങളെ സ്വന്തം കാലത്തോട് ചോദിക്കുന്നതിലാണ്. അതുകൊണ്ടുതന്നെ ഗാന്ധിയെ വെറും സ്വാതന്ത്ര്യസമരനായകനായി വായിക്കുന്നത് അദ്ദേഹത്തിന്റെ ജീവിതത്തിന്റെ വലിയൊരു ഭാഗം കാണാതെ പോകുന്നതാണ്. ഗാന്ധി രാഷ്ട്രീയ സ്വാതന്ത്ര്യത്തിനുവേണ്ടി പോരാടിയ വിപ്ലവകാരിയായിരുന്നു; അതോടൊപ്പം മനുഷ്യന്റെ ഉള്ളിലും സമൂഹത്തിന്റെ ഘടനയിലും മാറ്റം ആവശ്യപ്പെട്ട സാമൂഹിക വിപ്ലവകാരിയും ആയിരുന്നു. അദ്ദേഹത്തിന്റെ വിപ്ലവത്തിന് തോക്കില്ലായിരുന്നു. ബോംബില്ലായിരുന്നു. അധികാരത്തിന്റെ സിംഹാസനവുമില്ലായിരുന്നു. പകരം കൈയിൽ ഉണ്ടായിരുന്നത് സത്യവും അഹിംസയും ആയിരുന്നു. ഇതുതന്നെയായിരുന്നു അതിന്റെ അസാധാരണമായ ശക്തി.





പീറ്റർമാരിറ്റ്സ്ബർഗിൽ നിന്ന് സത്യാഗ്രഹത്തിലേക്ക്

ഗാന്ധിയിലെ വിപ്ലവകാരിയെ ആദ്യം ഉണർത്തിയത് ദക്ഷിണാഫ്രിക്കയിലെ വംശീയ വിവേചനത്തിന്റെ അനുഭവങ്ങളായിരുന്നു. പീറ്റർമാരിറ്റ്സ്ബർഗ് റെയിൽവേ സ്റ്റേഷനിൽ ഒന്നാം ക്ലാസ് ടിക്കറ്റുണ്ടായിരുന്നിട്ടും വംശത്തിന്റെ പേരിൽ തീവണ്ടിയിൽനിന്ന് പുറത്താക്കപ്പെട്ട ആ രാത്രി ഒരു മനുഷ്യന്റെ വ്യക്തിപരമായ അപമാനത്തിന്റെ രാത്രി മാത്രമായിരുന്നില്ല. അത് പിന്നീട് ലോകത്തിന്റെ രാഷ്ട്രീയചരിത്രത്തെ സ്വാധീനിച്ച ഒരു പുതിയ പ്രതിരോധരീതിയുടെ ജനനരാത്രിയായി. അനീതിക്കെതിരെ ഹിംസയിലൂടെ തിരിച്ചടിക്കുന്നതിനുപകരം, അനീതിയെ അനുസരിക്കാൻ വിസമ്മതിക്കുകയും അതിന്റെ ശിക്ഷ ഏറ്റുവാങ്ങാൻ തയ്യാറാവുകയും ചെയ്യുക - ഈ ചിന്തയാണ് പിന്നീട് സത്യഗ്രഹമായി രൂപപ്പെട്ടത്. സത്യഗ്രഹം വെറും സമരമാർഗമല്ലായിരുന്നു; സത്യത്തിൽ ഉറച്ചുനിൽക്കുന്ന മനുഷ്യന്റെ ആത്മശക്തിയിലുള്ള വിശ്വാസമായിരുന്നു. ലക്ഷ്യം ശത്രുവിന്റെ മനസ്സാക്ഷിയെ ഉണർത്തുക എന്നതായിരുന്നു; ശത്രുവിനെ നശിപ്പിക്കുക എന്നതല്ല. രാഷ്ട്രീയ വിപ്ലവത്തിന്റെ ചരിത്രത്തിൽ ഇതൊരു വലിയ വഴിത്തിരിവായിരുന്നു.

ഭാരതത്തെ കണ്ടെത്തിയ ഗാന്ധി

1915-ൽ ഭാരതത്തിൽ തിരിച്ചെത്തിയ ഗാന്ധി ആദ്യം ചെയ്തത് അധികാരകേന്ദ്രങ്ങളിൽ ഇരുന്ന് രാജ്യത്തെ പഠിക്കുകയായിരുന്നില്ല. അദ്ദേഹം തെരുവുകളിലേക്കിറങ്ങി. മൂന്നാം ക്ലാസ് തീവണ്ടികളിൽ സഞ്ചരിച്ചു. ഗ്രാമങ്ങളിലേക്കുപോയി. കർഷകരെയും തൊഴിലാളികളെയും സ്ത്രീകളെയും സാധാരണക്കാരെയും കണ്ടു. ഭാരതത്തെ പുസ്തകങ്ങളിൽനിന്നല്ല, മനുഷ്യരുടെ ജീവിതത്തിൽനിന്നാണ് അദ്ദേഹം പഠിച്ചത്. അവിടെ അദ്ദേഹം കണ്ടത് പട്ടിണിയായിരുന്നു. ദാരിദ്ര്യമായിരുന്നു. അക്ഷരമില്ലായ്മയായിരുന്നു. ജാതിവിവേചനമായിരുന്നു. അയിത്തമായിരുന്നു. കർഷകന്റെ ചൂഷണമായിരുന്നു. തൊഴിലാളിയുടെ ദുരിതമായിരുന്നു.അപ്പോൾ ഗാന്ധിക്ക് ബോധ്യമായി - ബ്രിട്ടീഷുകാർ ഇന്ത്യ വിട്ടുപോകുന്നതുകൊണ്ടുമാത്രം സ്വരാജ് നേടാനാവില്ല. മനുഷ്യർ ഭയത്തിൽനിന്ന് മോചിതരാകണം. അയിത്തത്തിൽനിന്നും പട്ടിണിയിൽനിന്നും, അജ്ഞതയിൽനിന്നും അപമാനത്തിൽനിന്നും മോചിതരാകണം. ഇവിടെയാണ് ഗാന്ധിയുടെ രാഷ്ട്രീയവും സാമൂഹിക വിപ്ലവവും ഒന്നാകുന്നത്.

ചമ്പാരൻ: ഭയത്തെ തോൽപിച്ച വിപ്ലവം

1917-ലെ ചമ്പാരൻ സത്യഗ്രഹം ഇതിന്റെ ഏറ്റവും ശക്തമായ ഉദാഹരണമാണ്. ബിഹാറിലെ ചമ്പാരനിൽ കർഷകർ നിർബന്ധിത നീലംകൃഷിയുടെ ദുരിതം അനുഭവിക്കുകയായിരുന്നു. അവരുടെ ഭൂമിയുടെ ഒരു ഭാഗത്ത് നിർബന്ധമായി നീലം കൃഷി ചെയ്യേണ്ടിവന്നു. സാമ്പത്തിക ചൂഷണം അവരുടെ ജീവിതത്തെ തകർത്തു. ഗാന്ധി അവിടെയെത്തിയപ്പോൾ അധികാരികൾ സ്ഥലംവിടാൻ ഉത്തരവിട്ടു. അദ്ദേഹം ഉത്തരവ് അനുസരിച്ചില്ല. എന്നാൽ അദ്ദേഹത്തിന്റെ എതിർപ്പ് അഹങ്കാരത്തിന്റേതായിരുന്നില്ല; വിനയത്തോടെയുള്ള നിയമലംഘനമായിരുന്നു. കോടതിയിൽ ഹാജരാകാനും ശിക്ഷ ഏറ്റുവാങ്ങാനും അദ്ദേഹം തയ്യാറായി. അവിടെ നടന്ന ഏറ്റവും വലിയ വിപ്ലവം നിയമത്തിന്റെ ഒരു വ്യവസ്ഥ മാറ്റിയതല്ല. ഭയന്നിരുന്ന കർഷകൻ തല ഉയർത്തി നിൽക്കാൻ പഠിച്ചതായിരുന്നു. ഗാന്ധിയുടെ സത്യാഗ്രഹത്തിന്റെ ആന്തരിക ശക്തി അതായിരുന്നു - അധികാരത്തെ തോൽപിക്കുന്നതിന് മുമ്പ് മനുഷ്യന്റെ ഉള്ളിലെ ഭയത്തെ തോൽപ്പിക്കുക.

തൊഴിലാളിയുടെ ആത്മാഭിമാനം

1918-ലെ അഹമ്മദാബാദ് മിൽ സമരത്തിലും ഗാന്ധി മറ്റൊരു പുതിയ രാഷ്ട്രീയഭാഷ അവതരിപ്പിച്ചു. തൊഴിലാളികളുടെ ന്യായമായ വേതനാവകാശത്തിനുവേണ്ടി അദ്ദേഹം നിലകൊണ്ടു. സമരം അഹിംസാത്മകമായിരിക്കണമെന്നും എതിരാളിയെ ശത്രുവായി കാണരുതെന്നും അദ്ദേഹം പറഞ്ഞു. തൊഴിലാളിയുടെ അവകാശവും വ്യവസായിയുടെ ഉത്തരവാദിത്വവും തമ്മിൽ ഒരു നൈതികബന്ധം അദ്ദേഹം കണ്ടു. പിന്നീട് ഇതാണ് ട്രസ്റ്റീഷിപ്പ് എന്ന ആശയത്തിലേക്ക് വികസിച്ചത്. സമ്പത്ത് വ്യക്തിയുടെ മാത്രം അവകാശമല്ല; സമൂഹത്തോടുള്ള ഉത്തരവാദിത്വവുമാണ് എന്നായിരുന്നു അതിന്റെ അടിസ്ഥാനചിന്ത. സമ്പത്ത് ഏതാനും കൈകളിൽ കേന്ദ്രീകരിക്കപ്പെടുകയും സാമ്പത്തിക അസമത്വം വർധിക്കുകയും ചെയ്യുന്ന ഇക്കാലത്ത് ഈ ചോദ്യം വീണ്ടും പ്രസക്തമാകുന്നു: സമ്പത്ത് സ്വന്തമാക്കാനുള്ള അവകാശത്തോടൊപ്പം അത് സമൂഹത്തിനുവേണ്ടി ഉപയോഗിക്കാനുള്ള ഉത്തരവാദിത്വവും ഇല്ലേ?



കേരളം: രാഷ്ട്രീയ സ്വാതന്ത്ര്യത്തിനപ്പുറം

കേരളത്തിലെ സാമൂഹിക നവോത്ഥാന ചരിത്രത്തിലും ഗാന്ധിയുടെ സാന്നിധ്യം നിർണായകമായിരുന്നു. വൈക്കം സത്യഗ്രഹം അതിന്റെ പ്രധാന ഉദാഹരണമാണ്. പൊതുവഴിയിലൂടെ നടക്കാനുള്ള അവകാശം പോലും ജാതിയുടെ പേരിൽ നിഷേധിക്കപ്പെട്ട കാലത്ത്, സത്യഗ്രഹം ഒരു റോഡിനുവേണ്ടിയുള്ള സമരം മാത്രമായിരുന്നില്ല. അത് മനുഷ്യന്റെ സഞ്ചാര സ്വാതന്ത്ര്യത്തിനും ആത്മാഭിമാനത്തിനും വേണ്ടിയുള്ള പോരാട്ടമായിരുന്നു. 1925-ൽ വൈക്കത്തെത്തിയ ഗാന്ധി സമരനേതാക്കളുമായും സാമൂഹിക പരിഷ്കർത്താക്കളുമായും ആശയവിനിമയം നടത്തി. ശ്രീനാരായണഗുരുവുമായുള്ള കൂടിക്കാഴ്ചയും ചരിത്രത്തിലെ ശ്രദ്ധേയമായ ഒരു അധ്യായമാണ്.

ഗാന്ധിയെ സംബന്ധിച്ചിടത്തോളം അയിത്തോച്ചാടനം സ്വാതന്ത്ര്യസമരത്തിന്റെ അരികിലെ വിഷയമായിരുന്നില്ല. അതിന്റെ ഹൃദയഭാഗത്തായിരുന്നു. 1936-ലെ തിരുവിതാംകൂർ ക്ഷേത്രപ്രവേശന വിളംബരത്തെ ഗാന്ധി ആധുനിക കാലത്തെ അദ്ഭുതമായി വിശേഷിപ്പിച്ചത്, ഒരു സാമൂഹിക അനീതിക്കെതിരായ ദീർഘകാല പോരാട്ടത്തിന്റെ വിജയമായി അദ്ദേഹം അതിനെ കണ്ടതിനാലാണ്. ഇവിടെ ഗാന്ധിയുടെ വിപ്ലവത്തിന്റെ മറ്റൊരു മുഖം കാണാം. രാഷ്ട്രീയ



അധികാരം മാറിയാൽ മാത്രം സമൂഹം മാറില്ല; മനുഷ്യന്റെ മനസ്സ് മാറണം.

സ്ത്രീ: പ്രസ്ഥാനത്തിന്റെ സഹയാത്രികയല്ല, ശക്തി

ഗാന്ധിയുടെ സാമൂഹിക വിപ്ലവത്തിൽ സ്ത്രീകൾക്ക് പ്രത്യേക സ്ഥാനമുണ്ടായിരുന്നു. സ്വാതന്ത്ര്യസമരം പുരുഷന്മാരുടെ മാത്രം ഉത്തരവാദിത്വമല്ലെന്ന് അദ്ദേഹം തെളിയിച്ചു. കസ്തൂർബാ ഗാന്ധി മുതൽ സരോജിനി നായിഡു, കമലാദേവി ചട്ടോപാധ്യായ, അരുണാ ആസഫ് അലി, സുചേത കൃപലാനി, മാതംഗിനി ഹസ്ര തുടങ്ങി അനേകം സ്ത്രീകൾ ദേശീയപ്രസ്ഥാനത്തിന്റെ മുന്നണിയിലെത്തി. സ്ത്രീയുടെ ശക്തി കുടുംബത്തിന്റെ ചുമരുകൾക്കുള്ളിൽ മാത്രം ഒതുങ്ങേണ്ടതില്ലെന്ന് ഗാന്ധി പറഞ്ഞു. എന്നാൽ അതിലും പ്രധാനമായി, സ്ത്രീയെ ഒരു 'സഹായി' എന്ന നിലയിൽ മാത്രമല്ല, സ്വതന്ത്രമായ സാമൂഹിക ശക്തിയായി കാണുകയായിരുന്നു അദ്ദേഹം. ഇന്ന് സ്ത്രീവിദ്യാഭ്യാസം, തുല്യാവകാശം, സ്ത്രീസുരക്ഷ, തൊഴിൽപങ്കാളിത്തം, രാഷ്ട്രീയ പ്രാതിനിധ്യം തുടങ്ങിയ വിഷയങ്ങൾ ചർച്ച ചെയ്യുമ്പോൾ ഗാന്ധിയൻ ചിന്തയ്ക്ക് പുതിയ വായനകൾ ആവശ്യമാണ്.

ചർക്കയിൽ ഒളിഞ്ഞിരുന്ന സാമ്പത്തിക വിപ്ലവം

ഗാന്ധിയുടെ ചർക്കയെ പലപ്പോഴും ഒരു പഴയകാല പ്രതീകമായി മാത്രം കാണാറുണ്ട്. എന്നാൽ ചർക്ക

അദ്ദേഹത്തിന് നൽ നെയ്യാനുള്ള ഒരു ഉപകരണം മാത്രമായിരുന്നില്ല. അത് സാമ്പത്തിക സ്വാതന്ത്ര്യത്തിന്റെ പ്രതീകമായിരുന്നു. വിദേശവസ്തുത്തെ നിരസിക്കുക എന്നത് ബ്രിട്ടീഷ് ഉൽപന്നത്തെ ബഹിഷ്കരിക്കുന്ന രാഷ്ട്രീയപ്രവർത്തനം മാത്രമല്ല; ഗ്രാമീണ തൊഴിലാളിക്ക് തൊഴിൽ നൽകുക, പ്രാദേശിക ഉൽപന്നത്തെ ശക്തിപ്പെടുത്തുക, ഗ്രാമങ്ങളെ സ്വയംപര്യാപ്തമാക്കുക എന്നീ ലക്ഷ്യങ്ങളും അതിനുണ്ടായിരുന്നു. ഇന്ന് 'പ്രാദേശിക സമ്പദ്വ്യവസ്ഥ', 'സുസ്ഥിര ഉപഭോഗം', 'സർക്കുലർ ഇക്കോണമി', 'ലോക്കൽ പ്രൊഡക്ഷൻ' തുടങ്ങിയ ആശയങ്ങൾ ലോകം ചർച്ച ചെയ്യുമ്പോൾ ഗാന്ധിയുടെ ഗ്രാമകേന്ദ്രിത സാമ്പത്തികചിന്തയെ വീണ്ടും വായിക്കേണ്ടിവരുന്നു. വളർച്ചയുടെ അർഥം കൂടുതൽ ഉൽപാദനം മാത്രമാണോ?, കൂടുതൽ ഉപഭോഗമാണോ വികസനം?, അല്ലെങ്കിൽ മനുഷ്യനും പ്രകൃതിയും തമ്മിലുള്ള സമതുലിതമായ ജീവിതമാണോ യഥാർഥ പുരോഗതി? - ഗാന്ധി ഈ ചോദ്യങ്ങൾ ഒരു നൂറ്റാണ്ട് മുമ്പുതന്നെ ഉയർത്തിയിരുന്നു.

പ്രകൃതിയോട് യുദ്ധം ചെയ്യാത്ത വികസനം

പരിസ്ഥിതി പ്രതിസന്ധി ഇന്ന് മനുഷ്യരാശിയുടെ ഏറ്റവും വലിയ വെല്ലുവിളികളിലൊന്നാണ്. കാലാവസ്ഥാവ്യതിയാനം, ജലക്ഷാമം, വനനശീകരണം, അമിത ഉപഭോഗം, മാലിന്യപ്രശ്നം -ഇവയെല്ലാം വികസനത്തിന്റെ നിലവിലുള്ള മാതൃകയെ ചോദ്യം ചെയ്യുന്നു. ഈ പശ്ചാത്തലത്തിൽ ഗാന്ധിയൻ ചിന്തയ്ക്ക് പ്രത്യേക പ്രസക്തിയുണ്ട്. മനുഷ്യന്റെ ആവശ്യവും അത്യാഗ്രഹവും തമ്മിൽ അദ്ദേഹം വ്യക്തമായ വ്യത്യാസം കണ്ടു. ഭൂമിയുടെ വിഭവങ്ങൾ അനന്തമല്ലെന്ന് അദ്ദേഹം ഓർമിപ്പിച്ചു. പ്രകൃതിയെ കീഴടക്കുക എന്നതല്ല മനുഷ്യന്റെ ദൗത്യം; പ്രകൃതിയോടൊപ്പം ജീവിക്കുക എന്നതാണ്. അതുകൊണ്ടുതന്നെ ഗാന്ധിയെ ഇന്നത്തെ പരിസ്ഥിതിചിന്തയുടെ ഒരു പ്രധാന മുൻഗാമിയായി വായിക്കാം. പ്രകൃതിയെ കീഴടക്കാനുള്ള മനുഷ്യന്റെ ശ്രമം ഒടുവിൽ മനുഷ്യനെത്തന്നെ കീഴടക്കുമെന്ന തിരിച്ചറിവാണ് ഗാന്ധിയൻ വികസനദർശനത്തിന്റെ കാതൽ.

മാധ്യമപ്രവർത്തകനായ വിപ്ലവകാരി

ഗാന്ധിയുടെ മറ്റൊരു വിപ്ലവകരമായ പരീക്ഷണം മാധ്യമരംഗത്തായിരുന്നു. Indian Opinion, Young India, Navajivan, Harijan തുടങ്ങിയ പ്രസിദ്ധീകരണങ്ങളിലൂടെ അദ്ദേഹം ജനങ്ങളുമായി നിരന്തരം സംവദിച്ചു. പത്രം അദ്ദേഹത്തിന് അധികാരത്തിനെതിരെ ആരോപണം ഉന്നയിക്കാനുള്ള ഉപകരണം മാത്രമായിരുന്നില്ല. ജനങ്ങളുടെ മനസ്സാക്ഷിയെ ഉണർത്താനുള്ള മാധ്യമമായിരുന്നു. ഇന്ന് വാർത്തയും അഭിപ്രായവും പരസ്യവും പ്രചാരണവും സാമൂഹികമാധ്യമങ്ങളിലെ വ്യാജവിവരങ്ങളും തമ്മിലുള്ള അതിർത്തികൾ പലപ്പോഴും മങ്ങിപ്പോകുന്ന കാലമാണ്. ഈ സാഹചര്യത്തിൽ ഗാന്ധിയൻ മാധ്യമപ്രവർത്തനത്തിന്റെ ഏറ്റവും വലിയ പാഠം സത്യസന്ധതയാണ്. വാർത്തയുടെ വേഗത്തേക്കാൾ സത്യത്തിന്റെ ഉത്തരവാദിത്വം വലുതാണ്; വായനക്കാരെ സ്വാധീനിക്കുന്നതിലുപരി അവരെ ബോധവൽക്കരിക്കുകയാണ് മാധ്യമത്തിന്റെ ധർമം - ഈ ഓർമപ്പെടുത്തലും ഇന്ന് അത്യാവശ്യമാണ്.

നിർമാണപരിപാടി: വിപ്ലവത്തിന്റെ മറ്റൊരു മുഖം

ഗാന്ധിയുടെ സ്വാതന്ത്ര്യസമരത്തിൽ സത്യഗ്രഹത്തിനും പ്രക്ഷോഭങ്ങൾക്കും നൽകിയ പ്രാധാന്യം എല്ലാവർക്കും അറിയാം. എന്നാൽ അതിനൊപ്പം അദ്ദേഹം മുന്നോട്ടുവച്ച നിർമാണപരിപാടി (constructive program) പലപ്പോഴും വേണ്ടത്ര ശ്രദ്ധിക്കപ്പെടുന്നില്ല. മതസൗഹാർദ്ദം, അയിത്തോച്ചാടനം, ഖാദി, ഗ്രാമവ്യവസായം, ഗ്രാമശുചിത്വം, അടിസ്ഥാനവിദ്യാഭ്യാസം, സ്ത്രീശാക്തീകരണം, ആരോഗ്യബോധം, കർഷകക്ഷേമം, തൊഴിലാളി ക്ഷേമം, സാമ്പത്തിക സമത്വം, ആദിവാസി ക്ഷേമം തുടങ്ങി സമൂഹത്തിന്റെ അടിസ്ഥാനപ്രശ്നങ്ങളെയെല്ലാം അദ്ദേഹം സ്വരാജിന്റെ ഭാഗമായി കണ്ടു. ഇവയെല്ലാം ചേർന്നാണ് ഗാന്ധിയുടെ വിപ്ലവത്തിന്റെ യഥാർഥ രൂപം. അദ്ദേഹത്തിന് സ്വരാജ് എന്നത് 'ഭരിക്കുന്നവർ മാറുക' എന്നതല്ലായിരുന്നു. 'ഭരിക്കപ്പെടുന്ന മനുഷ്യൻ മാറുക' എന്നതായിരുന്നു. അവൻ സ്വന്തം ജീവിതത്തിന്റെ ഉത്തരവാദിത്വം ഏറ്റെടുക്കണം. സ്വന്തം ഗ്രാമത്തിന്റെ ഉത്തരവാദിത്വം ഏറ്റെടുക്കണം. സ്വന്തം സമൂഹത്തിന്റെ ഉത്തരവാദിത്വം ഏറ്റെടുക്കണം. ഇതാണ് ഗാന്ധിയുടെ സ്വരാജ്.

ഇന്നത്തെ ലോകത്തിന് ഗാന്ധി എന്തിന്?

ഇന്ന് നമുക്ക് ഗാന്ധിയെ ഏറ്റവും കൂടുതൽ ആവശ്യമുള്ളത് അദ്ദേഹത്തിന്റെ പ്രതിമകൾ ഉള്ളതുകൊണ്ടല്ല; അദ്ദേഹം ചോദിച്ച ചോദ്യങ്ങൾ ഇന്നും പരിഹരിക്കപ്പെടാത്തതുകൊണ്ടാണ്. മതത്തിന്റെ പേരിൽ മനുഷ്യർ തമ്മിൽ അകലുമ്പോൾ ഗാന്ധിയെ ഓർക്കണം. ജാതിയുടെ പേരിൽ ഒരാൾ മറ്റൊരാളെ താഴ്ത്തുമ്പോൾ ഗാന്ധിയെ ഓർക്കണം. വികസനത്തിന്റെ പേരിൽ പ്രകൃതി നശിക്കുമ്പോൾ ഗാന്ധിയെ വായിക്കണം. സമ്പത്ത് വളരുമ്പോഴും അസമത്വം കൂടുമ്പോൾ ഗാന്ധിയുടെ സാമ്പത്തിക ചിന്തയെ വീണ്ടും പരിശോധിക്കണം. വാർത്തയുടെ പേരിൽ അസത്യവും വിദ്വേഷവും പ്രചരിക്കുമ്പോൾ ഗാന്ധിയുടെ മാധ്യമധർമം ഓർക്കണം. രാഷ്ട്രീയത്തിൽ എതിരാളിയെ ശത്രുവായി കാണുമ്പോൾ ഗാന്ധിയുടെ അഹിംസയെ ഓർക്കണം. ജനാധിപത്യം വെറും വോട്ടെടുപ്പായി ചുരുങ്ങുമ്പോൾ ഗാന്ധിയുടെ ജനപങ്കാളിത്ത സ്വരാജ് ഓർക്കണം.

ഏറ്റവും പ്രധാനമായി, നമ്മളിൽ ഓരോരുത്തരും മറ്റൊരാളുടെ മനുഷ്യാവകാശത്തെ നിഷേധിക്കുമ്പോൾ ഗാന്ധിയുടെ അടിസ്ഥാനചോദ്യം നമ്മോടുതന്നെ ചോദിക്കണം: നമ്മുടെ പ്രവൃത്തി ഏറ്റവും ദുർബലനായ മനുഷ്യന്റെ ജീവിതത്തെ മെച്ചപ്പെടുത്തുന്നുണ്ടോ? - ഗാന്ധിയുടെ ജീവിതത്തിന്റെ അവസാന ഘട്ടത്തിലും ഈ ചോദ്യം അദ്ദേഹത്തെ പിന്തുടർന്നു. സമൂഹത്തിലെ ഏറ്റവും പിന്നാക്കം നിൽക്കുന്ന മനുഷ്യന്റെ കണ്ണിലൂടെ രാജ്യത്തെ കാണണമെന്നായിരുന്നു അദ്ദേഹത്തിന്റെ ആവശ്യം.

ഇനിയും പൂർത്തിയാകാത്ത വിപ്ലവം

ഗാന്ധിയെ 'മഹാത്മാ' എന്നു വിളിക്കുന്നത് എളുപ്പമാണ്. അദ്ദേഹത്തിന്റെ ആശയങ്ങൾ അനുസരിക്കുക അത്ര എളുപ്പമല്ല. അഹിംസയെക്കുറിച്ച് സംസാരിക്കുന്നത് എളുപ്പമാണ്; കോപത്തിന്റെ നിമിഷത്തിൽ അഹിംസ പാലിക്കുക പ്രയാസമാണ്. സത്യത്തെക്കുറിച്ച് പ്രസംഗിക്കുക എളുപ്പമാണ്; സ്വന്തം നഷ്ടം സംഭവിച്ചാലും സത്യത്തിൽ ഉറച്ചുനിൽക്കുക പ്രയാസമാണ്. ലാളിത്യത്തെ വാഴ്ത്തുക എളുപ്പമാണ്; ഉപഭോഗത്തിന്റെ ആകർഷണങ്ങളിൽനിന്ന് സ്വയം പിന്മാറുക പ്രയാസമാണ്. മതസൗഹാർദ്ദത്തെ പിന്തുണയ്ക്കുക എളുപ്പമാണ്; വ്യത്യസ്ത വിശ്വാസമുള്ള മനുഷ്യനെ സ്വന്തം സഹോദരനായി കാണുക പ്രയാസമാണ്. അതുകൊണ്ടുതന്നെ ഗാന്ധിയുടെ വിപ്ലവം പൂർത്തിയായിട്ടില്ല. അത് ഒരു ചരിത്രസംഭവമല്ല. അത് ഓരോ തലമുറയും വീണ്ടും ഏറ്റെടുക്കേണ്ട ഒരു നൈതിക ഉത്തരവാദിത്വമാണ്.

•

• ചരിത്രപഥം

ഫാ. ഫ്രാൻസിസ് സഹായം





തിരുവനന്തപുരത്തു നിന്ന് ഡച്ച് മണ്ണിലേക്ക്: പ്രഥമ ഇടയന്റെ സ്മൃതിപഥങ്ങളിലൂടെ ഒരു മിഷൻ യാത്ര - 3

കല്ലറയ്ക്ക് പിന്നിലെ ചരിത്രവഴികൾ

ഒരു കത്തോലിക്കാ മെത്രാന്റെയും കർമലീത്ത വൈദികരുടെയും കല്ലറ കത്തീഡ്രലിലോ ആശ്രമത്തിലോ അല്ലാതെ പൊതുശ്മശാനത്തിലെന്തു കൊണ്ട് എന്ന ചോദ്യത്തിനുപിന്നിൽ യൂറോപ്പിന്റെ ഒരു ചരിത്രവഴിയുണ്ട്. 1784-ൽ ഓസ്ട്രിയൻ ചക്രവർത്തിയായിരുന്ന ജോസഫ് രണ്ടാമൻ ആരോഗ്യപരമായ കാരണങ്ങളാൽ ഒരുത്തരവ് പുറപ്പെടുവിച്ചു; നഗരപരിധിക്കുള്ളിലെ പള്ളികളോടുചേർന്നുള്ള ശ്മശാനങ്ങളിൽ സംസ്കാര ചടങ്ങുകൾ പാടില്ലെന്നും അവ നഗരത്തിനുപുറത്തേക്ക് മാറ്റണമെന്നും. അതുവരെ പള്ളികളിലും ആശ്രമങ്ങളിലും അംഗങ്ങളെ സംസ്കരിച്ചിരുന്ന സന്യാസസമൂഹങ്ങൾക്ക് ഈ നിയമത്തോടെ തങ്ങളുടെ രീതികൾ മാറ്റേണ്ടിവന്നു. അങ്ങനെ കർമലീത്ത സന്യാസസമൂഹം യിപ്രെസിലെ പൊതുശ്മശാനത്തിൽ ഒരു പൊതുകല്ലറ സ്വന്തമാക്കി. ആ സന്യാസസഹോദരങ്ങൾ ഒരുമിച്ചു വിശ്രമിക്കുന്ന സ്മൃതികുടീരത്തിലാണ് പിന്നീട് ബിഷപ്പ് വിൻസെന്റ് ദെരേരയും നിത്യനിദ്രയിലാണ്ടത്. ഈ കല്ലറ കേവലമൊരു ശവകുടീരമല്ല; സമർപ്പിത ജീവിതങ്ങളുടെ കൂട്ടായ്മയുടെയും ഓർമകളുടെയും പ്രതീകമാണ്. കെട്ടിടങ്ങൾ മാറിയാലും സാക്ഷ്യം നിലനിൽക്കും.

ഈ യാത്രയിൽ വേദന നല്കിയ മറ്റൊരു അനുഭവവുമുണ്ടായി. വിൻസെന്റ് പിതാവ് തന്റെ അവസാന നാളുകൾ ചെലവഴിച്ച യിപ്രെസിലെ കർമലീത്ത ആശ്രമം ഇന്ന് പഴയ രൂപത്തിലല്ല ഉള്ളത്. ആ കെട്ടിടങ്ങൾ ഇന്ന് പാർപ്പിട സമുച്ചയങ്ങളായും അദ്ദേഹം ദിവ്യബലിയർപ്പിച്ചിരുന്ന ചാപ്പൽ മറ്റ് പൊതു ആവശ്യങ്ങൾക്കായും ഉപയോഗിക്കപ്പെടുന്നു. വിശുദ്ധമായ സ്മരണകൾ ഉറങ്ങുന്ന ആത്മീയ ഇടങ്ങളുടെ മാറ്റം മനസ്സിന് നേരിയ നോവുണ്ടാക്കിയെങ്കിലും, തുടർന്നുണ്ടായ തിരിച്ചറിവ് ആശ്വാസമേകി. ദൈവത്തിന്റെ പ്രവർത്തനങ്ങൾ കല്ലിലും മണ്ണിലും പണിതുയർത്തിയ കെട്ടിടങ്ങളിലുംമാത്രം ഒതുങ്ങുന്നതല്ല. പള്ളികൾ മാറാം, കെട്ടിടങ്ങൾ ഇല്ലാതാകാം, എന്നാൽ പ്രേഷിതർ പകർന്നുതന്ന വിശുദ്ധ ജീവിതത്തിന്റെ സാക്ഷ്യം ഒരിക്കലും മങ്ങില്ല. വിൻസെന്റ് ദെരേരയുടെ യഥാർത്ഥ പൈതൃകം എന്നത് കല്ലിന്റെ കെട്ടിടങ്ങളല്ല, മറിച്ച് തലമുറകളിലേക്ക് പകർന്ന നല്ലിയ തിരുവനന്തപുരം അതിരൂപതയിലെ ജനങ്ങളുടെ സജീവമായ വിശ്വാസമാണ്.

ഒരു സ്വർഗീയ നിയോഗത്തിന്റെ പൂർത്തീകരണം

യാത്ര പൂർത്തിയാക്കി മടങ്ങുമ്പോൾ മനസ്സിൽ അപൂർവമായൊരു സമാധാനവും സംതൃപ്തിയും നിറഞ്ഞിരുന്നു. വർഷങ്ങളായി ഹൃദയത്തിൽ കൊണ്ടുനടന്ന ആഗ്രഹം ദൈവം സാക്ഷാത്കരിച്ചിരിക്കുന്നു. ദൈവം നമ്മെ ചില കാര്യങ്ങൾക്കായി കാത്തിരിപ്പിക്കാറുണ്ട്; കാരണം കൃത്യമായ സമയത്ത്, കൃത്യമായ മനുഷ്യരിലൂടെ കൂടുതൽ മനോഹരമായി അവൻ തന്റെ പദ്ധതികൾ പൂർത്തിയാക്കും. വിൻസെന്റ് പിതാവിന്റെ കല്ലറ കണ്ടെത്തിയത് ഒരു ചരിത്രാന്വേഷണത്തിന്റെ അവസാനമല്ല. മറിച്ച്,



ഒരാത്മീയ പുനർജന്മത്തിന്റെ തുടക്കമാണ്. ഒരു ആത്മീയ പുത്രൻ തന്റെ പ്രഥമ പിതാവിന്റെ സവിധത്തിൽ എത്തിയ അനുഗ്രഹനിമിഷം!

തോമസ് ജെ. നെറ്റോ പിതാവിന്റെ സന്ദർശനവും കൃതജ്ഞതാതീർഥാടനവും

ചില ദിവസങ്ങൾ വെറുമൊരു ഓർമപ്പെടുത്തലല്ല. കാലം കടന്നു പോയാലും ഹൃദയത്തിൽ സൂക്ഷിക്കുന്ന അനുഗ്രഹനിമിഷങ്ങളാണ്. 2026 ജൂൺ 30 മുതൽ ജൂലൈ 3 വരെയുള്ള ദിവസങ്ങൾ അത്തരമൊരു ധന്യമായ അനുഭവമായിരുന്നു. തിരുവനന്തപുരം അതിരൂപതാധ്യക്ഷൻ തോമസ് ജെ. നെറ്റോ പിതാവ് നെതർലാൻഡ്സ് സന്ദർശിക്കാനെത്തുകയും അവിടെ ശുശ്രൂഷചെയ്യുന്ന അതിരൂപതയിലെ വൈദികരുമായി കൂടിക്കാഴ്ച നടത്തുകയും ചെയ്തു. ഒരു പിതാവ് തന്റെ മക്കളെ സന്ദർശിക്കുന്നതുപോലെ സ്നേഹവും ആത്മീയ പ്രോത്സാഹനവും നിറഞ്ഞതായിരുന്നു ആ ദിനങ്ങൾ. എന്നാൽ, ഈ സന്ദർശനത്തിന് മറ്റൊരു ചരിത്രപരമായ പ്രാധാന്യം കൂടിയുണ്ടായിരുന്നു; അത് അതിരൂപതയുടെ ചരിത്രവഴികളിലേക്കുള്ള ഒരു നന്ദിതീർഥാടനത്തിന് വഴിയൊരുക്കി.

യിപ്രെസിലേക്കുള്ള നന്ദിയാത്ര

ജൂലൈ 2-ാം തീയതി ആർച്ച്ബിഷപ്പ് തോമസ് നെറ്റോ പിതാവിന്റെ നേതൃത്വത്തിലുള്ള വൈദികസംഘം ബെൽജിയത്തിലെ യിപ്രെസിലേക്കു യാത്രതിരിച്ചു. ഏതാനും ആഴ്ചകൾക്കുമുമ്പ് വ്യക്തിപരമായ അന്വേഷണങ്ങളിലൂടെ കണ്ടെത്തിയ അതേ മണ്ണിലേക്ക്. ഇന്ന് രൂപതയുടെ അധ്യക്ഷനോടൊപ്പം തിരികെയെത്താൻ കഴിഞ്ഞത് വലിയൊരു ദൈവിക നിയോഗമായി അനുഭവപ്പെട്ടു. അന്ന് കേവലമൊരു ചരിത്രാന്വേഷകനായി എത്തിയ സ്ഥാനത്ത്, ഇന്ന് മാതൃരൂപതയുടെ മുഴുവൻ വിശ്വാസികളുടെയും പ്രാർഥനയും നന്ദിയുമാണ് ആ സവിധത്തിൽ സമർപ്പിക്കപ്പെട്ടത്.

പ്രഥമ ഇടയന്റെ സവിധത്തിൽ

അഭിവന്ദ്യ വിൻസെന്റ് ദെരേര പിതാവിന്റെ കല്ലറയ്ക്കുമുന്നിൽ എത്തിയപ്പോൾ ആഴമേറിയൊരു നിശ്ശബ്ദതയും പ്രാർഥനാ സാന്ദ്രമായ അന്തരീക്ഷവും അവിടെ നിറഞ്ഞുനിന്നു. തൊണ്ണൂറു വർഷങ്ങൾക്കുമുമ്പ് ഭാരതത്തിലേയ്ക്ക് കടന്നുവന്ന്, ജനങ്ങളുടെ ഇടയിൽ ജീവിച്ച്, അവരുടെ ഭാഷയും സംസ്കാരവും സ്വന്തമാക്കി, സുവിശേഷത്തിനായി ജീവിതം ഉഴിഞ്ഞുവച്ച ആ ബെൽജിയൻ മിഷണറിയുടെ കല്ലറയ്ക്കരികിൽ ഇന്ന് അതേ ജനതയുടെ മക്കൾ നന്ദിയോടെ നിൽക്കുന്നു! ചരിത്രത്തെ ബന്ധിപ്പിക്കുന്ന ദൈവത്തിന്റെ അദ്ഭുതകരമായ പദ്ധതിയായിരുന്നു അത്. ആർച്ച്ബിഷപ്പ് തോമസ് ജെ. നെറ്റോ പിതാവ് കല്ലറയിൽ പുഷ്പചക്രം സമർപ്പിക്കുകയും തിരുവനന്തപുരം അതിരൂപതയിലെ മുഴുവൻ വിശ്വാസികളുടെയും നന്ദിയുടെ പ്രതീകമായി മെഴുകുതിരി തെളിച്ച് പ്രാർഥിക്കുകയും ചെയ്തു. ഒരു തലമുറ തങ്ങളുടെ ആത്മീയ പിതാവിന് പ്രണാമമർപ്പിച്ച ആ നിമിഷം ചരിത്രത്തിലെ സുവർണ അധ്യായമായി മാറി.

കർമലീത്ത ആശ്രമത്തിലെ വിശുദ്ധ കുർബാന

തുടർന്ന് യിപ്രെസിലെ കർമലീത്ത ആശ്രമ സന്ദർശനമായിരുന്നു. ബിഷപ്പ് വിൻസെന്റിൽനിന്ന് പൗരോഹിത്യം സ്വീകരിച്ചിട്ട് 57 വർഷങ്ങൾ പിന്നിട്ട ഫാ. റൂളാണ്ട് ഏറെ സ്നേഹത്തോടെയാണ് സന്ദർശകരെ സ്വീകരിച്ചത്. ആശ്രമത്തിലെ ഹൃദ്യമായ സ്വീകരണത്തിനുശേഷം ആർച്ച്ബിഷപ്പിന്റെ മുഖ്യകാർമികത്വത്തിൽ വിശുദ്ധബലി അർപ്പിച്ചു. ബെൽജിയൻ മിഷണറിയുടെ പ്രേഷിതവഴി, ഭാരതത്തിലെ ഒരു അതിരൂപതയുടെ ഉത്ഭവം, ഇന്ന് അതേ യൂറോപ്യൻമണ്ണിൽ ശുശ്രൂഷ ചെയ്യുന്ന ഇന്ത്യൻ വൈദികർ - ഈ സുന്ദരമായ ചരിത്രവഴികളെല്ലാം ഒരൊറ്റ വിശുദ്ധ ബലിപീഠത്തിൽ ഒന്നിച്ചുചേർന്ന അനുഗ്രഹനിമിഷമായിരുന്നു അത്.

90-ാം ജൂബിലി വർഷത്തിന്റെ പ്രാർഥനാപൂർവമായ തുടക്കം


ദിവ്യബലിയുടെ മധ്യേ സവിശേഷമായ ഒരു ചടങ്ങിനുംകൂടി ആ ബലിപീഠം സാക്ഷിയായി. തിരുവനന്തപുരം അതിരൂപതയുടെ 90-ാം ജൂബിലി വർഷത്തിന്റെ മംഗളകരമായ തുടക്കംകുറിച്ചുകൊണ്ട്, '90' എന്ന് രേഖപ്പെടുത്തി പ്രത്യേക മെഴുകുതിരി പിതാവ് തെളിച്ചു. അത് വെറുമൊരു മെഴുകുതിരി അല്ലായിരുന്നു; മറിച്ച് അഭിവന്ദ്യ വിൻസെന്റ് പിതാവിലൂടെ ആരംഭിച്ച്, അനേകം വൈദികരുടെയും സന്യാസിനികളുടെയും വിശ്വാസികളുടെയും സമർപ്പണത്തിലൂടെ ജ്വലിച്ചുനിന്ന അതിരൂപതയുടെ ആത്മീയ പ്രകാശത്തിന്റെ അടയാളമായിരുന്നു. ജൂബിലി പ്രാർഥനയോടെ വിശുദ്ധബലി അവസാനിക്കുമ്പോൾ, ഹൃദയത്തിൽ നിറഞ്ഞത് ഒരേയൊരു നന്ദിപ്രാർഥന മാത്രമായിരുന്നു: "നാഥാ, ഇതുവരെ ഞങ്ങളെ കാത്തുപാലിച്ചതിന് നന്ദി; ഇനിയുള്ള പ്രയാണത്തിലും അങ്ങയുടെ കൃപ കൂടെയുണ്ടാകണമേ...".

ക്രിസ്തുവിലൊന്നായ കുടുംബസംഗമം

വിശുദ്ധ കുർബാനയ്ക്കുശേഷം ഫാ. റൂളണ്ടിനോടും ആശ്രമത്തിലെ സന്യാസിനിമാരോടുമൊപ്പം ഒത്തുകൂടിയ നിമിഷങ്ങൾ മനോഹരമായൊരു സൗഹൃദക്കൂട്ടായ്മയായി മാറി. ഒന്നിച്ച് കാപ്പികുടിച്ചും ഓർമകളും വിശ്വാസാനുഭവങ്ങളും പങ്കുവച്ചും ചെലവഴിച്ച ആ സമയം വെറുമൊരു ഔപചാരിക കൂടിക്കാഴ്ചയായിരുന്നില്ല; മറിച്ച്, ക്രിസ്തുവിലൊന്നായ ഒരു വലിയ കുടുംബത്തിന്റെ സ്നേഹ സംഗമമായിരുന്നു. ദേശഭാഷകൾക്കപ്പുറം വിശ്വാസം മനുഷ്യരെ എങ്ങനെ ഒന്നിപ്പിക്കുന്നു എന്നതിന്റെ നേർസാക്ഷ്യമായിരുന്നു ആ നിമിഷങ്ങൾ.

>>>>>>> പേജ് 34

• ടാക്കീസ്
സുനിൽ സി. ഇ.



മനസ്സിന്റെ ചരടുപൊട്ടിച്ച വിചാരങ്ങൾ

(ഗിരീഷ് എ.ഡിയുടെ ബെത്‌ലഹേം കുടുംബ യൂണിറ്റ് എന്ന സിനിമയെക്കുറിച്ച്)

പ്രായത്തിന്റെ വിടവിനെ മറന്നുകൊണ്ട് സ്ത്രീ/പുരുഷ ബന്ധത്തോടുള്ള സമീപനം മാറ്റി സ്വരൂപിച്ചെടുക്കാൻ ബെത്‌ലഹേം കുടുംബ യൂണിറ്റ് സഹായിക്കുന്നുവെന്നു വേണം കണക്കാക്കാൻ.

വയലൻസ് ഒരു ദൃശ്യ ഭാഷയായി രൂപമെടുത്ത കാലത്തിൽ ജനപ്രിയ സിനിമയുടെ ഫോക് പരിസരത്തിന് സ്വീകാര്യത വർധിച്ചതിന്റെ ഉദാഹരണമായി ചൂണ്ടിക്കാട്ടാൻ ഇവിടെ ഒരുപാട് സിനിമകൾ ഉണ്ടാകുന്നില്ല. സാമാന്യ ജനതയുടെ പ്രാഥമികാവശ്യങ്ങളിലൊന്നായ വിനോദത്തിന്റെ ഉപഭോഗമണ്ഡലത്തിൽ മാത്രമല്ല നവീന സിനിമ പ്രവർത്തിച്ചുപോരുന്നത്. അതുകൊണ്ടുതന്നെ പ്രേമം, കാല്പനികത, നായക കേന്ദ്രീകൃതമായ പ്രതിനിധാനം ഇവയൊന്നും അപ്രസക്തമല്ല. അഭിനേത്രിപോലുമറിയാതെ വിദഗ്ധമായി അവരുടെ മനസ്സിന്റെ ഉപരിസ്ഥലങ്ങളിൽ ചൂഴ്ന്നിറങ്ങി പുരുഷൻ സ്വമനസ്സിന്റെ ചരടു പൊട്ടിച്ചു പ്രണയ വിചാരങ്ങൾ വാരിവിതറുന്ന ഒരു സിനിമയാണ് ഗിരീഷ് എ.ഡിയുടെ ബെത്‌ലഹേം കുടുംബ യൂണിറ്റ്. കാണിയുടെ നിഗ്രഹ വാഞ്ഛകളെ സംതൃപ്തപ്പെടുത്തുന്നതിൽ ഏറ്റവും പ്രായോഗികമായ ഒരു ഭാഷ രൂപപ്പെടുത്തിയെടുത്തിട്ടുള്ള ചലച്ചിത്രകാരനാണ് ഗിരീഷ്. തണ്ണീർമത്തൻ ദിനങ്ങൾ, സൂപ്പർ ശരണ്യ, പ്രേമലു തുടങ്ങിയ ചിത്രങ്ങളിലൂടെ ഗിരീഷ് സൃഷ്ടിച്ചെടുത്ത ആ തനത് കോമഡി വിഷ്വൽഭാഷ മലയാളികൾക്ക് ഏറെ പ്രിയപ്പെട്ടതാണ്. പക്ഷേ, ഈ സിനിമയിൽ ആ ഭാഷ ഭാഗികമായി ഒഴിവാക്കപ്പെട്ടിരിക്കുന്നു.

ഒരു സാധാരണ കാണിയുടെ വൈയക്തികവും സാമൂഹികവുമായ ബോധന പാരമ്പര്യത്തിന്റെ നൈസർഗികതയെ അപ്പാടെ ചോർത്തിക്കളയുന്ന ഒരു പ്രണയഭാഷയാണ് ചിത്രത്തിലുള്ളത്. പ്രണയം ഇല്ലാത്തവൻ ഒരു അന്യവത്കൃത ജീവിയാണെന്നതു വാസ്തവമാണ്. പക്ഷേ പ്രണയം എന്ന കോംബോയ്ക്കിടയിൽ പ്രായത്തിന്റെ വലിയ വിടവ് സംഭവിക്കുമ്പോൾ സിനിമയുടെ ദൃശ്യസാക്ഷരത പ്രണയം അഭ്യസിപ്പിക്കുകയല്ലേ ചെയ്യുന്നത്. പ്രണയം എന്ന വൈകാരികതയോട് സിനിമ പുലർത്തിപ്പോരുന്ന ശക്തമായ അഭിപ്രായങ്ങളിലേക്ക് പൊതുബോധം സങ്കോചിപ്പിക്കുന്നതായിപ്പോലും ചിലപ്പോൾ ഇവിടെ ദർശിക്കാനാവും. നമ്മുടേതുപോലൊരു അടഞ്ഞ പ്രണയ / പൗരബോധത്തിൽ ജീവിക്കേണ്ടതെങ്ങനെയെന്ന അബോധപരമായ ധാരണകൾ സിനിമ നല്കുന്നില്ലയെന്നല്ല പറഞ്ഞതിന്റെ പൊരുൾ. മറിച്ച്, ദൃശ്യ ഭാഷയുടെ കേവല നീതികൊണ്ട് നിലവിലില്ലാത്ത പ്രണയത്തിന്റെ ഒരു ഫോക് പരസരത്തെ ഉന്മിഷിതമാവുന്ന ഒരു സാങ്കല്പിക ലോകത്തിന്റെ സുരക്ഷിതത്വത്താൽ സാധ്യതപ്പെടുത്തുന്ന അന്തർധാരയാണ് ബെത്‌ലഹേം കുടുംബ യൂണിറ്റിലുള്ളത്. പ്രായത്തിന്റെ വിടവിനെ മറന്നുകൊണ്ട് സ്ത്രീ/പുരുഷ ബന്ധത്തോടുള്ള സമീപനം മാറ്റി സ്വരൂപിച്ചെടുക്കാൻ പക്ഷേ ബെത്‌ലഹേം കുടുംബയൂണിറ്റ് സഹായിക്കുന്നുവെന്നു വേണം കണക്കാക്കാൻ.

പ്രണയത്തിന്റെ തുറന്ന ചേരി

ദൃശ്യ സ്ഥലത്തിന്റെ ആധിപത്യം വീണ്ടെടുക്കാൻ ഒരു പ്രണയ ഭാഷ അനിവാര്യമാണ്. ദുർബലനായിരിക്കുന്ന പ്രേഷകന് ദൃശ്യ വിന്യാസ വിനിമയ രീതികളുടെ പ്രസക്തി ഉണ്ടാക്കിക്കൊടുക്കാൻ ഒരു പുതിയ പ്രണയ ഭാഷ അനിവാര്യമാണ്. ബെത്‌ലഹേം കുടുംബ യൂണിറ്റിലെ നായകനുമായി സിനിമ തുടങ്ങിക്കഴിയുമ്പോൾത്തന്നെ പ്രേഷകർ എളുപ്പത്തിൽ സമഭാവപ്പെടുന്നതുപോലും അതിന്റെ എതിർദിശയിലുള്ള നായികയുടെ ആവൃത/അനാവൃത മനസ്സിന്റെ നിഗ്രഹതകളിൽ പ്രായത്തിന്റെ വിടവിനെ അതിജീവിച്ചതിന്റെ ലാഞ്ഛനകൊണ്ടും അമേരിക്കനർത്ഥത്തിലുള്ള പ്രണയത്തിന്റെ ഇരിപ്പുസ്ഥലങ്ങൾ സാധ്യമാകുന്നതുകൊണ്ടുമാണ്. വയലൻസിന്റെ ഏകമുഖ പ്രവർത്തനത്തിൽ അബോധമായി മുഴുകിയിരുന്ന പ്രേക്ഷകനെ വൈകാരിക ചിരിയിലേയ്ക്ക് മടക്കിക്കൊണ്ടുവരാൻ ഈ സിനിമയ്ക്കാകുന്നു.

വലിയ പ്രായവിടവുള്ള രണ്ടുപേരുടെ സൗഹൃദവും പ്രണയവും അവരെ കേന്ദ്രീകരിച്ചുള്ള സംഭവങ്ങളുമാണ് ചിത്രം പറയുന്നത്. മുണ്ടക്കയത്തെ സ്വന്തം വീടും കൂട്ടുകാരെയുമൊക്കെ വിട്ട് മാതാപിതാക്കൾക്കും അനിയനുമൊപ്പം അങ്കമാലിയിലേക്ക് താമസം മാറുന്ന ആഷ്‌ലി (മമിത ബൈജു) എന്ന കോളേജ് വിദ്യാർഥിനിയിലൂടെയാണ് കഥ പുരോഗമിക്കുന്നത്. പ്രായം അമിതമായിട്ടും വിവാഹം മുടങ്ങിക്കഴിയുന്ന നാട്ടിൻപുറത്തുകാരനായ ജസ്റ്റിൻ (നിവിൻ പോളി) ആണ് അയൽപക്കത്തെ വീട്ടിലുള്ളത്. ഹ്രസ്വചിത്രത്തോട് അമിതാവേശവുമായി നടക്കുന്ന അനിയൻ ജോയലും ഉൾപ്പെട്ടതാണ് ജസ്റ്റിന്റെ ലോകം. ആ ലോകത്തുനിന്ന് പ്രണയത്തിന്റെ തുറന്ന ചേരിയിലേയ്ക്കാണ് ജസ്റ്റിനും ആഷ്‌ലിയും എത്തുന്നത്. പക്ഷേ അവർ അപ്രതീക്ഷിതമായ തടസ്സങ്ങൾ നേരിടുന്നു. പ്രണയത്തിന്റെ വാസ്തുശില്പ പ്രകൃതിയിൽനിന്ന് പ്രായം എന്ന കണക്കുകളിയെ മാറ്റിനിർത്തുന്നതിന്റെ സൗന്ദര്യ ശാസ്ത്രത്തെയാണ് സിനിമ ലക്ഷ്യമിടുന്നത്. പ്രണയം എന്ന യഥാർത്ഥ വൈകാരികതയെ കപടമായ പരിപ്രേക്ഷ്യത്തിലേക്ക് സങ്കോചിപ്പിക്കാതെയും അതിന്റെ വ്യാജപ്രശ്നങ്ങളെ ഉയർത്തിക്കാട്ടാതെയും മറ്റൊരു വഴിയിൽ അതിനെ പൂർണമാക്കാനാണ് ബെത്‌ലഹേം കുടുംബയൂണിറ്റിന്റെ സിനിമാറ്റിക് ഭാഷ ശ്രദ്ധയൂന്നുന്നത്. പ്രണയം എന്ന സാമാന്യോന്മാദത്തെ ഓർമയും മറവിയും ആയി വേർതിരിക്കാതെ രണ്ടു മനസ്സുകളുടെ ചരടുപൊട്ടിച്ച വിചാരങ്ങളാക്കി മാറ്റുകയാണ് ചെയ്യുന്നത്. •



• കഥ

ക്രിസ്റ്റുദാസ് ജോസ്



പിതാൽ സമ്മാനം

പ്രിയപ്പെട്ട ഡാനിമോന്,

പത്തുവർഷമായി നാട്ടുകാണാത്ത ഒരു ലണ്ടൻ പ്രവാസി പിതാവ് എഴുതുന്നത്...

ഇന്ന് നിനക്ക് പതിനെട്ടാം പിറന്നാൾ.

ഒരു കുഞ്ഞിന്റെ ജനനം മുതൽ പതിനെട്ടാം വയസ്സിലേക്കുള്ള യാത്ര ഒരു കുടുംബത്തിന് വെറും വർഷങ്ങളുടെ കണക്കല്ല. അത് പ്രതീക്ഷകളുടെയും പ്രാർത്ഥനകളുടെയും കണ്ണീരിന്റെയും സന്തോഷത്തിന്റെയും ഓർമകളുടെയും നീണ്ടവഴിയാണ്.

ലണ്ടനിലെ തെംസ് നദിയുടെ തീരത്ത് നിൽക്കുമ്പോൾ പലപ്പോഴും എന്റെ കണ്ണുകൾ അവിടെയുള്ള മരങ്ങളിലേക്കാണ് പോകുന്നത്. ഒരുകാലത്ത് നിറയെ പച്ചപ്പും പൂക്കളും നിറഞ്ഞുനിന്ന മരങ്ങൾ കാലം മാറുമ്പോൾ ഇലകൾ

കൊഴിഞ്ഞ് ശൂന്യമാകുന്നു. എന്നാൽ ആ ശൂന്യത അവസാനമല്ല. വീണ്ടും മുകുളങ്ങൾ വരും, പൂക്കൾ വിരിയും, പഴങ്ങൾ ഉണ്ടാകും. ജീവിതവും അതു പോലെയാണ്.

നിന്നെ ഞങ്ങളുടെ ജീവിതത്തിലേക്ക് വരാൻ കാത്തിരുന്നത് വിവാഹത്തിനുശേഷം ഒൻപത് വർഷങ്ങളാണ്. അതിനുമുമ്പ് ഞങ്ങൾക്ക് ഒരു കുഞ്ഞിനെ നഷ്ടപ്പെട്ട വേദനയുമുണ്ടായിരുന്നു. അതുകൊണ്ടുതന്നെ നിന്നെ കാത്തിരുന്ന ഓരോ ദിവസവും പ്രാർത്ഥനയും ഭയവും പ്രതീക്ഷയും നിറഞ്ഞതായിരുന്നു. നിന്റെ ജനനം ഞങ്ങൾക്ക് ഒരു സാധാരണ സന്തോഷമായിരുന്നില്ല; ദൈവം അനുഗ്രഹമായി നൽകിയ ഒരു സമ്മാനമായിരുന്നു.

നീ ജനിച്ച ദിവസം ഇന്നും എന്റെ മനസ്സിൽ തെളിഞ്ഞുനിൽക്കുന്നു. ആശുപത്രിയിലെ പ്രസവമുറിക്കുപുറത്ത് കാത്തുനിന്നിരുന്ന ആ നിമിഷങ്ങൾ. ഒടുവിൽ നഴ്സ് നിന്നെ എന്റെ കൈകളിലേക്ക് ഏൽപിച്ചപ്പോൾ ഞാൻ നിന്നെ ചേർത്തുപിടിച്ച് പറഞ്ഞു:

"ഡാനി മോനെ..."

ആ കുഞ്ഞുമുഖത്തുനോക്കി നിന്നെ ചേർത്തുപിടിച്ച ആ നിമിഷം ഇന്നും എന്റെ ഹൃദയത്തിൽ മായാതെ കിടക്കുന്നു.

നീ ജനിച്ച ദിവസം മുതൽ ഞങ്ങളുടെ ജീവിതത്തിന് പുതിയൊരു അർത്ഥം ലഭിച്ചു. നിന്റെ ചെറിയ ചിരിയും ആദ്യത്തെ കരച്ചിലും ആദ്യത്തെ ചുവടുകളും ആദ്യമായി വിളിച്ച വാക്കുകളും ഇന്നും ഞങ്ങളുടെ ഹൃദയത്തിൽ മായാതെ കിടക്കുന്നു.

പക്ഷേ ആ സന്തോഷത്തിന്റെ വർഷങ്ങൾക്കിടയിൽ ജീവിതം ഞങ്ങളെ പലവിധ പരീക്ഷണങ്ങളിലൂടെയും കടത്തിവിട്ടു. നിന്റെ സഹോദരി ദിയയുടെ അസുഖങ്ങളും ചികിത്സകളും അമ്മയായ ലില്ലിയുടെ ശരീരത്തെയും മനസ്സിനെയും ഏറെ ക്ഷീണിപ്പിച്ചു. ഉറക്കമില്ലാത്ത രാത്രികളും ആശങ്ക നിറഞ്ഞ ദിവസങ്ങളും അവളുടെ ജീവിതത്തിന്റെ ഭാഗമായി.

നിന്റെ അമ്മ ഒരിക്കൽ നടക്കുന്നതിനിടെ വീണ് കാലിന് പരിക്കേറ്റു. മറ്റൊരു സമയത്ത് കൈയ്ക്കും പരിക്കേറ്റു. തൈറോയ്ഡ് ഉൾപ്പെടെയുള്ള ആരോഗ്യപ്രശ്നങ്ങളും അവളെ ബുദ്ധിമുട്ടിച്ചു. എന്നിട്ടും കുട്ടികളുടെ കാര്യങ്ങൾ നോക്കിക്കൊണ്ട് സ്വന്തം വേദനകൾ പലപ്പോഴും അവൾ മറച്ചുവച്ചു.

വീട്ടിലെ കാര്യങ്ങൾ, ഭക്ഷണം, നിന്റെ വസ്ത്രങ്ങൾ, സ്കൂളിലേക്കുള്ള തയ്യാറെടുപ്പുകൾ, പഠനം, ആശുപത്രിയിലേക്കുള്ള ഓട്ടങ്ങൾ—എല്ലാം അവൾ തന്നെയാണ് മുന്നിൽനിന്ന് ചെയ്തത്. ഒരു അമ്മയായും ഭാര്യയായും അവൾ വഹിച്ച ആ ഭാരത്തിന്റെ വലിയൊരു ഭാഗം ഞാൻ അകലെയിരുന്നുകൊണ്ട് മനസ്സാ കണ്ടു.

ഇതെല്ലാം ഞാൻ ഫോണിലൂടെ കേൾക്കുമ്പോൾ, ഒന്നും ചെയ്യാൻ കഴിയാത്ത അവസ്ഥയിൽ എന്റെ മനസ്സ് തകർന്നുപോകുമായിരുന്നു. നിന്റെ അമ്മയ്ക്ക് വേദനയുണ്ടെന്ന് കേൾക്കുമ്പോഴും, ദിയയ്ക്ക് വീണ്ടും അസുഖമാണെന്ന് അറിയുമ്പോഴും, നിങ്ങളെ ചേർത്തുപിടിച്ച് ആശ്വസിപ്പിക്കാൻ കഴിയാത്തതിന്റെ വേദനയിൽ ഞാൻ പലപ്പോഴും കരഞ്ഞിട്ടുണ്ട്.

ഒരു പിതാവിന് തന്റെ മക്കളുടെ അടുത്തേക്ക് ഓടിച്ചെല്ലാൻ കഴിയാത്ത അവസ്ഥ എത്ര വലിയ വേദനയാണെന്ന് ആ വർഷങ്ങൾ എന്നെ പഠിപ്പിച്ചു.

ഞാനും നിന്റെ അമ്മയും ചേർന്ന് നിനക്കും ദിയയ്ക്കും രണ്ട് ചിറകുകളാകണമെന്നാണ് ആഗ്രഹിച്ചത്. പക്ഷേ പലപ്പോഴും ഒരു ചിറക് ദൂരെയായിരുന്നു.

നിന്റെ ബാല്യത്തിലെ ഓരോ ചെറിയ സന്തോഷവും ഇന്നും എന്റെ ഓർമയിലുണ്ട്. കളിപ്പാട്ടങ്ങളുമായി കളിച്ചിരുന്ന ദിവസങ്ങൾ, കാർട്ടൺ കണ്ടിരുന്ന സമയം, കൂട്ടുകാരോടൊപ്പം കളിച്ചിരുന്ന നിമിഷങ്ങൾ, സൈക്കിൾ ഓടിക്കാൻ പഠിച്ച കാലം, വരച്ച ചിത്രങ്ങൾ, കിട്ടിയ ചെറിയ സമ്മാനങ്ങളും അവാർഡുകളും—ഇതെല്ലാം ഞാൻ നേരിൽ കാണേണ്ടതായിരുന്നു.

പക്ഷേ പലപ്പോഴും ഞാൻ ഉണ്ടായിരുന്നത് ഫോണിന്റെ അപ്പുറത്തായിരുന്നു. നിന്റെ വളർച്ചയിലെ പല നിമിഷങ്ങളും ഫോണിലൂടെയും ഫോട്ടോകളിലൂടെയും വീഡിയോകളിലൂടെയും ആണ് ഞാൻ കണ്ടത്. LKG, UKG കാലവും, മാർ ഇവാനിയോസ് ബെഥനി വിദ്യാലയത്തിലെ സ്കൂൾ ജീവിതവും പിന്നീട് നീ വളർന്നവന്ന വർഷങ്ങളും പലപ്പോഴും എന്റെ മുന്നിലെത്തിയത് ഒരു സ്ക്രീനിലൂടെയായിരുന്നു. ഒരുദിവസം നിന്നെ മൂന്നുനാല് ആശുപത്രികളിലേക്ക് കൊണ്ടുപോകേണ്ടിവന്നപ്പോഴും, നിന്റെ അരികിൽ നിൽക്കാൻ കഴിയാതെ ഫോണിലൂടെ വിവരങ്ങൾ അന്വേഷിക്കേണ്ടി വന്ന അച്ഛനായിരുന്നു ഞാൻ.

അന്നും ഇന്നും എന്റെ മനസ്സിൽ മുഴങ്ങുന്ന നിന്റെ ഒരു ചോദ്യം ഉണ്ട്:

"അച്ഛാ, എപ്പോഴാ വരുന്നത്?"

ആ ചോദ്യം ഒരു കുട്ടിയുടെ സാധാരണ ചോദ്യമായിരുന്നില്ല. അച്ഛനെ കാണണമെന്ന ആഗ്രഹമായിരുന്നു അതിന്റെ ഉള്ളിൽ.

മറ്റൊരു സമയത്ത് നീ പറഞ്ഞിരുന്നു:

"അച്ഛൻ വരുമ്പോൾ എനിക്ക് കുറെ സാധനങ്ങൾ കൊണ്ടുവരണം..."

അന്ന് ഞാൻ അതിനെ സാധനങ്ങൾക്കായുള്ള ആവശ്യമായിമാത്രം കണ്ടില്ല. അതിനുള്ളിൽ അച്ഛൻ വരണമെന്ന ഒരു കുഞ്ഞിന്റെ ആഗ്രഹമായിരുന്നു.

"സാധനങ്ങൾ" കൊണ്ടുവരുന്നതിനെക്കാൾ അച്ഛൻ തന്നെ വരുന്നതാണ് നിനക്ക് വേണ്ടിയിരുന്നത് എന്ന് ഇന്ന് എനിക്ക് മനസ്സിലാകുന്നു.

ദിയയുടെ അസുഖകാലം ആ ദൂരത്തിന്റെ വേദന കൂടുതൽ ആഴത്തിലാക്കി. ചികിത്സയ്ക്കും ആശുപത്രിക്കും ഒടുവിൽ ICU വരെയുമെത്തിയ ആ ദിവസങ്ങളിൽ, മകളുടെ കൈ പിടിച്ച് അരികിലിരിക്കാൻ കഴിയാത്ത അച്ഛനായിരുന്നു ഞാൻ.

ഡോക്ടറോട് ഫോണിൽ ചോദിക്കാം. വിവരങ്ങൾ അന്വേഷിക്കാം. കഴിയുന്ന സഹായം അയയ്ക്കാം.

പക്ഷേ, ഒരു കുട്ടിക്ക് അസുഖമായപ്പോൾ വേണ്ടത് ചിലപ്പോൾ അതുയൊന്നുമല്ല—അച്ഛന്റെ കൈ, അരികിലെ ഇരിപ്പ്, 'അച്ഛൻ ഇവിടെ ഉണ്ടല്ലോ' എന്നൊരുറപ്പ്. ദിയ ഒരിക്കൽ ചോദിച്ചു: "എല്ലാരുടെയും അച്ഛൻ വരുന്നു..." ആ വാക്കുകൾ ഇന്നും എന്റെ മനസ്സിൽ വേദനയായി കിടക്കുന്നു. ഒരു കുഞ്ഞിന് അച്ഛൻ വരാത്തത് അച്ഛന് വരാൻ ഇഷ്ടമില്ലാത്തതിനാലല്ലെന്ന് മനസ്സിലാക്കാൻ എളുപ്പമല്ല. സാഹചര്യങ്ങളാണ് അച്ഛനെ അകറ്റിനിർത്തുന്നത്. എനിക്കറിയാം ഒരു കുഞ്ഞിന്റെ മനസ്സിന് വേണ്ടത് കാരണങ്ങൾ അല്ല, അച്ഛന്റെ സാന്നിധ്യമാണ്. നിന്റെ അമ്മയോടുള്ള ചില ഫോൺ സംഭാഷണങ്ങളിൽ ഞാൻ കടുത്ത വാക്കുകൾ പറഞ്ഞിട്ടുണ്ടാകാം. ഇന്ന് അതിനെക്കുറിച്ച് ചിന്തിക്കുമ്പോൾ എനിക്ക് വിഷമമുണ്ട്. അവൾ ഒറ്റയ്ക്ക് വഹിച്ചിരുന്ന ഭാരത്തിന്റെ വലുപ്പം അന്ന് ഞാൻ പൂർണമായി മനസ്സിലാക്കിയിരുന്നില്ല. എന്റെ അഭാവത്തിന്റെ വേദന അവളും അനുഭവിച്ചുകൊണ്ടിരിക്കുകയായിരുന്നു.

നിന്റെ ജന്മദിനങ്ങൾ, കേക്ക്

മുറിച്ച നിമിഷങ്ങൾ, സമ്മാനങ്ങൾ, സ്കൂൾ പരിപാടികൾ, ചെറിയ വിജയങ്ങൾ, അസുഖത്തിന്റെ രാത്രികൾ—ഇതെല്ലാം ഞാൻ നേരിൽ കാണാൻ സാധിക്കാതെ കടന്നുപോയി. പത്തുവർഷം നാടുകാണാതെ കഴിയുമ്പോൾ നഷ്ടപ്പെട്ടത് പത്ത് വർഷങ്ങൾ മാത്രമല്ല. നിന്റെ ബാല്യത്തിലെ അനേകം നിമിഷങ്ങളാണ്. എന്നാൽ ആ ദൂരം നിന്നോടുള്ള എന്റെ സ്നേഹം ഒരിക്കലും കുറച്ചില്ല.

നീ വളർന്നപ്പോൾ നിന്റെ ഭാവിയെക്കുറിച്ച് പല ചർച്ചകളും ഉണ്ടായി. മെക്കാനിക്കൽ എൻജിനീയറിംഗ്, IT, കമ്പ്യൂട്ടർ സയൻസ്, സൈബർ സെക്യൂരിറ്റി, നഴ്സിംഗ് തുടങ്ങി പല വഴികളും മുന്നിൽ വന്നു. മോനെ, നിന്റെ ജീവിതം നിന്റേതാണ്. നിനക്ക് ഇഷ്ടമുള്ള വഴിയാണ് നീ തിരഞ്ഞെടുക്കേണ്ടത്. അച്ഛന്റെ പൂർത്തിയാകാത്ത സ്വപ്നങ്ങൾ നിന്റെ ചുമലിൽ വയ്ക്കാൻ ഞാൻ ആഗ്രഹിക്കുന്നില്ല. നിനക്ക് സ്വന്തമായി ഒരു ആകാശം കണ്ടെത്തണം. അതിലേക്ക് നീ നിന്റെ വഴിയിലൂടെ പറക്കണം. കഴിഞ്ഞമാസം നീ വീട്ടിൽനിന്ന് ജർമൻ ഭാഷ പഠിക്കാനായി ആലപ്പുഴയിലേക്ക് യാത്രയായപ്പോൾ, എന്റെ മനസ്സിൽ ഒരേസമയം സന്തോഷവും വേദനയും ഉണ്ടായിരുന്നു. അച്ചന്മാരുടെ നേതൃത്വത്തിൽ പ്രവർത്തിക്കുന്ന ആ സ്ഥാപനത്തിലേക്ക് നീ പോയത് ജർമനിയെന്ന നിന്റെ സ്വപ്നത്തിലേക്കുള്ള മറ്റൊരു ചുവടായിരുന്നു.

മോനേ, നീ ജീവിതത്തിൽ പുതിയൊരു അധ്യായം തുടങ്ങുകയാണ്.

നീ പതിനെട്ടാം വയസ്സിലേക്ക് കടന്നു. പതിനെട്ട് വയസ്സ് എന്നത് ഒരു പ്രായം മാത്രമല്ല. ഉത്തരവാദിത്വത്തിലേക്കുള്ള ഒരു വാതിലാണ്.

ഇന്ന് നിനക്ക് വിലകൂടിയ ഒരു സമ്മാനം വാങ്ങിത്തരാൻ എനിക്ക് കഴിഞ്ഞേക്കില്ല. പക്ഷേ കഴിഞ്ഞ പത്ത് വർഷമായി ഞാൻ സൂക്ഷിച്ചുവെച്ച മറ്റൊരു സമ്മാനമുണ്ട്.

നിന്റെ നഷ്ടപ്പെട്ട ബാല്യത്തിന്റെ ഓർമകൾ.

ഫോണിലൂടെ കേട്ട നിന്റെ ശബ്ദം.

“അച്ചാ, എപ്പോഴാ വരുന്നത്?” എന്ന നിന്റെ ചോദ്യം.

ആ ശൂന്യതയെക്കുറിച്ചുള്ള ഭയങ്ങൾ. ദിയയുടെ അസുഖകാലത്തെ വേദന. നിന്റെ അമ്മയുടെ സഹനവും ത്യാഗവും. നിന്റെ ചെറിയ വിജയങ്ങളിൽ തോന്നിയ അഭിമാനം. നിന്നെ കാണാൻ കഴിയാതെപോയ ഓരോ ദിവസത്തിന്റെയും വേദന. നിനക്കായി ചൊല്ലിയ ഓരോ പ്രാർത്ഥനയും. ഇതെല്ലാം ചേർന്നതാണ് എന്റെ സമ്മാനം. ഇത് വാങ്ങിയതല്ല, ജീവിതംകൊണ്ട് കരുതിവെച്ചതാണ്.

മോനെ, ജീവിതത്തിൽ ചിലപ്പോൾ മരത്തിലെ ഇലകൾ കൊഴിഞ്ഞുപോകും. ചിലപ്പോൾ നമുക്ക് ചുറ്റും എല്ലാം ശൂന്യമാണെന്ന് തോന്നും. പക്ഷേ വേരുകൾ ജീവനോടെ ഉണ്ടെങ്കിൽ വീണ്ടും മുള വരും. വീണ്ടും പൂക്കൾ വിരിയും. അതുകൊണ്ട് സ്വപ്നങ്ങളെ ഭയപ്പെടരുത്. വീണാൽ വീണ്ടും എഴുന്നേൽക്കണം. തോറ്റാൽ വീണ്ടും ശ്രമിക്കണം.

എത്ര ഉയരത്തിൽ എത്തിയാലും നിന്നെ വളർത്തിയവരെ മറക്കരുത്. എല്ലാത്തിനുമുപരി, നല്ലൊരു മനുഷ്യനായി ജീവിക്കണം.

അതാണ് ഒരു അച്ഛൻ മകനോട് ചോദിക്കാവുന്ന ഏറ്റവും വലിയ വിജയം.

നീ എവിടെയായിരുന്നാലും, ഏത് രാജ്യത്തായിരുന്നാലും, ജീവിതത്തിൽ എത്ര ദൂരം സഞ്ചരിച്ചാലും, നിന്റെ അച്ഛന്റെ ഹൃദയത്തിൽനിന്നുള്ള നിന്റെ സ്ഥാനം ഒരിക്കലും മാറില്ല. തെംസ് നദിക്കരയിലെ മരങ്ങൾ ഓരോ വർഷവും ഇലകൾ കൊഴിച്ച് വീണ്ടും പൂക്കുന്നതുപോലെ, ജീവിതത്തിലും പുതിയ തുടക്കങ്ങൾ ഉണ്ടാകും. കൊഴിഞ്ഞുപോയ വർഷങ്ങളെ തിരികെ കൊണ്ടുവരാൻ എനിക്ക് കഴിയില്ല. പക്ഷേ, വരാനിരിക്കുന്ന വർഷങ്ങളിൽ നിന്റെ ഓരോ ചുവടിനും എന്റെ പ്രാർത്ഥനയും സ്നേഹവും ഒപ്പമുണ്ടാകും.

എന്റെ പ്രിയപ്പെട്ട ഡാനിമോന് ഹൃദയം നിറഞ്ഞ പതിനെട്ടാം പിറന്നാൾ ആശംസകൾ.

നിന്റെ സ്വപ്നങ്ങൾ പൂവണിയട്ടെ.

നിന്റെ യാത്ര അനുഗ്രഹീതമാകട്ടെ.

നിന്റെ ജീവിതം സ്നേഹവും സന്തോഷവും സമാധാനവും വിജയവും നിറഞ്ഞതാകട്ടെ. എപ്പോഴും ഓർക്കണം, അച്ഛൻ ദൂരെയായിരുന്നാലും അച്ഛന്റെ ഹൃദയത്തിൽ നീ ഒരിക്കലും ദൂരെയല്ല.

സ്നേഹത്തോടെ,

സ്വന്തം അച്ഛൻ.

•

>>>>>>> പേജ് 29



മിഷന്റെ യഥാർഥ അർഥം

അഭിവന്ദ്യ വിൻസെന്റ് ദൈരേര പിതാവിന്റെ കല്ലറ കണ്ടെത്താനായ സംഭവം ഒരു ചരിത്രപരമായ നേട്ടത്തിനപ്പുറം, ആത്മീയ നേരുകളിലേക്കുള്ള തിരിച്ചുപോക്കായിരുന്നു. നമ്മുടെ വിശ്വാസം എത്രമാത്രം ത്യാഗങ്ങളുടെയും സമർപ്പണത്തിന്റെയും ഫലമാണെന്ന് ഓർമിപ്പിക്കുന്നതായിരുന്നു ആ അനുഭവം. ഇന്ന് ഭാരതത്തിൽനിന്നുള്ള വൈദികർ യൂറോപ്പിൽ സേവനംചെയ്യുമ്പോൾ ഹൃദയത്തിൽ വലിയൊരു കൃതജ്ഞത നിറയുന്നുണ്ട്. ഒരിക്കൽ ബെൽജിയത്തിൽനിന്നുള്ള പ്രേഷിതർ ഭാരതത്തിലേയ്ക്കുവന്ന് വിശ്വാസത്തിന്റെ പ്രകാശം പകർന്നതന്നു; ഇന്ന് അതേ വിശ്വാസത്തിന്റെ വെളിച്ചവുമായി ഭാരതത്തിൽനിന്നുള്ള വൈദികർ യൂറോപ്യൻമണ്ണിൽ ശുശ്രൂഷ ചെയ്യുന്നു. മിഷൻ എന്നത് രാജ്യങ്ങളുടെ അതിർത്തികളിൽ ഒതുങ്ങുന്ന ഒന്നല്ല, മറിച്ച് ദൈവസ്നേഹത്തിന്റെ നിരന്തരമായ പ്രയാണമാണ്. ദൈവം ഒരുവന്റെ ഹൃദയത്തിൽ തെളിക്കുന്ന വെളിച്ചം മറ്റുള്ളവരിലേയ്ക്ക് എത്തിക്കുക എന്നത് വിശുദ്ധമായ ഒരു യാത്രയാണ്.

അഭിവന്ദ്യ വിൻസെന്റ് വികൂർ ദൈരേര പിതാവും കടന്നുപോയ മിഷണറിമാരും പഠിപ്പിച്ച ഏറ്റവും വലിയ പാഠം ഇതാണ്: "ദൈവത്തിനും സഹജീവികൾക്കുമായി സ്നേഹത്തോടെ സമർപ്പിക്കപ്പെട്ട ഒരു ജീവിതം ഒരിക്കലും അവസാനിക്കുന്നില്ല; അത് തലമുറകളെ നിരന്തരം പ്രചോദിപ്പിച്ചുകൊണ്ടേയിരിക്കും." ആ വിശുദ്ധ പാദചിഹ്നങ്ങൾ പിന്തുടരാനും ക്രിസ്തുവിന്റെ സ്നേഹം ലോകത്തോട് പങ്കുവയ്ക്കാനും നമുക്ക് ഇടയാകട്ടെ. പ്രണാമം പ്രഥമ ഇടയനേ, വിൻസെന്റ് പിതാവേ... സ്നേഹദീപം തെളിച്ച പ്രേഷിതരേ... നന്ദി. ദേശങ്ങൾക്കപ്പുറം വിഴികാട്ടി ഞങ്ങളെ പുണ്യതീർഥാടനത്തിൽ നയിച്ച ദൈവമേ അങ്ങേയ്ക്ക് അനന്ത പ്രണാമങ്ങൾ!

•

വാർത്തകൾ

അതിരൂപത, ഫൊറോന, ഇടവക, സഭാവാർത്തകൾക്കായി ന്യൂസ് പോർട്ടൽ സന്ദർശിക്കുക
www.archtvmnews.com

സാന്ത്വനം ആരോഗ്യ സമൃദ്ധി; അഞ്ചുതെങ്ങ് സ്കൂളിൽ മാനസിക ആരോഗ്യ ബോധവത്കരണം



അഞ്ചുതെങ്ങ്: സാന്ത്വനം ആരോഗ്യ സമൃദ്ധി പദ്ധതിയുടെ ഭാഗമായി കൗമാരക്കാരുടെ മാനസികാരോഗ്യ സംരക്ഷണവും വൈകാരിക ക്ഷേമവും ലക്ഷ്യമാക്കി അഞ്ചുതെങ്ങ് സെന്റ് ജോസഫ്സ് ഹയർ സെക്കൻഡറി സ്കൂളിൽ മാനസികാരോഗ്യ ബോധവത്കരണ പരിപാടി സംഘടിപ്പിച്ചു. ജൂബിലി ഹോസ്പിറ്റൽ സൈക്കാടി ഡിപ്പാർട്മെന്റിന്റെ കീഴിൽ ഡോ. ശ്രേയസ് സൂസൻ വർഗീസിന്റെ നേതൃത്വത്തിലും ലിറ്റിൽ ഫ്ലവർ നഴ്സിംഗ് കോളേജിലെ അധ്യാപകരുടെയും വിദ്യാർത്ഥികളുടെയും സഹകരണത്തോടെയുമാണ് പരിപാടി നടന്നത്. അഞ്ചുതെങ്ങ് ഇടവക വികാരി ഫാ. സന്തോഷ് പനിയടിമ സ്വാഗതം ആശംസിച്ചു. Social Stigma, Relationships, Depression, Suicide Prevention, Self-esteem, Study Tips, Stress Management തുടങ്ങിയ വിഷയങ്ങളിൽ വിദ്യാർത്ഥികൾക്ക് ലളിതവും പ്രായോഗികവുമായ മാർഗനിർദേശങ്ങൾ നൽകി. സ്വന്തം വികാരങ്ങളെ തിരിച്ചറിയാനും സമ്മർദ്ദങ്ങളെ ആരോഗ്യകരമായി നേരിടാനും ആവശ്യമായ നിർദേശങ്ങളും പങ്കുവച്ചു. തുടർന്ന് വിദ്യാർത്ഥികൾക്ക് വ്യക്തിഗത കൗൺസിലിംഗ് നൽകി. മാനസികാരോഗ്യത്തെക്കുറിച്ചുള്ള തെറ്റിദ്ധാരണകൾ കുറയ്ക്കുകയും കുട്ടികളിൽ ആത്മവിശ്വാസം വളർത്താനും പരിപാടി സഹായിച്ചു.

തിരുവനന്തപുരം സെൻറ് ജോസഫ്സ് സ്കൂൾ തുടർച്ചയായി അഞ്ചാം വർഷവും ജിംനാസ്റ്റിക്സിൽ സംസ്ഥാന ചാമ്പ്യന്മാർ



തിരുവനന്തപുരം: 68-ാമത് സംസ്ഥാന സ്കൂൾ ഗെയിംസ് മത്സരങ്ങളുടെ ഗ്രൂപ്പ് വൺ മത്സരങ്ങളിൽ തിരുവനന്തപുരം സെൻറ് ജോസഫ് സ്സ് ഹയർ സെക്കൻഡറി സ്കൂൾ ജിംനാസ്റ്റിക്സ് ടീം തുടർച്ചയായി അഞ്ചാം വർഷവും സംസ്ഥാന ചാമ്പ്യന്മാരായി. ടീമംഗങ്ങൾക്ക് ലഭിച്ച മികച്ച പരിശീലനവും പ്രകടനവുമാണ് സ്കൂളിനെ വീണ്ടും ഈ അപൂർവ നേട്ടത്തിന് അർഹമാക്കിയത്. സംസ്ഥാന മത്സരങ്ങളിൽ വിജയികളായവരെ സ്കൂൾ മാനേജർ ഫാ. ജെറോം അൽഫോൺസ്, സ്കൂൾ പ്രിൻസിപ്പൽ സുനിൽകുമാർ മൊറൈസ്, ഹെഡ്മാസ്റ്റർ നിതീഷ് സെബാസ്റ്റ്യൻ, ഫിസിക്കൽ എജ്യുക്കേഷൻ അധ്യാപകരായ മനോജ് സേവ്യർ, ജോൺ ബോസ്കോ എന്നിവരുടെ നേതൃത്വത്തിൽ അഭിനന്ദിച്ചു.

സംസ്ഥാന സ്കൂൾ ഗെയിംസ് ചെസ്സിൽ സെന്റ് ജോസഫ്സ് സ്കൂളിന് അഭിമാന നേട്ടം

68-ാമത് സംസ്ഥാന സ്കൂൾ ഗെയിംസിൽ സെന്റ് ജോസഫ്സ് ഹയർ സെക്കൻഡറി സ്കൂളിലെ പതിനൊന്നാം ക്ലാസ് വിദ്യാർത്ഥിയായ സിദ്ധാർത്ഥ് ശ്രീകുമാർ ചെസ് വിഭാഗത്തിൽ സംസ്ഥാന ചാമ്പ്യനായി. പഠനത്തോടൊപ്പം കായികരംഗത്തും മികവ് തെളിയിക്കുന്ന സിദ്ധാർത്ഥിന്റെ നേട്ടം സെന്റ് ജോസഫ്സ് സ്കൂളിന്റെ കായിക പാരമ്പര്യത്തിന് മറ്റൊരു പൊൻതൂവലായി.

സെന്റ്. വിൻസെന്റ് ഡി പോൾ തിരുവനന്തപുരം സെൻട്രൽ കൗൺസിലിന് പുതിയ നേതൃത്വം




തിരുവനന്തപുരം: ജീവകാരുണ്യ മേഖലയിൽ സ്തുത്യർഹമായ പ്രവർത്തനങ്ങൾ നടത്തുന്ന സെന്റ്. വിൻസെന്റ് ഡി. പോൾ സെൻട്രൽ കൗൺസിലിന് പുതിയ നേതൃത്വം. സെൻട്രൽ കൗൺസിലിന്റെ യോഗത്തിൽ ആത്മീയ ഉപദേഷ്ടാവും അതിരൂപത അൽമായ ശുശ്രൂഷ ഡയറക്ടറുമായ ഫാ. ബീഡ് മനോജ് അംഗങ്ങൾക്ക് സത്യവാചകം ചൊല്ലിക്കൊടുത്തു. തുടർന്ന് പുതിയ ഭാരവാഹികൾ ചുമതലയേറ്റു. തിരുവനന്തപുരം സെൻട്രൽ കൗൺസിൽ പ്രസിഡന്റ് ലോറൻസ് ടി. ജെ, സെക്രട്ടറി വിജയൻ, ഖജാൻജി ബഞ്ചമിൻ എന്നിവരാണ് ചുമതലയേറ്റത്. മുൻ പ്രസിഡന്റ് ഫ്രാൻസിസ് സന്നിഹിതനായിരുന്നു.

വചന ജ്വാല
(അടിസ്ഥാന ക്രൈസ്തവ സമൂഹ യോഗക്രമ സഹായി)
2026 നവംബർ മാസത്തെ ഉപയോഗത്തിനായ് അതിരൂപത ബിസിസി കമ്മിഷൻ തയ്യാറാക്കിയത്

ആരാധനാക്രമവർഷം: വെറുമൊരു കലണ്ടർ അല്ല



തയ്യാറാക്കിയത്:
ഫാ. സനീഷ്
(എക്സിക്യൂട്ടീവ് സെക്രട്ടറി, ബിസിസി കമ്മിഷൻ)



1. പരിശുദ്ധാത്മാവിന്റെ ഗാനം, ബൈബിൾ വന്ദനം

2. ആമുഖം

ആരാധനാക്രമവർഷം ക്രൈസ്തവജീവിതത്തെ മുഴുവനായും വഴിനടത്തുന്ന സവിശേഷമായ ഒന്നാണ്. സൂര്യനുചുറ്റും ഭ്രമണംചെയ്യുന്ന ഗ്രഹങ്ങളെപ്പോലെ യേശുവിന്റെ രക്ഷാകര പ്രവർത്തനങ്ങൾ ധ്യാനിച്ചുകൊണ്ട് ഒരു വർഷക്കാലം മുഴുവനും നാം സഞ്ചരിക്കുന്നു. യേശുവിന്റെ ജനനം, പരസ്യജീവിതം, പീഡാസഹനം, മരണം, ഉയിർപ്പ്, പരിശുദ്ധാത്മാവിന്റെ ആഗമനം എന്നിവയിൽ ഊന്നി വിശുദ്ധഗ്രന്ഥം മുഴുവനും, പഴയ നിയമവും പുതിയ നിയമവും, ധ്യാനവിഷയം ആവുകയാണ് ഓരോ ആരാധനാക്രമ വർഷത്തിലും. ഡിസംബറിന്റെ കുളിർമയിൽ ആഗമനകാലത്തോടെ നാം തുടങ്ങുന്ന ആരാധനാക്രമവർഷം ക്രിസ്തുമസ് കാലത്തിലൂടെയും സാധാരണ ആഴ്ചകളിലൂടെയും തപസ്സ് കാലത്തിലൂടെയും ഈസ്റ്റർ കാലത്തിലൂടെയും കടന്ന് ക്രിസ്തുവിന്റെ രാജത്വ തിരുനാളിൽവന്ന് സമാപിക്കുന്നു. സാധാരണ ആഴ്ചകളിൽ, നമുക്കുവേണ്ടി ദൈവസന്നിധിയിൽ മാധ്യസ്ഥ്യം വഹിക്കുന്ന വിശുദ്ധരുടെ തിരുനാളുകൾ ഉചിതമായി നാം അനുസ്മരിക്കുകയും ആഘോഷിക്കുകയും ചെയ്യുന്നു. ജീവിതത്തിന്റെ സന്തോഷങ്ങളും വേദനകളും സങ്കടങ്ങളും എല്ലാം ദൈവികപദ്ധതിയിൽ ചേർത്തുവച്ച് ഉൾക്കൊള്ളുവാനും ജീവിത യാത്രയിൽ മുന്നോട്ടുപോകുവാനും ആരാധനാക്രമവർഷത്തിന്റെ അർത്ഥപൂർണമായ അനുഷ്ഠാനത്തിലൂടെ നമുക്ക് കഴിയുന്നു. ഓരോ ആരാധനാക്രമവർഷത്തിലൂടെയും നാം അനുഭവിക്കുന്ന ദൈവപരിപാലനയെക്കുറിച്ച് ഈ കൂടുംബക്കൂട്ടായ്മയിൽ നമുക്ക് ധ്യാനിക്കാം.

3. യേശുവിനെ ക്ഷണിക്കൽ

4. ദൈവവചന പാരായണം:
യോഹന്നാൻ 7:37-41

5. വചനഭാഗം പങ്കുവയ്ക്കൽ

6. നിശ്ശബ്ദധ്യാനം

7. വചനാനുഭവം പങ്കുവയ്ക്കൽ (ചുരുങ്ങിയ വാക്കുകളിൽ പങ്കുവയ്ക്കുന്നു.)

8. വചനവിചിന്തനം

ക്രിസ്തുവിൽ പ്രിയമുള്ളവരേ, ഓരോ ആരാധനാക്രമവർഷവും മാസത്തിന്റെയും, വർഷത്തിന്റെയും വെറും കണക്കല്ല നമുക്ക് വെളിപ്പെടുത്തിത്തരുന്നത്. മറിച്ച്, യഥാർത്ഥ ജീവജലമായ ക്രിസ്തുവിനെ തന്നെയാണ്. നമ്മുടെ ആരാധനാക്രമ അനുഷ്ഠാനത്തിലൂടെ നമ്മുടെ ആത്മാവിലേക്ക് ഈ ജീവജലധാര ഒഴുകിയെത്തുന്നു.

1. ആരാധനാക്രമവർഷത്തിലൂടെയുള്ള യാത്ര ഒരു തീർത്ഥാടനമാണ്: അനേകർ വിശുദ്ധനാട് സന്ദർശിക്കുകയും യേശുനാഥൻ നടന്നുനീങ്ങിയ വഴികളും അവിടുത്തെ ജീവിതാനുഭവങ്ങളും നേരിട്ടുകണ്ട് അനുഭവിക്കുകയും ചെയ്യാറുണ്ട്. ഈ യാത്രപോലെ ആരാധനാക്രമവർഷത്തിലൂടെ അർഥപൂർണമായി യാത്ര ചെയ്യുന്നത് യേശുവിന്റെ ജനന, പരസ്യജീവിത, പീഡാസഹന, മരണ, ഉത്ഥാനങ്ങളിലൂടെയുള്ള ഒരു യാത്രയാണ്. ഈ തീർത്ഥാടനത്തിലൂടെ ക്രിസ്തുവിനെ കൂടുതൽ ആഴമായി അനുഭവിക്കാനും സ്വന്തമാക്കാനും കഴിയുന്നു. തെറ്റിപ്പോയാൽ തിരിച്ചുവരാനും കൂടെ ആയിരിക്കുമ്പോൾ കൂടുതൽ തീക്ഷ്ണതയോടെ അവനെ അനുഗമിക്കുവാനും നമ്മെ ശക്തിപ്പെടുത്തുന്ന ആരാധനാക്രമ അനുഷ്ഠാനങ്ങൾ.



2. ജീവാത്മാവിന്റെ അഭിഷേകം നൽകുന്ന ജലധാരയാണ് ആരാധനാക്രമവർഷം: യേശുവിന്റെ ജ്ഞാനസ്നാനത്തിലൂടെ വെളിപ്പെടുത്തപ്പെടുന്ന ദൈവാത്മാവിന്റെ സാന്നിധ്യം പെന്തക്കോസ്തയിൽ പൂർണതയിൽ എത്തുന്നതോടെ ക്രിസ്തുവിനെ രക്ഷകനായി പ്രഘോഷിക്കുവാൻ ദൈവജനം/സഭ സജ്ജമാകുന്നു. ഭയം കൂടാതെ ക്രിസ്തു സർവലോകത്തിന്റെയും രാജാവാണ് എന്നും അവൻ സത്യമായും ജീവിക്കുന്നു എന്നും തങ്ങളുടെ ജീവൻ സമർപ്പണം ചെയ്തുകൊണ്ടുപോലും പ്രഘോഷിക്കുന്നു. ആഴമായ ഈ സമർപ്പണം നടത്തുവാൻ നമ്മെ സജ്ജരാക്കി മാറ്റുകയാണ് ഓരോ ആരാധനാക്രമവർഷവും.

3. ക്രൂശിതനിൽനിന്നും ഒഴുകിയിറങ്ങുന്ന ആരാധനാക്രമവർഷം: കാൽവരിയിലെ കുത്തിത്തുറക്കപ്പെട്ട വിലാവിൽനിന്നും ഒഴുകിയിറങ്ങുന്ന ചോരയും നീരും ജീവനും രക്ഷയും പ്രദാനം ചെയ്തതുപോലെ, ഒരു ആരാധനാക്രമവർഷം മുഴുവനും നമ്മെ രക്ഷയിലേക്കും ജീവനിലേക്കും കൈപിടിച്ച് നടത്തുന്നു. ക്രിസ്തുവിന്റെ പെസഹാ രഹസ്യങ്ങളുടെ പുനരാവർത്തനവും അനുഭവവുമാണ് അവ പ്രദാനം ചെയ്യുന്നത്.

4. സഭ മുഴുവനും ദൈവസന്നിധിയിൽ ഒന്നിച്ചു ചേരുന്നു: ലോകം മുഴുവനുമുള്ള കത്തോലിക്ക വിശ്വാസികൾ ആരാധനാക്രമവർഷത്തിലെ ദിവ്യബലികളിൽ ഓരോ ദിവസവും വായിച്ച് ധ്യാനിക്കുന്ന വചനഭാഗങ്ങൾ ഒന്നുതന്നെയാണ്. ആഘോഷിക്കുന്ന തിരുനാളുകളും ഒന്നുതന്നെ. ഇങ്ങനെ ഒരേ ആരാധനാക്രമവർഷ അനുഷ്ഠാനം ലോകം മുഴുവനുമുള്ള കത്തോലിക്കാവിശ്വാസികളെ ഹൃദയത്തിൽ ഒന്നിപ്പിക്കുന്നു. സ്ഥലകാലങ്ങൾക്കതീതമായി ദൈവത്തിൽ അവർ ഒരു ജനമായിത്തീരുന്ന സുന്ദരമായ ചിത്രം വരയ്ക്കുകയാണ് ഓരോ ആരാധനാക്രമവർഷവും. നമ്മുടെ ജീവന്റെയും ജീവിതത്തിന്റെയും ആധാരമായ ആരാധനാക്രമവർഷത്തെ കൂടുതൽ ആഴത്തിൽ മനസ്സിലാക്കാനായി നമുക്ക് ശ്രമിക്കാം.

(ഈ ആശയങ്ങളുടെ സഹായത്തോടെ ബി.സി.സി യോഗത്തിൽ വിചിന്തനം ചെയ്യാവുന്നതാണ്. വിചിന്തനത്തിന്റെ അടിസ്ഥാനത്തിൽ താഴെപ്പറയുന്ന ചോദ്യങ്ങൾ ചർച്ച ചെയ്യാം)

» ഓരോ ആരാധനാക്രമവർഷത്തിന്റെയും ശരിയായ അർത്ഥം മനസ്സിലാക്കിത്തന്നെയാണോ നാം നാളിതുവരെ വിശ്വാസജീവിതം നയിച്ചത്?

» ആഗമനകാലത്തോടെ ആരംഭിക്കുവാൻ പോകുന്ന പുതിയൊരു ആരാധനാക്രമവർഷം ഏറ്റവും അർഥവത്തായ രീതിയിൽ ജീവിക്കുവാൻ/ അനുഷ്ഠിക്കുവാൻ നമുക്ക് എന്തുചെയ്യാൻ കഴിയും?

9. ദൗത്യമേറ്റെടുക്കൽ

10. സ്വയംപ്രേരിത പ്രാർഥന

11. കർത്തൃപ്രാർഥന

12. സമാപനപ്രാർഥന

രണ്ടാം ഭാഗം

1. കുടുംബനാഥൻ/നാഥ എല്ലാവരെയും സ്വാഗതം ചെയ്യുന്നു

2. റിപ്പോർട്ട് അവതരണം (കഴിഞ്ഞ യോഗത്തിലെ റിപ്പോർട്ട്)

3. വരവ് ചെലവ് അവതരണം;

4. ശ്രുശ്രൂഷാ പ്രവർത്തനങ്ങളെക്കുറിച്ചുള്ള അവതരണം

(യൂണിറ്റിൽ നിന്നുള്ള ബി.സി.സി. ലീഡർ, അജപാലനം, വിദ്യാഭ്യാസം, സാമൂഹികം, കുടുംബം, അല്മായം, യുവജനം, മതസ്യമേഖല എന്നീ ശ്രുശ്രൂഷാ പ്രതിനിധികളെ ഇടവകയിലെ തന്മാസത്തെ ശ്രുശ്രൂഷാ പ്രവർത്തനങ്ങളെപ്പറ്റി സംക്ഷിപ്തമായി അവതരിപ്പിക്കാൻ ക്ഷണിക്കുന്നു)

5. ചർച്ചയും പങ്കുവയ്ക്കലും;

6. ഹാജർ

7. രഹസ്യപ്പിരിവ്

8. അറിയിപ്പുകൾ

9. നന്ദി

10. സമാപനഗീതം



ഫലം നല്കുന്ന മനുഷ്യരാകാം

ആണ്ടുവട്ടം 27-ാം ഞായർ (ഒക്ടോ 4)

ഏശ 5: 1-7, 2 ഫിലി 4:6-9, മത്താ 21:33-46

ഫാ. ഡൈസൺ

മുന്തിരി ത്തോട്ടത്തിലെ കൃഷിക്കാരുടെ ഉപമ പഴയ നിയമത്തെയും പുതിയ നിയമത്തെയും കോർത്തിണക്കിക്കൊണ്ട് രക്ഷാകര ചരിത്രത്തെ വളരെ ഭംഗിയായും ഹൃസ്വമായും പുനരവതരിപ്പിക്കുന്നു. ഈ ഉപമയുടെ പശ്ചാതലത്തിൽ എ.ഡി. 70-ാം ആണ്ടിൽ സംഭവിച്ച ജെറുസലേമിന്റെ പതനത്തെ ചിലർ കാണുന്നത്, പുത്രനായ ദൈവത്തോട് യഹൂദജനത ചെയ്ത ക്രൂരതയുക്കുള്ള ശിക്ഷയായിട്ടാണ്. കല്ലിൻമേൽ കല്ല് അവശേഷിക്കാത്ത രീതിയിലാണ് ജെറുസലേം ദേവാലയം തകർക്കപ്പെട്ടത്. ഈ ഉപമ പ്രധാനമായും മൂന്നു സന്ദേശങ്ങളാണ് നല്കുന്നത്.

1. മണ്ണിനോട് ആർത്തി പാടില്ല

മണ്ണിൽനിന്ന് മെനഞ്ഞെടുത്ത മനുഷ്യൻ മണ്ണിലേക്ക് മടങ്ങുന്നു. അതുകൊണ്ടാണ് ഉല്പത്തി പുസ്തകം (3:19) മനുഷ്യനെ മണ്ണെന്നും പൊടിയെന്നും വിളിക്കുന്നത്. മണ്ണുമായി മനുഷ്യന് അഭേദ്യമായ ബന്ധമുള്ള കാരണമായിരിക്കാം മണ്ണ് മനുഷ്യന്റെ ബലഹീനതയായി നിലനില്ക്കുന്നത്. ഷേക്സ്പിയറിന്റെ 'മാക്ബത്ത്' മണ്ണിനായുള്ള അതിമോഹത്തിന്റെയും അത്യാഗ്രഹത്തിന്റെയും കഥയാണ്. ഭാരതീയരുടെ ഇതിഹാസമായ മഹാഭാരതം മണ്ണ് കയ്യടക്കാനുള്ള അതിമോഹത്തിന്റെ കഥയാണ്. പഴയ നിയമത്തിലെ അഹാബ് രാജാവിന്റെ പത്നി ജസെബെൽ പാവപ്പെട്ട നാബോത്തിനെ അതിക്രൂരമായ കള്ള സാക്ഷ്യത്തിലൂടെ വധിക്കുന്നു. കാരണം നാബോത്തിന്റെ മണ്ണിനായുള്ള അഹാബ് രാജാവിന്റെ ഒടുങ്ങാത്ത അതിമോഹം. സുവിശേഷത്തിൽ മണ്ണിനായുള്ള കൃഷിക്കാരുടെ അതിമോഹമാണ് യഥാർത്ഥ അവകാശിയെ കൊല്ലാൻ പ്രേരിപ്പിക്കുന്നത്.

മണ്ണ് സ്വന്തമാക്കാനുള്ള പ്രലോഭനം പിശാച് യേശുവിനുനേരെ പ്രയോഗിക്കുന്നുണ്ട്. (പിശാച് വളരെ ഉയർന്ന മലയിൽ യേശുവിനെ കൂട്ടിക്കൊണ്ടുപോയി, ലോകത്തിലെ എല്ലാ രാജ്യങ്ങളും അവയുടെ മഹത്വം കാണിച്ചുകൊണ്ട് പറഞ്ഞു; സാഷ്ടാംഗം പ്രണമിച്ച് ആരാധിച്ചാൽ ഇവയെല്ലാം നിനക്ക് തരും (മത്താ 4:7-9). യേശു സാത്താനെ ദൂരെ അകറ്റിനിറുത്തി. മണ്ണിനോടുള്ള ആർത്തി സഹോദരങ്ങളെ കൊലപാതകികളാക്കുന്നു. മണ്ണിനോടുള്ള ആർത്തി അയൽക്കാരെ, അയൽ രാജ്യങ്ങളെ ശത്രുക്കളാക്കുന്നു. മണ്ണിനോടുള്ള ആർത്തി ദൈവത്തെ മറക്കാനും വിഗ്രഹാരാധന നടത്താനും പ്രേരിപ്പിക്കുന്നു. അതുകൊണ്ട് ഭൂമിയിലെ സ്ഥലങ്ങളല്ല, സ്വർഗത്തിലെ ഇടങ്ങളാണ് നാം സ്വന്തമാക്കേണ്ടത്.

2. സാത്താന് ഇടം നല്കാതിരിക്കുക

ദുർമോഹം ഗർഭം ധരിച്ച് പാപത്തെ പ്രസവിക്കുമ്പോൾ മനുഷ്യജീവിതം നാശത്തിൽ നിപതിക്കുന്നു (യാക്കോബ് 1:15) പാപത്തിന്റെ മൂർത്തീഭാവമാണ് സാത്താൻ. ജീവിതത്തിൽ ഒരിക്കലും സത്താന് ഇടം നല്കരുത് (എഫേ. 4:27) ആദത്തിന്റെയും ഹവ്വയുടെയും ജീവിതത്തിൽ സാത്താന് ഇടം നല്കിയപ്പോൾ അതുവരെയും അവർ അനുഭവിച്ച എല്ലാ സൗഭാഗ്യങ്ങളും അതിന്റെ ഉടയവനായ ദൈവത്തെപ്പോലും നഷ്ടപ്പെടുന്നു. കായേൻ തന്റെ ജീവിതത്തിൽ സാത്താന് ഇടം നല്കിയപ്പോൾ ചരിത്രത്തിലെ ആദ്യ കൊലപാതകിയായി മാറി. കൃഷിക്കാർ തങ്ങളുടെ ജീവിതത്തിൽ സാത്താന് (ദുർമോഹമെന്ന തിന്മയ്ക്ക്) ഇടം നല്കിയപ്പോൾ യഥാർത്ഥ അവകാശിയെ കൊല്ലുന്ന ഘാതകരായി മാറി.

സാത്താൻ ഒരു ഐതിഹ്യമോ ചിത്രീകരണമോ അലങ്കാരമോ ആശയമോ അല്ല. തിന്മയുടെ വിഷം നല്കിക്കൊണ്ട് മനുഷ്യകുലത്തിന് പ്രതിബന്ധമായി അവൻ ഇന്നും നിലകൊള്ളുന്നു. അവന്റെ സാന്നിദ്ധ്യം വിശുദ്ധ ലിഖിതത്തിന്റെ ആരംഭത്തിലും അവസാനത്തിലും നാം ദർശിക്കുന്നുണ്ട്. ദുഷ്ടാത്മാവിയുടെ പ്രലോഭനത്തിൽനിന്ന് ഞങ്ങളെ രക്ഷിക്കണമെയെന്ന് യേശു പഠിപ്പിച്ച പ്രാർത്ഥനയിലുണ്ട്. നമ്മിൽ കടന്നുവരുന്ന പിശാചിനെ ചെറുക്കാൻ ആത്മാവിന്റെ ഓക്സിജനായ പ്രാർത്ഥനയും ആത്മീയ ജീവിതത്തിന്റെ നട്ടെല്ലായ ഉപവാസവും ആവശ്യമാണ്. അവൻ അലറുന്ന സിംഹത്തെപ്പോലെ ആരെ വിഴുങ്ങുണമെന്ന് ഓടി നടക്കുന്നവനാണ് (1 പത്രോ-5:8). അവനെ ചെറുത്തു തോല്പ്പിക്കണം. (സാത്താൻ നമ്മുടെ ജീവിതവാതില്ക്കൽ തന്നെയുണ്ട്. അവൻ മനുഷ്യരിൽ താല്പര്യം വച്ചിരിക്കുന്നു (ഉല്പത്തി 4:7). അവന്റെ സാന്നിധ്യം മനുഷ്യജീവിതത്തെ ഫലം നല്കാത്ത വൃക്ഷമാക്കി മാറ്റുന്നു. ദൈവം സഞ്ചരിക്കുന്നതിന്റെ എതിർദിശയിൽ സഞ്ചരിക്കുവാൻ മനുഷ്യരെ സദാ അവൻ നിർബന്ധിക്കുന്നു. നമ്മിലെ പാപത്തിന്റെ മനുഷ്യനെ, സാത്താനെ ഇല്ലാതാക്കാൻ ദൈവത്തിന് ഇടം നല്കാം. സാത്താന്റെ അടിമയായിരിക്കുന്നതിനെക്കാൾ മറിയത്തെപ്പോലെ ദൈവത്തിന്റെ അടിമയായിരിക്കാം.

3. ഫലം നല്കുന്ന മനുഷ്യരാകാം

ദൈവം ഓരോ മനുഷ്യനെയും ദൈവത്തിന്റെ തോട്ടത്തിലെ കൃഷിക്കാരനായിട്ടാണ് സൃഷ്ടിച്ചിരിക്കുന്നത്. ജോലിക്കനുസരിച്ചായിരിക്കും ഫലമുണ്ടാവുന്നത്! അതുകൊണ്ടുതന്നെ ജീവിതം

നിശ്ചലാത്മകതയല്ല ചലനാത്മകതയാണ്! ഒരാൾ ജീവിതത്തെക്കുറിച്ച് ഇങ്ങനെ കുറിയ്ക്കുകയായിരുന്നു; ജിവിതം വെറുമൊരു നാമമല്ല, ക്രിയയാണ്. ഉണർവോടെ പ്രവർത്തിച്ചില്ലെങ്കിൽ താലന്ത് നിലത്ത് കുഴിച്ചിട്ട മടിയനായ ഭൃത്യനു തുല്യരായി നമ്മൾ മാറും. ജാഗ്രതയോടെ പ്രവർത്തിച്ചാൽ മണവാളനെ സ്വീകരിക്കാൻ നന്മയുടെ ഫലങ്ങളുമായി കാത്തിരിക്കുന്ന വിവേകമതികൾക്ക് തുല്യരായി തീരും.

ഫലങ്ങൾ അന്വേഷിച്ചുവരുന്ന ദൈവത്തെ നിരാശപ്പെടുത്താത്ത കൃഷിക്കാരായിരിക്കണം നമ്മൾ. ഇതുവരെ വെടിക്കെട്ട് കാണാത്ത കൊച്ചുകുട്ടിയുടെ ആഗ്രഹപ്രകാരം അമ്മ അവനെ പള്ളിത്തിരുനാളിന് കൊണ്ടുപോയി. പ്രദക്ഷിണം കഴിഞ്ഞ് വെടിക്കെട്ട് ആരംഭിച്ചു. വെടിയൊച്ചകേട്ട് അവൻ കാതുകൾ പൊത്തി. കണ്ണഞ്ചിപ്പിക്കുന്ന പ്രകാശം കണ്ട് കണ്ണടച്ചു. അവൻ അറിയാതെ ഉറക്കത്തിൽ വീണുപോയി. നന്മയ്ക്കുനേരെ കണ്ണും കാതും അടച്ച് ഉറങ്ങുന്ന കുട്ടിക്ക് സമാനമാണ് നമ്മൾ ഒരോരുത്തരും. നമ്മെ നിശ്ചലരാക്കി നരകത്തിന് സ്വന്തമാക്കാൻവേണ്ടി പിശാച് ഉന്നർന്നു പ്രവർത്തിക്കുന്നു. സ്വർഗം സ്വന്തമാക്കാൻവേണ്ടി നമ്മൾ ഉണർവോടെ പ്രവർത്തിക്കുമ്പോൾ പിശാച് ഉറങ്ങിപ്പോകും. അങ്ങനെ ജീവിതത്തിൽ നന്മയുടെ ഫലങ്ങൾ പുറപ്പെടുവിച്ച് യജമാനനെ തൃപ്തിപ്പെടുത്തുന്ന കൃഷിക്കാരാകാം. മദർ തെരേസയും ഫ്രാൻസിസ് അസ്സീസിക്കും മാത്രമല്ല ഫലം നല്കുവാൻ സാധിക്കുക. എനിക്കും നിങ്ങൾക്കും ദൈവത്തെ സംതൃപ്തമാക്കുന്ന ഫലംനല്കാൻ സാധിക്കും ദൈവത്തിൽ ആശ്രയിച്ച് നന്മ ചെയ്യാം.

വിരുന്നും വസ്ത്രവും

ആണ്ടുവട്ടം 28-ാം ഞായർ(ഒക്ടോ 11)

ഏശ 25:6-10, 2 ഫിലി 4:12-14, 19-20 മത്താ 22:1-14

ഫാ. പ്രബൽ

മത്തായിയുടെ വിവരണത്തിൽ രണ്ട് ഉപമകളുടെ സാധുതയുണ്ടെന്നാണ് വചനവ്യാഖ്യാതാക്കൾ അഭിപ്രായപ്പെടുക.

1. മഹാവിരുന്നിന്റെ ഉപമ (മത്താ. 22:2-10)

2. വിവാഹവസ്ത്രത്തിന്റെ ഉപമ (മത്താ. 22:11-3)

എന്നാൽ ഇവ രണ്ടിനെയും ഒരൊറ്റ ഉപമയായി പരിഗണിക്കുന്നതിന്റെ കാരണം രണ്ടും വിവാഹവിരുന്നിനെ മുഖ്യപ്രമേയമായി അവതരിപ്പിക്കുന്നതിനാലാവാം.



യഹൂദർ വിരുന്നിന് ക്ഷണിക്കുമ്പോൾ സമയം കൃത്യമായി പറയുകയില്ല. ദിവസം മാത്രമേ അറിയിക്കൂ. പിന്നീട് എല്ലാം തയ്യാറായിക്കഴിയുമ്പോൾ ക്ഷണിക്കപ്പെട്ടവരെ വിളിക്കാൻ ദാസന്മാരെ അയയ്ക്കും. വിവാഹവിരുന്നിനുള്ള വിഭവങ്ങൾ ഒരുക്കി കാത്തിരിക്കുന്ന ദൈവം പ്രവാചകന്മാരെ (ഭൃത്യന്മാർ) അയയ്ക്കുന്നു. നിരവധി തവണ ക്ഷണം നൽകപ്പെട്ടിട്ടും നിരസിക്കപ്പെട്ട എന്നതാണ് രക്ഷാകരചരിത്രം നമുക്കുമുമ്പിൽ വരച്ചുകാട്ടുക. പുതിയ നിയമത്തിൽ ഈ ഉത്തരവാദിത്വം ഏറ്റെടുക്കുന്നത് അപ്പസ്തോലന്മാരാണ്. അവർക്കും സംഭവിച്ചത് പ്രവാചകന്മാരുടെ അവസ്ഥതന്നെയാണ്. അപമാനവും മരണവും.

ഈ ഉപമയെ വിവിധ തട്ടുകളായി തിരിക്കാൻ സാധിക്കും.

1. ക്ഷണവും തിരസ്കരണവും: ആദ്യം ക്ഷണിക്കപ്പെട്ടവർ ക്ഷണം നിഷേധിച്ചത് ദൈവവിളിയോടുള്ള ചിലരുടെ ചെറുത്തുനിൽപ്പിന്റെ പ്രതീകമാണ്. ശ്രദ്ധാകേന്ദ്രങ്ങൾ മാറിപ്പോകുന്നത് രക്ഷാവാഗ്ദാനം നഷ്ടപ്പെടാൻ കാരണമായേക്കാം.

2. ദൈവരാജ്യപ്രവേശനം: വ്യക്തിയുടെ നിലയും വിലയും പരിഗണിക്കാതെ പാർശ്വവൽക്കരിക്കപ്പെട്ടവരെ ക്ഷണിക്കുവാനുള്ള രാജാവിന്റെ തീരുമാനം, രക്ഷ ആർക്കും റിസർവ് ചെയ്തിട്ടില്ലെന്നുള്ള ബോധ്യം നൽകുന്നു.

3. രക്ഷയ്ക്കായുള്ള തയ്യാറെടുപ്പ്: ആത്മീയ ഒരുക്കത്തിന്റെയും രൂപാന്തരപ്പെട്ട ജീവിതത്തിന്റെയും അഭാവമാണ് വിവാഹവസ്ത്രമില്ലാത്ത അവസ്ഥ. മാനസാന്തരത്തിന്റെയും ദൈവത്തോടുള്ള അനുരജ്ഞനത്തിന്റെ ആവശ്യകതയെയും ഇവിടെ ഊന്നിപ്പറയുന്നു.

4. തയ്യാറാകാത്തതിന്റെ അനന്തരഫലങ്ങൾ: വിവാഹ വസ്ത്രമില്ലാത്ത വ്യക്തികൾക്ക് ലഭിക്കുന്ന കടുത്ത ശിക്ഷ ദൈവത്തിന്റെ ക്ഷണം ഗൗരവമായി എടുക്കാത്തതിന്റെ ഫലത്തെ അടിവരയിടുന്നു. വിശ്വാസത്തിന്റെയും ആത്മീയ അവഗണനയുടെയും അനന്തരഫലങ്ങളാണവ.

5. ദൈവത്തിന്റെ ക്ഷണത്തോട് പ്രതികരിക്കാനുള്ള ആഹ്വാനം: നമ്മുടെ സ്വന്തം ആത്മീയ അവസ്ഥയെക്കുറിച്ച് ചിന്തിക്കാനും ദൈവരാജ്യത്തിൽ പ്രവേശിക്കാൻ നാം യഥാർത്ഥത്തിൽ തയ്യാറാണോ എന്ന് ആത്മപരിശോധന ചെയ്യാനും നമ്മെ പ്രേരിപ്പിക്കുന്നു.

6. ദൈവത്തിന്റെ കൃപയും ന്യായവിധിയും: ദൈവത്തിന്റെ രക്ഷയുടെ വാഗ്ദാനങ്ങൾ സൗജന്യമായി നൽകപ്പെടുമ്പോൾ ആ ക്ഷണത്തെ സ്വീകരിക്കുവാൻതക്ക ഒരുക്കമുള്ള ജീവിതമാണ് നമുക്കുവേണ്ടത്.

സ്വർഗരാജ്യത്തിലെ വിരുന്നിന് ക്ഷണിക്കപ്പെട്ടിരിക്കുന്ന ഞാൻ ക്ഷണം നിരസിച്ച് പാടത്തും കച്ചവടസ്ഥലത്തും വയൽ വാങ്ങിയും കാളയെ വാങ്ങിയും വിവാഹം കഴിച്ചും കഴിയുകയാണോ? ഇവയൊന്നും അതിൽതന്നെ തെറ്റല്ല. എന്നാൽ എന്റെനേരെ നീട്ടുന്ന സ്വർഗീയവിരുന്ന് നഷ്ടമാക്കരുത്. എന്റെ ജീവിതത്തിലെ ഏത് തിരക്കിനെ ചൂണ്ടിക്കാട്ടിയാണ് ഞാൻ ദിവ്യബലിക്ക് താമസിച്ചുവരുന്നത്?

ദൈവത്തിന്റെ മുഖമുള്ളവൻ

ആണ്ടുവട്ടം 29-ാം ഞായർ (ഒക്ടോ18)
ഏശ 45:1,4-6 1 തിമോ 1:1-5
മത്താ 22:15-21

ഫാ. ഡാർവിൻ ഫെർണാണ്ടസ് എ



ആരാണ് മനുഷ്യനെന്ന ചോദ്യത്തിന് വ്യത്യസ്തമായ ഉത്തരങ്ങൾ നൽകാമെങ്കിലും വി. ഗ്രന്ഥത്തിന്റെ അടിസ്ഥാനത്തിൽ ചോദിച്ചാൽ ഉത്തരമിതാണ്; ദൈവത്തിന്റെ ഛായയിലും സാദൃശ്യത്തിലും സൃഷ്ടിക്കപ്പെട്ടവനാണ് മനുഷ്യൻ (ഉത്പ. 1:26). ദൈവത്തിന്റെ ഛായയിലും സാദൃശ്യത്തിലും സൃഷ്ടിക്കപ്പെട്ട മനുഷ്യൻ എങ്ങനെ ജീവിക്കണമെന്ന് ഇന്നത്തെ സുവിശേഷത്തിന്റെ അടിസ്ഥാനത്തിൽ ധ്യാനിക്കാം.

സുവിശേഷ പശ്ചാത്തലം

ക്രിസ്തുവിനെതിരെ സംസാരിക്കുന്നവരുടെ ഒരു നിരതന്നെ മത്തായി 22-ാം അധ്യായത്തിൽ നാം കാണുന്നു. മത്തായി 22:15-22 ൽ ഫരിസേയരും ഹേറോദിയരും, 22:23-33 ൽ സദുക്കായരും, 22:34-40 ൽ ഫരിസേയരും യേശുവിനെ വാക്കിൽ കുടുക്കാനും പരീക്ഷിക്കാനും വരുന്നതായി നാം കാണുന്നു. 15-ാം തിരുവചനത്തിൽ "വാക്കിൽ കുടുക്കുക" എന്നതിനുപയോഗിച്ചിരുന്ന ഗ്രീക്കുപദം 'പിഗിദെവുവോ' എന്നാണ്. ഇതിനർഥം 'ഇരപിടിക്കുക, വേട്ടയാടുക' എന്നാണ്. യേശുവിനെ വളഞ്ഞാക്രമിച്ച് കീഴടക്കുവാൻ ശ്രമിക്കുന്ന ഫരിസേയരേയും കൂട്ടരെയും ഇവിടെ നാം കാണുന്നു. സീസറിന് നികുതി കൊടുക്കുന്നത് നിയമാനുസൃതമാണോ എന്നതായിരുന്നു അവരുടെ ചോദ്യം. നികുതി നൽകുന്ന ദനാറ കാണിച്ചുകൊണ്ട് സീസറിനുള്ളത് സീസറിനും ദൈവത്തിനുള്ളത് ദൈവത്തിനും നൽകാൻ യേശു ആവശ്യപ്പെടുന്നു. അങ്ങനെ യേശുവിനെ കുടുക്കാൻ വന്നവർ വിസ്മയഭരിതരായി അവനെ വിട്ടുപോയതായി തിരുവചനം സാക്ഷ്യപ്പെടുത്തുന്നു.

വചനസന്ദേശം

ഇന്നത്തെ സുവിശേഷഭാഗത്തിന്റെ കാതലായ സന്ദേശം സീസറിനുള്ളത് സീസറിനും, ദൈവത്തിനുള്ളത് ദൈവത്തിനും നൽകുകയെന്നതാണ്. നികുതി നാണയത്തിൽ സീസറിന്റെ രൂപവും ലിഖിതവുമുണ്ടായിരുന്നതുകൊണ്ടാണ് അത് സീസറിന് നൽകാൻ യേശു ആവശ്യപ്പെടുന്നത്. അങ്ങനെയെങ്കിൽ, ദൈവത്തിന്റെ രൂപത്തിലുള്ളത് ദൈവത്തിന് നൽകണമെങ്കിൽ, മനുഷ്യരായ നമ്മെ ഓരോരുത്തരെയുമാണ് ദൈവത്തിന് നൽകേണ്ടത്. കാരണം ദൈവത്തിന്റെ മുഖമുള്ളവനാണ് മനുഷ്യൻ. എപ്രകാരമാണ് ദൈവത്തിന് നമ്മളെ നൽകണമെന്ന് ചോദിച്ചാൽ, അതിനുള്ള ഉത്തരം തെളിഞ്ഞും ഒളിഞ്ഞും കിടക്കുന്നത് ഇന്നത്തെ സുവിശേഷത്തിലാണ്.

അദൃശ്യനായ പിതാവായ ദൈവത്തിന്റെ മുഖമാണ് ക്രിസ്തു. ക്രിസ്തു ആരായിരുന്നുവെന്നും എങ്ങനെയാണ് ഭൂമിയിൽ ജീവിച്ചതെന്നും ഇന്നത്തെ സുവിശേഷത്തിൽ വ്യക്തമാണ്. യേശു സത്യവാനാണ്, മുഖം നോക്കാതെ നിർഭയനായി സംസാരിക്കുന്നു, ദൈവത്തിന്റെ വഴികൾ പഠിപ്പിക്കുന്നു, ജീവിക്കുന്നു (മത്തായി 22:16). ദൈവത്തിന്റെ മുഖമുള്ള നമ്മളും ക്രിസ്തുവിനെപ്പോലെയാകേണ്ടവരാണ്.

a) സത്യവാനായ ക്രിസ്തു

യേശു സത്യം പറയുന്നവനും പഠിപ്പിക്കുന്നവനും പ്രവർത്തിക്കുന്നവനുമാണെന്ന് വിരോധികൾതന്നെ പറയുന്നു. സത്യം പറയുന്നവന്റെ മുമ്പിൽ സ്വർഗത്തിലേക്കുള്ള വഴി തുറന്നു കിടക്കുന്നു. വഴിയും സത്യവും ജീവനും ഞാൻതന്നെയാണെന്നും (യോഹ 14:16), സത്യത്തിന് സാക്ഷ്യം നൽകാനാണ് താൻ വന്നതെന്നും (യോഹ 18:37) യേശു പറയുന്നു. സത്യം പറയുന്നവൻ മുഖസ്തുതി പറയുന്നില്ല, കപടത കാണിക്കുന്നില്ല, നുണപറയുന്നുമില്ല. ദൈവത്തിന് സ്വന്തമായ നമ്മളും സത്യസന്ധമായ ജീവിതം നയിക്കുന്നവരായിരിക്കണം. യഥാർഥ സത്യമായ ക്രിസ്തുവിനുവേണ്ടി ജീവിതം സമർപ്പിച്ച വിശുദ്ധരായിരിക്കണം നമ്മുടെ മാതൃക. അന്നദിന ജീവിതത്തിൽ സത്യം പറയുന്നവരാകുമ്പോൾ ചിലതൊക്കെ നഷ്ടപ്പെട്ടുവെന്നുവരാം. എന്നാൽ അത് നമുക്ക് നേടിത്തരുന്നത് ദൈവത്തെയാണ്. നുണ പറയുന്നത് പിശാചാണ്. ഉത്പത്തിയിലെ നിത്യനുണയനായ പിശാചാണ് മനുഷ്യന്റെ ശത്രു. നുണ പറയുന്നവൻ പിശാചിനു സ്വന്തമായിത്തീരുന്നു. ആയതിനാൽ സത്യം പറയാം, പഠിപ്പിക്കാം, ജീവിക്കാം, ദൈവത്തിന് സ്വന്തമായിത്തീരാം.

b) മുഖം നോക്കാത്തവനായ (പക്ഷം ചേരാത്തവനായ) ക്രിസ്തു

ഹേറോദേസിന്റെയും സീസറിന്റെയും പക്ഷം ചേർന്നവർ യേശുവിന്റെയടുത്തുവന്ന് യേശു ആരുടെയും പക്ഷത്തുള്ളവനല്ലായെന്ന് പറയുന്നു. വീണ്ടും വിരോധികൾതന്നെ യേശു ആരാണെന്ന് വെളിപ്പെടുത്തുന്നു. ദൈവത്തിന് പക്ഷപാതമില്ലായെന്ന് ക്രിസ്തുശിഷ്യനായ പത്രോസും പറയുന്നു (അപ്പ 10:34). പക്ഷപാതമില്ലാത്ത പിതാവായ ദൈവത്തെ പുത്രനായ യേശു അനുഗമിക്കുന്നു. അവനെ അനുഗമിക്കാൻ നമ്മെ ക്ഷണിക്കുന്നു. നമ്മുടെ അന്നദിന ജീവിതത്തിൽ മുൻവിധികളില്ലാതെ, നമ്മുടെ താത്പര്യത്തിനും സ്വാധീനത്തിനും ബന്ധങ്ങൾക്കുമനുസരിച്ച് പക്ഷം ചേരുന്നവരാകാതെ വി. ഗ്രന്ഥവും സഭയും പഠിപ്പിക്കുന്ന വിശ്വാസ സത്യങ്ങളിൽ ഉറച്ചുനിന്ന് നിർഭയരായി സംസാരിക്കാനും തീരുമാനങ്ങളെടുക്കാനും നമുക്ക് കഴിയണം.

c) ദൈവിക വഴികൾ പഠിപ്പിക്കുന്ന ക്രിസ്തു

ദൈവത്തിന്റെ വഴികൾ പഠിപ്പിക്കുന്നവനായാണ് ക്രിസ്തുവിനെ വിരോധികൾ ചൂണ്ടിക്കാണിക്കുക. യഹൂദ സംസ്കാരത്തിൽ ദൈവത്തിന്റെ വഴികൾ (ഹെബ്രായ ഭാഷയിൽ 'ഹലാക്കാഹ്') എന്നാൽ യഹൂദരുടെ മതപരമായ ആചാരങ്ങളെയും അന്നദിന ജീവിതത്തെയും പെരുമാറ്റത്തെയും നിയന്ത്രിക്കുന്നതിനായി വി. ഗ്രന്ഥത്തിന്റെ രൂപീകരണംമുതൽ പരിണമിച്ച നിയമങ്ങളുടെയും ആചാരങ്ങളുടെയും ആകെത്തുകയാണ്. യഹോവയായ ദൈവം ജനങ്ങളിൽ നി

ന്നാവശ്യപ്പെടുന്നതാണ് ഹലാക്കാഹ്. ഇവ പ്രാവർത്തികമാക്കാൻ ജനങ്ങളെ ഒരുക്കുന്നവനായാണ് യേശുവിനെ സുവിശേഷത്തിൽ അവതരിപ്പിക്കുക. ദൈവത്തിന്റെ മുഖമുള്ള നമ്മളോരോരുത്തരും നമ്മുടെ അന്നദിന ജീവിതത്തിലും പെരുമാറ്റത്തിലും ആചാരങ്ങളിലും ഈ വഴികളിൽ നടക്കേണ്ടവരാണ്. ഈ വഴികളുടെ ലക്ഷ്യം ദൈവത്തിലെത്തുകയെന്നതാണ്.

ദൈവത്തിന്റെ മുഖമാണ് ക്രിസ്തു. ആ മുഖം ഒരിക്കലും അവൻ നഷ്ടപ്പെടുത്തിയില്ല. നമ്മളിലുമുള്ളത് ദൈവത്തിന്റെ മുഖമാണ്. അത് നഷ്ടപ്പെടുത്താതെ സൂക്ഷിക്കേണ്ട കടമ ഓരോ ക്രൈസ്തവനുമുണ്ട്. ദൈവത്തിന്റെ മുഖം നഷ്ടപ്പെട്ടവനിൽ കപടതയുണ്ടാകുന്നു, വാക്കുകൾ പൊള്ളത്തരമാകുന്നു, ആത്മാർഥത നഷ്ടമാവുന്നു, നന്മയനായിത്തീരുന്നു, അടിമത്തത്തിന്റെ മുഖം സ്വീകരിക്കുന്നു. ദൈവത്തിന് നാം നൽകേണ്ടത് അവിടന്ന് നമ്മിൽ ആലേഖനം ചെയ്ത, പതിച്ചു നൽകിയ വിശുദ്ധമായ അവിടത്തെ മുഖമാണ്. അതിനുവേണ്ടി സത്യംപറയുന്ന, പക്ഷപാതമില്ലാത്ത, ദൈവിക വഴികളനുസരിച്ച് ജീവിക്കുന്നവരായി നമുക്കു മാറാം.

നിന്നോളം അപരനെ സ്നേഹിക്കുക

ആണ്ടുവട്ടം 30-ാം ഞായർ (ഒക്ടോ 25)
പുറ 22:20-27 1 തെസ 1: 5-10,
മത്താ 22:34-402

ഫാ. മനീഷ്

'സ്നേഹം' പറഞ്ഞും പ്രയോഗിച്ചും വ്യാഖ്യാനിച്ചും കാലങ്ങൾ കടന്നുപോയിട്ടും ചിലപ്പോൾ എന്തെങ്കിലും നിറം മങ്ങിപ്പോയിട്ടും വീണ്ടും ജ്വലിക്കുന്ന അഗ്നി. മാനവ ഹൃദയങ്ങൾ കാത്തിരിക്കുന്ന ഭാവം. സ്നേഹമാണോ ക്ഷമയാണോ ഏറെ പ്രാധാന്യം അർഹിക്കുന്നത് എന്ന് ചോദിച്ചാൽ സ്നേഹമില്ലാതെ ക്ഷമിക്കാൻ കഴിയില്ല എന്നതന്നെ പറയേണ്ടിവരും.

ഇന്നത്തെ സുവിശേഷത്തിൽ ക്രിസ്തുനാഥനെ പരീക്ഷിക്കുവാൻ ഫരിസേയർ ഒരുമിച്ചുകൂടുന്നു. ക്രിസ്തുനാഥനെ ജനമധ്യത്തിൽ പരാജയപ്പെടുത്തുകയാണ് ലക്ഷ്യം. ഒരു യഹൂദന്റെ ജീവിതത്തിൽ 365 ചെയ്യാൻ പാടില്ലാത്ത കാര്യങ്ങൾ 248 ചെയ്യേണ്ടുന്ന കാര്യങ്ങളും ചേർന്ന് 613 നിയമകല്പനകൾ നിറഞ്ഞുനിൽക്കുമ്പോൾ നിയമത്തിലെ അതിപ്രധാനമായ കല്പന ഏതാണ് എന്ന്



ഒരു നിയമപണ്ഡിതൻ യേശുവിനോട് ചോദിക്കുന്നു. ക്രിസ്തുനാഥൻ തന്റെ പരീക്ഷണ ഘട്ടങ്ങളിലെല്ലാം ആശ്രയിക്കുന്നത് ദൈവവചനത്തിലാണ്. ഇവിടെയും യേശുനാഥൻ നൽകുന്ന മറുപടി നിയമാവർത്തനം 6:5, ലേവ്യർ 19.18 എന്നീ തിരുവചനങ്ങളാണ്. അങ്ങയുടെ വചനം എന്റെ പാദത്തിനുവിളക്കും പാതയിൽ പ്രകാശവുമാണ് (സങ്കീ 119:105) എന്ന വചനം ക്രിസ്തുനാഥൻ ജീവിതംകൊണ്ട് നമുക്ക് മാതൃകയാകുന്നു.

1. നിന്റെ ദൈവമായ കർത്താവിനെ പൂർണമായി സ്നേഹിക്കുക

സൃഷ്ടിയും സ്രഷ്ടാവും തമ്മിലുള്ള ബന്ധമാണ് പ്രതിപാദിക്കുന്നത്. ആദ്യം ദൈവം നമ്മെ സ്നേഹിച്ചു (1. യോഹ 4:19) അവിടുന്ന് തന്റെ ഛായയും സാദൃശ്യവും (ഉത്പ 1:29) നൽകി മനുഷ്യനെ സൃഷ്ടിച്ചു! ഇതാണ് ദൈവത്തിന്റെ ആദ്യ സ്നേഹം. വീണ്ടും വചനം പറയുന്നു; അവിടന്ന് നമ്മെ സ്നേഹിക്കുകയും നമ്മുടെ പാപങ്ങൾക്ക് പരിഹാരബലിയായി സ്വപുത്രനെ അയയ്ക്കുകയും ചെയ്തു. (11 യോഹ 4:10) തന്നെയും പുത്രനെയും പൂർണമായും നൽകി ദൈവം മനുഷ്യരാശിയെ സ്നേഹിച്ചപോലെ നമുക്ക് തിരികെ സ്നേഹിക്കുവാൻ സാധിക്കുമോ? പൂർണതയിലേക്ക് അവിടന്ന് നമ്മെ ക്ഷണിക്കുമ്പോൾ ഹൃദയവും മനസ്സും ആത്മാവും കളങ്കമില്ലാതെ കാത്തുസൂക്ഷിക്കുവാൻ ദൈവത്തിന് പ്രീതികരമായ ബലിയാക്കിമാറ്റുവാൻ നമ്മൾ വിളിക്കപ്പെട്ടിരിക്കുന്നു.

2. നിന്നെപ്പോലെ സ്നേഹിക്കുക

ഞാൻ എന്ന ഭാവത്തെ നമ്മുടെ ജീവിതത്തിൽ എത്രമാത്രം നമ്മൾ പരിപോഷിപ്പിക്കും സ്നേഹിക്കും ക്ഷമിക്കും, അതുപോലെ അപരനേയും സ്നേഹിക്കുക. നമ്മുടെ കരുത്തും ബലഹീനതകളും വ്യക്തമായി നമ്മൾ തിരിച്ചറിയുന്നതുപോലെ അപരന്റേതും മനസ്സിലാക്കുക എന്ന് അർത്ഥം. അപരന്റെ വീക്ഷണത്തിലൂടെ കാര്യങ്ങളെ കാണുവാൻ, ഗ്രഹിക്കുവാൻ പരിശ്രമിക്കുക. ജനസമൂഹത്തിൽ നമ്മുടെ പേരിനും പ്രശസ്തിക്കും വേണ്ടി ചെയ്യുന്നതെല്ലാം മറ്റുള്ളവരെ വേദനിപ്പിച്ചോ തരംതാഴ്ത്തിയോ ആകാതിരിക്കട്ടെ. 'ഞങ്ങളോട് തെറ്റ് ചെയ്യുന്നവരോട് ഞങ്ങൾ ക്ഷമിക്കുന്നതുപോലെ' എന്ന് നാം അന്നദിനം പ്രാർത്ഥിക്കുന്നത് അർത്ഥമറിഞ്ഞാകട്ടെ.

3. നിന്റെ അയൽക്കാരനേയും സ്നേഹിക്കുക

ക്രിസ്തുനാഥൻ ഇവിടെ മറ്റുള്ളവരെ അയൽക്കാരൻ എന്നാണ് വിശേഷിപ്പിക്കുക. അതായത് നിന്റെ സമീപത്ത് താമസിക്കുന്നവർ. എത്രയൊക്കെ അകറ്റിമാറ്റിനിർത്തിയാലും അത്യാവശ്യഘട്ടത്തിൽ ഉപകരിക്കുന്നവർ അയൽക്കാരാണ്. അവരെ സ്നേഹിക്കുക എന്നാണ് കല്പന. ആരും നമുക്ക് അന്യരല്ല. ഇന്നത്തെ ഒന്നാം വായനയിൽ പരദേശിയെക്കുറിച്ചും വിധവയെക്കുറിച്ചും അനാഥരെക്കുറിച്ചും ദരിദ്രരെക്കുറിച്ചും പറയുന്നതും നമ്മുടെ സംരക്ഷണം അവർക്കും ലഭ്യമാക്കണം എന്ന അർത്ഥത്തിലാണ്.

ഒരു ഉത്തരം ആഗ്രഹിച്ച് ചോദ്യം ചോദിച്ചവനോട് കർത്താവ് രണ്ട് ഉത്തരം നൽകുന്നു. അതിൽ സർവ നിയമങ്ങളും അടങ്ങിയിരിക്കുന്ന ദൈവത്തെയും അപരനേയും സ്നേഹിച്ചുകൊണ്ട് സ്നേഹത്തിന്റെ പുതുമാതൃകയാകാം. ●

നേർക്കാഴ്ച
ജെ. സി.



കേരളം വലിയ വരൾച്ചയിലേക്ക്?

ഭൂഗർഭ ജലനിരപ്പ് താഴുമെന്നും ചൂട് വലിയതോതിൽ വർധിച്ചേയ്ക്കുമെന്നും എൽനിനോ ശക്തി പ്രാപിക്കുകയാണെന്നും നവംബർ മുതൽ ജനുവരി വരെയുള്ള ഇന്ത്യൻ നാഷണൽ സെന്റർ ഫോർ ഓഷ്യൻ ഇൻഫർമേഷൻ സർവീസസിന്റെ വിശകലനം.

സെപ്റ്റംബർ 30 വരെയാണ് തെക്ക് പടിഞ്ഞാറൻ കാലവർഷം (ഇടവപ്പാതി). എന്നാൽ മഴ ഈ മാസം ചില ദിവസങ്ങളിൽ പെയ്തതല്ലാതെ കാര്യമായ തോതിൽ പ്രതീക്ഷിച്ചവിധം ഉണ്ടായില്ലെന്നാണ് കാലാവസ്ഥ വിദഗ്ദരുടെ വിശകലനം. കാലവർഷത്തിൽ ഇതുവരെ പെയ്യേണ്ടിയിരുന്നത് 1806.4 മില്ലീ മീറ്റർ മഴയാണ്. പെയ്തതാകട്ടെ 1371.6 മില്ലിമീറ്റർ - 24 ശതമാനം കുറവ്. മഴക്കാലമെന്നാണ് വയ്പെങ്കിലും ചൂടിൽ വെന്തുരുകുകയാണ് കേരളം ഇപ്പോൾ. മഴക്കുറവിനുപുറമേ മേഘാവരണം കുറഞ്ഞതും വർധിക്കുന്ന സൂര്യവികിരണവും അന്തരീക്ഷത്തിലെ ഉയർന്ന ഈർപ്പവുമൊക്കെ ചൂടുകൂടാൻ കാരണങ്ങളാണ്. കൊല്ലം ജില്ലയിലെ പുനലൂരിൽ ഇക്കഴിഞ്ഞ ദിവസങ്ങളിൽ കൂടിയ താപനില 26.2 ഡിഗ്രി സെൽഷ്യസാണ്. പാലക്കാട് മുണ്ടൂരിൽ 35 ഡിഗ്രി സെൽഷ്യസും. കൊട്ടം ചൂട് സൂര്യാഘാതത്തിനും മറ്റ് ആരോഗ്യപ്രശ്നങ്ങൾക്കും കാരണമാകും.

ഇന്ത്യൻ മഹാസമുദ്രത്തിലൂടെ വീശുന്ന മൺസൂൺകാറ്റുകൾ കൊണ്ടുവരുന്ന കാലവർഷത്തിന്റെ പ്രവേശന കവാടമാണ് കേരളം. കേരളത്തിലെ വാർഷികമഴയുടെ 70 ശതമാനവും ലഭിക്കുന്നത് തെക്കുപടിഞ്ഞാറൻ കാലവർഷത്തിലാണ്. ഇത്തവണ 'എൽനിനോ' പ്രശ്നമാണ്. ശാന്തസമുദ്രത്തിൽ ഭൂമധ്യരേഖയോടു ചേർന്നു കിടക്കുന്ന ഉപരിതല ജലത്തിലെ താപനിലയിലുണ്ടാകുന്ന വ്യതിയാനങ്ങളാണ് ആഗോള കാലാവസ്ഥയെ ബാധിക്കുന്ന 'എൽനിനോ'യ്ക്ക് കാരണം. കഴിഞ്ഞ എഴുപത്തിയഞ്ചു കൊല്ലത്തിനിടെ പതിനേഴ് തവണ 'എൽനിനോ' രൂപപ്പെട്ടതായാണ് കാലാവസ്ഥാചരിത്രം. ഇതിൽ പകുതിയിലേറെ കൊല്ലങ്ങളിലും ഇന്ത്യയിൽ കാലവർഷം കുറഞ്ഞു. കാലവർഷം കഴിയുന്നതോടെ കേരളം വലിയ വരൾച്ചയിലേക്ക് പോകാനുള്ള സാധ്യത നിലനിൽക്കുന്നു. ഭൂഗർഭ ജലനിരപ്പ് താഴുമെന്നും ചൂട് വലിയതോതിൽ വർധിച്ചേയ്ക്കുമെന്നും എൽനിനോ ശക്തി പ്രാപിക്കുകയാണെന്നും നവംബർ മുതൽ ജനുവരി വരെയുള്ള ഇന്ത്യൻ നാഷണൽ സെന്റർ ഫോർ ഓഷ്യൻ ഇൻഫർമേഷൻ സർവീസസിന്റെ വിശകലനം. കടൽ ചൂടാകുമ്പോൾ കൂടുതൽ നീരാവി രൂപപ്പെട്ട് കൂമ്പാര മേഘങ്ങളായി അത് ചിലയിടങ്ങൾ കേന്ദ്രീകരിച്ച് അതിതീവ്ര മഴപെയ്യിക്കാനും ഇടയുണ്ട്. സങ്കീർണമായ അവസ്ഥാവിശേഷണമാണത്.

ചൂട് കൂടുന്നത് പകർച്ചവ്യാധികൾ കൂടാനും കാരണമാകുമെന്ന് ആരോഗ്യ വിദഗ്ദർ പറയുന്നു. കേരളത്തിലെ ഉയർന്ന താപനിലയിൽ പ്രത്യേക ജാഗ്രത വേണ്ടത് ഡെങ്കിപ്പനിയുടെ കാര്യത്തിലാണ്. ഡെങ്കിപ്പനി പരത്തുന്ന കൊതുകുകൾ പെരുകാനിടയുള്ളതാണ് കാരണം. ചിക്കൻഗുനിയായുടെ കാര്യത്തിലും സമാനമായ സാഹചര്യമുണ്ടാകാം. കഠിനമായ ഉഷ്ണം ആളുകളുടെ മാനസികാരോഗ്യത്തെ ബാധിക്കുന്ന സാഹചര്യവും ഉണ്ടായേക്കും. കേരളത്തിന്റെ കഴിഞ്ഞകാലത്തെ അനുഭവങ്ങൾ നാം മറക്കരുത്. കൂടാതെ, പവർകട്ട് എന്ന കാര്യവും.

വരാൻപോകുന്ന വരൾച്ചക്കാലത്തെ നേരിടാനുള്ള ആസൂത്രണത്തിലാണ് ശ്രദ്ധപതിയേണ്ടത്. കാലാവസ്ഥാവ്യതിയാനത്തിന്റെ ദൃഷ്യങ്ങളെ ചെറുക്കാൻ പ്രാദേശിക ഭരണകൂടങ്ങളും സന്നദ്ധസംഘടനകളും സഭാസംവിധാനങ്ങളും പൊതുസമൂഹവും ഒരുമിച്ച് പ്രവർത്തിക്കേണ്ടിവരും. ഈ വെല്ലുവിളി നേരിടാൻ നമുക്കാവണം. •

JUBILEE MEMORIAL HOSPITAL

LATIN ARCHDIOCESE OF TRIVANDRUM

1987 - 2027

JUBILEE MEMORIAL HOSPITAL

Care that heals, Love that cares

- JOINT SURGERY
- SPORTS MEDICINE
- BIRTH SUITE
- NEONATAL ICU
- BLOOD CENTER
- ROBOTIC SURGERY
- ENDOSCOPIC PROCEDURES
- 24X7 EMERGENCY & CCU SERVICES



JUBILEE HOME CARE

95678 44744

Promotion of life through health care with love.

Jubilee Memorial Hospital, Meads Lane, Palayam Trivandrum 695034, Kerala

jubileetrivandrum@gmail.com, jubileehospital@hotmail.com

www.jubileehospital.org

Pub. Date: 01.10.2026
REGD. NO. KL/TV(S)266/2024-26 | RNI Registered No. 36056/81
Licenced to post without pre-payment KL/TV(S)/WPP/171/2024-26
JEEVANUM VELICHAVUM
Total Pages 44
Rs. 30/-



Printed and Published by Fr. Eugine H. Pereira the Archdiocese of Trivandrum, Printed at Jeevajyothi Offset Press Vellayambalam, TVM- 695003. Phone: 0471-2311620. Published at Trivandrum, Animation Centre, Vellayambalam - 695003
Editor: Fr. Prabal Joseph Perera